

# അൽഫസ്ൽ

പുസ്തകം 20 | ലക്കം 8 | ആഗസ്റ്റ് 2012 | സുഹൂർ 1391 | റമദാൻ – ശവ്വാൽ 1433

## വഖ്ഫെ ജദീദ്

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) നടപ്പിലാക്കിയ പദ്ധതിയാണ് വഖ്ഫെ ജദീദ്. 1957 ലാണ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഇതിന് അടിത്തറയിട്ടത്. പാക്കിസ്ഥാനിലെ അഹ്മദികൾക്ക് വേണ്ടി മാത്രമുള്ള പദ്ധതിയായിരുന്നു. പാക്കിസ്ഥാനു പുറത്തുള്ള അഹ്മദികളിൽ നിന്നാരെങ്കിലും സ്വയം ഇച്ഛയാൽ അതിൽ പങ്കാളിയാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഭാഗഭാക്കാകാമായിരുന്നു. വഖ്ഫെ ജദീദിന്റെ ചന്ദ നൽകുക എന്ന് പ്രത്യേകിച്ച് ആഹ്വാനം ചെയ്യാറില്ലായിരുന്നു. ഇത് നടപ്പിലാക്കിയ സമയത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ന്റെ ദൃഷ്ടിയിൽ പാക്കിസ്ഥാനിലെ ജമാഅത്തുകൾക്കായി രണ്ട് ലക്ഷ്യമായിരുന്നു ഉണ്ടായിരുന്നത്. അദ്ദേഹം വഖ്ഫെ ജദീദിന്റെ ഈ അഞ്ചുമൻ സ്ഥാപിച്ചപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)യെ മെമ്പറാക്കി. അദ്ദേഹത്തിനു നൽകിയ നിർദ്ദേശങ്ങൾ പ്രത്യേകിച്ച് രണ്ടു കാര്യങ്ങളിൽ ഊന്നൽ നൽകുന്നതിനായിരുന്നു. ഒന്ന് വളരെയധികം ദൗർബല്യം കാണപ്പെടുന്ന പാക്കിസ്ഥാനിലെ ഗ്രാമീണ ജമാഅത്തുകളുടെ ശിക്ഷണത്തിലേക്ക് ശ്രദ്ധിക്കുക.

രണ്ട്, അമുസ്‌ലിംകളിൽ ഇസ്‌ലാമിനെ പ്രചരിപ്പിക്കുന്ന ജോലി. പ്രത്യേകിച്ച് സിന്ദ് പ്രദേശത്ത് ഭൂരിപക്ഷം അമുസ്‌ലിംകളായിരുന്നു. ഗ്രാമീണ ജമാഅത്തുകളിൽ പ്രത്യേകിച്ച് കുട്ടികളിൽ ശിക്ഷണം കുറവാണെന്ന കാര്യത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) വളരെ ചിന്താകുലനായിരുന്നു. ജമാഅത്തംഗങ്ങളിൽ ഭൂരിഭാഗവും ഗ്രാമങ്ങളിൽ വസിക്കുന്നവരാണ്. അവരുടെ ശിക്ഷണത്തിൽ ന്യൂനത ഉണ്ടായാൽ പിന്നെ ഭാവിയിൽ ധാരാളം തിന്മകൾ ഉടലെടുക്കുന്നതുമാണ്.




2 വഖ്ഫെ ജദീദ് അനുഗ്രഹങ്ങൾ, മധുരഫലങ്ങൾ

5 ദൈവമാർഗത്തിലെ കടം

7 സുരക്ഷിതമായ ധനം

9 സത്യത്തിന്റെ ആത്മാവ്

13 സ്വീകരിക്കപ്പെടുന്ന പ്രാർത്ഥനയുടെ അടയാളങ്ങൾ

14 അഹ്മദി സ്ത്രീകളുടെ സാമ്പത്തിക ത്യാഗങ്ങൾ

15 എന്തുകൊണ്ടാണ് ഇസ്‌ലാമിൽ പലിശ നിരോധിച്ചത്?

18 ലൂത്ത് നബിയുടെ പ്രപ്പോസൽ! യാഥാർഥ്യമെന്ത്?

22 വഖ്ഫെ ജദീദ് ചില ചരിത്ര യാഥാർഥ്യങ്ങൾ

# വഖ്ഫെ ജദീദ്
# അനുഗ്രഹങ്ങൾ, മധുരഫലങ്ങൾ

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

സിന്ദിലെ അമുസ്‌ലിംകളുടെ മേഖലകളിൽ തബ്‌ലീഗ് ആരംഭിക്കാൻ കഴിഞ്ഞു. അവിടുത്തെ മരുപ്രദേശങ്ങളിൽ താമസിച്ചിരുന്ന അവർ മഴയില്ലാത്ത കാരണത്താൽ തൊഴിലിനായി സിന്ദിലെ ജനവാസ സ്ഥലങ്ങളിൽ വരാറുണ്ടായിരുന്നു. ഇവിടുത്തെ മുസ്‌ലിംകളുടെ മോശമായ പെരുമാറ്റത്താൽ അവർ ഇസ്‌ലാമിന്റെ പേര് കേൾക്കുമ്പോൾ തന്നെ ഭയക്കുമായിരുന്നു. ദാരിദ്ര്യം പാരമ്യതയിലായിരുന്നു. അവർക്ക് ധാരാളം ഭൂമിയുണ്ടായിരുന്നു. എന്നാൽ വെള്ളമില്ലാത്ത കാരണത്താൽ അത് ഒന്നിനും ഉപകരിക്കില്ലായിരുന്നു. മറ്റ് യാതൊരു വരുമാനവും ഉണ്ടായിരുന്നില്ല. ഈ അവസ്ഥ കാരണത്താലായിരുന്നു അവർ മുസ്‌ലിംകളുടെ അടുക്കൽ വന്നിരുന്നതും മുസ്‌ലിംകൾ അവരെ ബുദ്ധിമുട്ടിച്ചു കൊണ്ടിരുന്നതും. വളരെ കുറഞ്ഞ കൂലി മാത്രമായിരുന്നു നൽകിയിരുന്നത്. അവർ ചൂഷണം ചെയ്യപ്പെടുന്നു എന്ന് കണ്ട ക്രിസ്ത്യൻ മിഷനുകൾ അവർക്ക് സാമ്പത്തിക സഹായം നൽകാൻ തുടങ്ങി. അതോടൊപ്പം തബ്‌ലീഗു ചെയ്തും പ്രലോഭിപ്പിച്ചും ക്രിസ്തു മതത്തിലേക്ക് ആകർഷിച്ചു കൊണ്ടിരുന്നു. ആ കാലഘട്ടത്തിൽ വഖ്ഫെ ജദീദ് ചെയ്തത് അതിമഹത്തായ ഒരു സേവനമായിരുന്നു. അതിന്നും തുടരുന്നു. എതായാലും അല്ലാഹു അനുഗ്രഹിച്ച്, നീണ്ട വർഷങ്ങളിലെ പരിശ്രമത്തിനു ശേഷം ആ പ്രദേശങ്ങളിൽ അഹ്‌മദിയ്യത്ത് വളരാൻ തുടങ്ങി.

*(ഖുത്വുബ ജുമുഅ 12.01.2007)*

## കുട്ടികൾ ഭാവി താരങ്ങൾ

കുട്ടിക്കാലം മുതൽക്കു തന്നെ ചന്ദയുടെ ശീലം ഉണ്ടാകുന്ന കുട്ടികൾ ഭാവി തലമുറയുടെ ത്യാഗങ്ങളുടെ ജാമ്യക്കാരായിത്തീരുന്നു. അല്ലാഹു ആ ആത്മാവ് നമ്മുടെ കുട്ടികളിൽ വളർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. വഖ്ഫെ ജദീദിന്റെ ആഹ്വാനം മുഴുലോകത്തും നടപ്പിലായ ഈ കാലത്ത് കുട്ടികളും മാതാപിതാക്കളും വഖ്ഫെ ജദീദ് സെക്രട്ടറിമാരും ജമാഅത്ത് വ്യവസ്ഥിതിയും നാസിറാത്തിന്റേയും അത്വ്ഫാലിന്റേയും സംഘടനകളും ഇതിലേക്ക് പ്രത്യേക ശ്രദ്ധ പതിപ്പിക്കേതാണ്. കൂടുതൽ കൂടുതലായി കുട്ടികളെ വഖ്ഫെ ജദീദിൽ അംഗങ്ങളാക്കുക. കുട്ടികളെ ഇതിന്റെ പ്രാധാന്യത്തെ കുറിച്ച് ബോധവാന്മാരാക്കുക. ത്യാഗമനോഭാവം അവരിൽ സംജാതമാക്കുക. ഈ ഭൗതിക കാലഘട്ടത്തിൽ ഇത്തരത്തിലുള്ള ത്യാഗത്തിന് സന്നദ്ധരാകുന്ന കുട്ടികൾ, ഇത്തരത്തിലുള്ള ത്യാഗങ്ങൾ ചെയ്ത് വളരുന്ന കുട്ടികൾ ജമാഅത്തിന്റെ ഉത്തമ വ്യക്തിത്വങ്ങളായി മാറുക മാത്രമല്ല, പ്രത്യുത പ്രകാശിക്കുന്ന സ്വന്തം ഭാവിയുടെ ജാമ്യക്കാരായും മാറുന്നു. കളിതമാശകളിൽ നിന്നും, വ്യർത്ഥമായ കാര്യങ്ങളിൽ നിന്നും, അനാവശ്യകാര്യങ്ങളിൽ നിന്നും രക്ഷപ്പെട്ടു കൊണ്ട് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായി മാറും.

*(ഖുത്വുബ ജുമുഅ 04.01.2008)*

## ഒരു സ്വപ്നവും അതിന്റെ വ്യാഖ്യാനവും

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) 13,14 വർഷം മുമ്പ് വഖ്ഫെ ജദീദിന്റെ വിളംബരം നടത്തിയ സന്ദർഭത്തിൽ മൊറീഷ്യസിലെ നമ്മുടെ ഒരു വഖ്ഫെ സിന്ദഗിയായ ജഹാൻഗീർ സാഹിബിന്റെ ഒരു സ്വപ്നത്തെ കുറിച്ച് പരാമർശിച്ചിരുന്നു. അദ്ദേഹം കണ്ട സ്വപ്നം ഇതായിരുന്നു. ജമാഅത്ത് ഒരു മേശയുടെ രൂപത്തിലാണ്. അതിന് നാല് കാലുകളുണ്ട്. അതിന്റെ ഒരു കാല് വളരാൻ തുടങ്ങുന്നു. അത് വഖ്ഫെ ജദീദിന്റെ കാലായിരുന്നു. അപ്പോൾ മേശയുടെ സന്തുലനം നിലനിർത്തുന്നതിനായി തഹ്‌രീക് ജദീദിന്റെ കാലും വളരാൻ തുടങ്ങി. എന്നാൽ അതിന് വളരെ വേഗത്തിൽ വളർന്ന് കൊണ്ടിരിക്കുന്ന വഖ്ഫെ ജദീദിനൊപ്പം എത്താൻ കഴിയുന്നില്ല. പിന്നീട് ആ കാലിന് സംസാരശേഷി ലഭിച്ചു. അത് വഖ്ഫെ ജദീദിന്റെ കാലിനോട് പറയുന്നു, നിന്നോടൊപ്പം എനിക്ക് എത്താൻ കഴിയുന്നതിനായി വേഗം അല്പം കുറച്ചാലും. വഖ്ഫെ ജദീദിന്റെ കാല് മറുപടി പറയുന്നു, എന്റെ വേഗത കുറക്കുന്ന കാര്യത്തിൽ എനിക്ക് പ്രയാസമാണ്. കാരണം ഞാൻ വളരേണ്ടത് ഇതേ വേഗത്തിലാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഇത് സാമ്പത്തിക ത്യാഗത്തിന്റെ വേഗതയെന്നാണ് വ്യഖ്യാനിച്ചത്. ഈ വ്യഖ്യാനം നൽകിയതോടൊപ്പം ഇപ്രകാരം ദുആയും ചെയ്തു, ഈ വ്യാഖ്യാനം സത്യമാകട്ടെ. വഖ്ഫെ ജദീദിന്റെ കീഴിൽ വിശേഷിച്ച് പ്രവർത്തനങ്ങൾ നടക്കുന്ന മൂന്ന് രാഷ്ട്രങ്ങളിലും വിപ്ലവകരമായ മാറ്റം സംജാതമാകുകയും ജമാ അത്ത് ദ്രുതഗതിയിൽ അഭിവൃദ്ധിപ്പെടുകയും ചെയ്യട്ടെ.

*(ഖുത്വുബ ജുമുഅ 04.01.2008)*


## ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

വഖ്ഫെ ജദീദിന്റെ രൂപീകരണത്തിന്റെ അടിസ്ഥാന ലക്ഷ്യം, ഗ്രാമീണ ജമാഅത്തുകളുടെ ശിക്ഷണവും സംസ്കരണവുമാണ്. അവരുടെ പ്രയാണത്തെ പുരോഗതിയിലേക്ക് നയിക്കണം. അഹ്‌മദിയ്യത്ത് ഇസ്‌ലാമിന്റെ പുനരുദ്ധാരണത്തിനുള്ള പദ്ധതിയാണ്. അതേപ്രകാരം വഖ്ഫെ ജദീദ് അഹ്‌മദിയ്യത്തിന്റെ പുനരുദ്ധാരണത്തിനുള്ള ഒരു പദ്ധതിയാകുന്നു. അതിന്റെ കീഴിൽ ഗ്രാമീണ മേഖലകളിലെ അഹ്‌മദികളുടെ മതപരവും ആത്മീയവും ധാർമികവുമായ മൂല്യങ്ങളെ ഇസ്‌ലാമിക നിലവാരമനുസരിച്ച് ഉയർത്തിക്കൊണ്ട് പോകുക എന്ന അതിമഹത്തായ ജോലിയാണ് നിർവഹിക്കപ്പെടേണ്ടത്. അതായത് ഇതിന്റെ ലക്ഷ്യം, പ്രത്യേകിച്ച് സാക്ഷരതയിലുള്ള കുറവോ അല്ലെങ്കിൽ കേന്ദ്രത്തിന്റെ ദൃഷ്ടിയിൽ നിന്ന് മറഞ്ഞിരിക്കുന്ന കാരണത്താലോ കാലഘട്ടത്തിൽ നിന്നും അകന്നുപോകാൻ സാധ്യതയുള്ള മേഖലകളുടെ മേൽനോട്ടം വഹിക്കുകയും അവരുടെ ശിക്ഷണത്തിനും അദ്ധ്യാപനത്തിനുമുള്ള ഉത്തമമായ സുസ്ഥിര സംവിധാനങ്ങൾ ഏർപ്പെടുത്തി കൊടുക്കുക. അത് അവരെ ആത്മീയ ജീവിതം നിലനിർത്തുന്നതിന് അർഹരാക്കി തീർക്കുക മാത്രമല്ല പ്രത്യുത, അവരുടെ ജീവിതത്തിൽ അഭിവൃദ്ധിയും വളർച്ചയും പ്രദാനം ചെയ്യണം. ഗ്രാമങ്ങളിൽ വസിക്കുന്ന ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ആത്മീയ സന്താനങ്ങൾ പച്ചളിപ്പുള്ള ഉദ്യാനത്തെ പോലെ ആയിത്തീരണം....... ഈ അതിമഹത്തായ ലക്ഷ്യത്തെ പ്രാപിക്കുന്നതിനായി വഖ്ഫെ ജദീദ് അഞ്ചുമൻ അഹ്‌മദിയ്യ മുഴുവൻ ശക്തികളേയും പ്രാവർത്തികമാക്കി കൊണ്ട് ദിനരാത്രം പരിശ്രമത്തിലാണ്. ഇത് വളരെ മഹത്തായതും വിശാലവുമായ ജോലിയാണ്. എന്നാൽ അതിനുള്ള മാധ്യമം വളരെ കുറവും ദുർബലവുമാണ്. അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹമില്ലാതെ അതിനെ പൂർത്തിയാക്കുക അസംഭവ്യമായി കാണുന്നു.......അല്ലാഹുവിൽ തന്നെയാണ് ദൃഷ്ടികൾ.അവൻ തന്റെ പ്രത്യേക അനുഗ്രഹത്താൽ മലക്കുകളെ ഇറക്കട്ടെ. അവർ ജനഹൃദയങ്ങളെ ഈ സുപ്രധാന പദ്ധതിയിലേക്ക് അകർഷിക്കുകയും അവരുടെ ത്യാഗത്തിന്റെ വികാരാവേശത്തെ ഉത്തേജിപ്പിക്കുകയും ചെയ്യട്ടെ. അങ്ങിനെ നാം വീണ്ടും **യൻസുറുക രിജാലുൻ നൂഹീ ഇലൈഹിം മിനസ്സമാഅ്** എന്ന ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വെളിപാട് പൂർത്തിയാകുന്നതായി നാം നമ്മുടെ കണ്ണു കൊണ്ട് കാണുന്നവരാകട്ടെ. അതായത് (എഴുന്നേൽക്കുക എന്റെ ദാസന്റെ സഹായത്തിനായി മുന്നോട്ട് ഗമിക്കുക എന്ന്) ആകാശത്തു നിന്ന് നാം വെളിപാട് ഇറക്കുന്ന പൗരുഷമുള്ളവർ നിന്നെ സഹായിക്കുന്നതാണ്.....)

ചുരുക്കത്തിൽ വഖ്ഫെ ജദീദിന് ഇന്ന് യഥാർത്ഥ ഇസ്‌ലാം അഥവാ അഹ്‌മദിയ്യത്തിന് എന്തെങ്കിലും സേവനം ചെയ്യാൻ തൗഫീഖ് ലഭിക്കുന്നുവെങ്കിൽ അത് ഏതെങ്കിലും മനുഷ്യപ്രയത്നത്തിന്റേയോ തന്ത്രത്തിന്റേയോ ഫലമല്ല. മറിച്ച് അല്ലാഹുവിന്റെ അനുഗ്രഹത്തിന്റേയും ഔദാര്യത്തിന്റേയും ഫലമാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) നും അദ്ദേഹം നടപ്പിലാക്കിയ എല്ലാ പരിശുദ്ധ പദ്ധതികൾക്കും ലഭിച്ച ലഭിച്ചുകൊണ്ടിരിക്കുന്ന ഭാവിയിൽ ലഭിക്കുകയും ചെയ്യുന്ന ആകാശീയ സഹായങ്ങളുടെ ഒരു മിന്നലാണ്. അതേ ആകാശീയ ജലത്തിന്റെ ദൃഷ്ടാന്തത്താലാണ് ഹദ്റത്ത് മസീഹ് മൗഊദ് തന്റെ കണ്ണുനീരുകൊണ്ട് അല്ല രക്തം കൊണ്ട് സേചനം ചെയ്ത മുഹമ്മദ് അറബി (സ) യുടെ കൃഷിയിടങ്ങളെ വീണ്ടും പച്ചളിപ്പുള്ളതും അലയടിക്കുന്നതുമായി നാം കാണുന്നത്. ആത്മീയമായ ഒരു വിപ്ലവം സംജാതമായിക്കൊണ്ടിരിക്കുകയാണ്.... അതിനാൽ തങ്ങളുടെ നാഥന്റെ പക്കൽ സ്വീകാര്യം ലഭിച്ചു കൊണ്ടിരിക്കുന്ന സാമ്പത്തിക ജീവത്യാഗങ്ങൾ ചെയ്യുന്ന അല്ലയോ ആത്മാർത്ഥരായ അഹ്‌മദികളെ! അല്പം കൂടി മുന്നോട്ട് നീങ്ങുക. ഈ ത്യാഗങ്ങളുടെ ഗതിയെ അല്പം കൂടി വേഗത്തിലാക്കുക. (സവാനിഹ് ഫള്‌ലെ ഉമർ വാള്യം: 3)

# വഖ്ഫെ ജദീദിൽ ഭാഗഭാക്കാകുവിൻ!

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്)**



ജമാഅത്തിനു മുന്നിൽ നിർദ്ദേശങ്ങൾ വെക്കുക എന്നതാണ് ഇമാമിന്റെ ജോലി. പ്രസ്തുത നിർദ്ദേശങ്ങളെ പ്രവർത്തിപഥത്തിൽ കൊണ്ടുവരേണ്ട ജോലി ജമാഅത്തിന്റേതാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) എപ്പോഴും ചിന്തിച്ചു കൊണ്ടിരിക്കുന്ന വ്യക്തിയായിരുന്നു. ഹുസൂർ(റ) പ്രവർത്തനങ്ങളെ നല്ല നിലയിൽ നടത്തിക്കൊണ്ടു പോകുന്നതിനും അതിനെ മുന്നോട്ട് കൊണ്ടുപോകുന്നതിനുമായി പുതിയ പുതിയ പദ്ധതികൾ ജമാഅത്തിനു മുന്നിൽ വെക്കുകയും ജമാഅത്തിനെ അത് പ്രാവർത്തികമാക്കുന്നതിനായി സന്നദ്ധരാക്കുകയും ചെയ്തു. ശിക്ഷണവും വിദ്യാഭ്യാസവും പ്രചരണപരമായുള്ളതുമായ കടമകളെ പരിപൂർണ്ണമായ നിലയിൽ ജമാഅത്ത് നിറവേറ്റിയില്ല എന്ന് കണ്ടപ്പോൾ ഹുസൂർ(റ), താൻ തെറ്റുകൾ മറച്ചു വെക്കുകയാണെങ്കിൽ അല്ലാഹുവും തെറ്റുകളെ മറച്ചുവെക്കുന്നതാണ് എന്ന് കരുതി ജമാഅത്തിന് ഈ അശ്രദ്ധയെ കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിന് പകരമായി വഖ്ഫെ ജദീദ് എന്ന പേരിൽ പുതിയൊരു പദ്ധതി ആവിഷ്കരിക്കുകയാണുണ്ടായത്. അതിന് വളരെ സന്തോഷജനകമായ ഫലങ്ങളാണ് വെളിപ്പെട്ടത്.

*(പ്രഭാഷണം ജൽസ സാലാന 1965)*

## അഹ്മദി കുട്ടികളെ ഉണരുവിൻ!

ഇന്ന് ഞാൻ അഹ്മദി കുട്ടികളോട് അഭ്യർത്ഥിക്കുകയാണ്, അല്ലയോ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കുട്ടികളേ! എഴുന്നേൽക്കുക. മുന്നോട്ട് ഗമിക്കുക. നിങ്ങളുടെ മുതിർന്നവരുടെ അശ്രദ്ധയുടെ ഫലമായി വഖ്ഫെ ജദീദിന്റെ പ്രവർത്തനങ്ങളിൽ വന്നിട്ടുള്ള തടസ്സത്തെ ദൂരീകരിക്കുക. ഈ പദ്ധതിയുടെ പ്രവർത്തനങ്ങളിൽ വന്നിട്ടുള്ള ദൗർബല്യത്തെ അകറ്റുക. ഇന്നലെ മുതൽ ഞാൻ ഇതിനെ കുറിച്ചാണ് ചിന്തിച്ചത്. നമ്മുടെ സഹോദരിമാർ ചില പള്ളികളുടെ നിർമാണത്തിനായി ചന്ദ സ്വരുക്കൂട്ടുകയും മുഴുവൻ പ്രതിഫലവും പുരുഷന്മാരിൽ നിന്ന് അപഹരിച്ച് സ്വന്തം സഞ്ചി നിറക്കുന്നതു പോലെ, പള്ളി നിർമാണത്തിനായി സാമ്പത്തിക ത്യാഗം ചെയ്തുകൊണ്ട് പുണ്യം കരസ്ഥമാക്കുന്നതിൽ നിന്ന് തങ്ങളുടെ പിതാക്കന്മാരെയും,സഹോദരന്മാരേയും,ഭർത്താക്കന്മാരെയും, മറ്റ് ബന്ധുക്കളെയും അല്ലെങ്കിൽ മറ്റ് അഹ്മദി സഹോദരന്മാരെയും പിന്തള്ളുന്നത് പോലെ, അല്ലാഹു അഹ്മദി കുട്ടികൾക്ക് തൗഫീഖ് നൽകുകയാണെങ്കിൽ അഹ്മദിയ്യാ ജമാഅത്തിന്റെ കുട്ടികൾ വഖ്ഫെ ജദീദിന്റെ മുഴുവൻ ഭാരവും ഏറ്റെടുക്കണം....... ഞാനിന്ന് അത്ഫാലുൽ അഹ്മദിയ്യായോട് അഭ്യർത്ഥിക്കുകയാണ്, നിങ്ങളുടെ മുതിർന്നവരുടെ അശ്രദ്ധയാൽ ഈ പദ്ധതിയിൽ ഉണ്ടായിട്ടുള്ള കുറവിന്റെ മുഴുവൻ ഭാരവും നിങ്ങൾ ഏറ്റെടുക്കുക. 50000 രൂപ ഈ പദ്ധതിയിൽ സ്വരുക്കൂട്ടുക. അധികം കുടുംബങ്ങളിലുമുള്ള കുട്ടികൾക്ക് മാസത്തിൽ ഓന്നോ രണ്ടോ അണയിൽ കൂടുതൽ പൈസ ലഭിക്കുന്നില്ല എന്നത് വാസ്തവം തന്നെയാണ്. എന്നാൽ നമ്മുടെ ജമാഅത്തിലുള്ള ആയിരക്കണക്കിന് കുടുംബങ്ങളിലെ കുട്ടികൾ മാസത്തിൽ കുറഞ്ഞത് എട്ടണയോ അതിൽ കൂടുതലോ പാഴാക്കിക്കളയുന്നുണ്ട്. ചെറിയ കുട്ടികൾ ഉൽസാഹത്തോടെ പൈസ വാങ്ങുന്നു. അവർക്കതിന്റെ വില അറിയില്ല. അവർ പൈസ ആവശ്യപ്പെടുമ്പോൾ മാതാപിതാക്കൾ അവർക്ക് നൽകുന്നു. അതവർ എവിടെയെങ്കിലും പാഴാക്കുന്നു. മാതാക്കൾ ഇത്തരത്തിലുള്ള കുട്ടികളുടെ താൽകാലിക സന്തോഷത്തിനായുള്ള വസ്തുക്കൾ വാങ്ങുന്നതിനായി എപ്പോഴും ഒരണയോ രണ്ടണയോ നാലണയോ വാങ്ങി അതിൽ നിന്നും വഖ്ഫെ ജദീദിൽ നൽകുകയാണെങ്കിൽ അപ്രകാരം അവർക്കായി ശാശ്വത സന്തോഷങ്ങൾ കരസ്ഥമാക്കുന്നതിനുള്ള മാർഗം തയ്യാറാക്കുന്നതായിരിക്കും. അപ്പോൾ ആ മാതാക്കൾ തങ്ങളുടെ മക്കളുടെ കാര്യത്തിൽ വളരെ നല്ല മാതാക്കളായിത്തീരും.

*(ഖുത്വുബ ജുമുഅ 07.10.66)*

അസീസും റഹീമും ആയ അല്ലാഹുവിന്റെ അസ്തിത്വത്തിൽ മാത്രമേ മനുഷ്യന് യഥാർത്ഥ അർത്ഥത്തിൽ പരിപൂർണ്ണ മനസംതൃപ്തിയോടെ ഭരമേൽപിക്കാൻ സാധിക്കുകയുള്ളൂ. അതായത് എല്ലാത്തിനും കഴിവുള്ളതും തന്റെ മഹത്തായ കഴിവുകളാൽ തന്റെ ദാസർക്ക് മേൽ വീണ്ടും വീണ്ടും കാരുണ്യം ചൊരിയുന്നതുമായ അസ്തിത്വത്തിൽ. മനുഷ്യൻ തന്റെ ദൗർബല്യത്താൽ വീണ്ടും വീണ്ടും പശ്ചാത്തപിച്ചും മാപ്പിരന്നും കൊണ്ട് തന്റെ നാഥനിലേക്ക് ചായേണ്ടത് അനിവാര്യമാണ്. അവന്റെ ഈ ചായ്‌വ് നാവു കൊണ്ടുള്ളതു മാത്രമാകരുത് പ്രത്യുത, കർമങ്ങളിലൂടെയും പ്രകടമാകണം. അതായത്, വിശുദ്ധഖുർആൻ നൽകിയിട്ടുള്ള അദ്ധ്യാപനങ്ങൾക്ക് അനുഗുണമായിരിക്കണം നമ്മുടെ കർമങ്ങൾ. ഉദാഹരണമായി അല്ലാഹു പറയുന്നു, وَمِمَّا رَزَقْنٰهُمْ يُنْفِقُوْنَ (അൽബഖറ, 4) ഇതിൽ സമ്പത്തിനേയും പിന്നെ സമയത്തേയും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുക എന്നും അർത്ഥമുണ്ട്. ഇതു സംബന്ധമായുള്ള നബിതിരുമേനി(സ) യുടെ സഹാബാക്കളുടെ അതിമഹത്തായ മാതൃകകൾ നമ്മുടെ മുന്നിലുണ്ടായിരിക്കണം.....

നമ്മുടെ ജമാഅത്തിൽ ആഹ്വാനം ചെയ്യപ്പെടുന്ന എല്ലാ പദ്ധതികളുടേയും ഉദ്ദേശ്യം ദൈവിക ജ്ഞാനം കരസ്ഥമാക്കുകയും റസൂൽ തിരുമേനി (സ) യുടെ മഹത്വത്തെ ലോകത്ത് സ്ഥാപിക്കുകയും ചെയ്യുക എന്നതാണ്. അത്തരത്തിലുള്ള പദ്ധതികളിൽ ഒന്നാണ് വഖ്ഫെ ജദീദ്. ഈ പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യം, നമ്മുടെ ജമാഅത്തുകളിൽ എല്ലായിടത്തും നിത്യേനയുള്ള കാര്യങ്ങളിൽ വിശുദ്ധഖുർആന്റെ കല്പനകൾ പറഞ്ഞുകൊടുക്കുകയും ജനങ്ങൾക്ക് ശിക്ഷണം നൽകുകയും ചെയ്യുന്ന മുഅല്ലിമീംകൾ ഉണ്ടായിരിക്കുക എന്നതാണ്.

വഖ്ഫെ ജദീദിന്റെ മുഅല്ലിമീംകൾ മതിയായ എണ്ണത്തിൽ നമുക്ക് ലഭിക്കുന്നില്ല. വിശുദ്ധഖുർആന്റെ കല്പനകളെ പ്രാവർത്തികമാക്കുന്നതിന് ഹൃദയത്തിൽ ആവേശം ഉൾക്കൊള്ളുന്ന ആത്മാർത്ഥരായ അഹ്മദി മുഅല്ലിമീംകളെ നമുക്കാവശ്യമുണ്ട്. പിന്നീട് ആ മുഅല്ലിമീംകളുടെ ചിലവുകൾ പൂർത്തിയാക്കുന്നതിനായി നമുക്ക് ചന്ദയും ആവശ്യമാണ്. ഈ ചന്ദയിലെ ഒരു ഭാഗം ഞാൻ അഹ്മദി കുട്ടികളുടെ ശിക്ഷണത്തിനായി അവരെ ഉത്തരവാദപ്പെടുത്തിയിരുന്നു. തന്റെ പോക്കറ്റിൽ നിന്ന് സ്വപ്രേരണയാൽ സസന്തോഷം കുറച്ച് സംഖ്യ മാറ്റിവെച്ച് ഈ പദ്ധതിയിലേക്ക് സമർപ്പിക്കാത്ത ഒരു കുട്ടിയും ഉണ്ടാകരുതെന്നതാണ് ഞാൻ ആഗ്രഹിക്കുന്നത്.അവരെ കൂടാതെ മുതിർന്നവരും തങ്ങളുടെ കഴിവനുസരിച്ച് ചന്ദ വഖ്ഫെ ജദീദിൽ തീർച്ചയായും പങ്കാളികളാകേണ്ടതാണ്.

അല്ലാഹു നിങ്ങളുടെ സമ്പത്തിൽ ധാരാളം അനുഗ്രഹം ചൊരിയുകയും നിങ്ങളുടെ ത്യാഗത്തെ സ്വീകരിക്കുകയും അവന്റെ അനുഗ്രഹങ്ങൾക്ക് നിങ്ങളെ അവകാശികളാക്കട്ടെ എന്നും ഞാൻ ദുആ ചെയ്യുന്നു. ആമീൻ

(ഖുത്വുബ ജുമുഅ: 31.01.78)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ വഖ്ഫെ ജദീദ് വളരെ നല്ല പ്രവർത്തനമാണ് കാഴ്ച വെച്ചുകൊണ്ടിരിക്കുന്നത്. അവർ ചെയ്യുന്ന ഒരു ഹൃദയഹാരിയായ ജോലി അമുസ്‌ലിംകളിലും വിഗ്രഹാരാധകരിലും തബ്‌ലീഗ് ചെയ്യുന്നു എന്നതാണ്. പതുക്കെ പതുക്കെ ഈ വിഗ്രഹാരാധകരും, ഏകദൈവത്തിൽ വിശ്വസിക്കാത്തവരുമായ ഗോത്രങ്ങൾ ഏകനായ ദൈവത്തിലേക്ക് തിരിഞ്ഞു കൊണ്ടിരിക്കുകയാണ്. അവരിൽ നൂറുകണക്കിന് ആളുകൾ ഇസ്‌ലാമിലേക്ക് വന്നുകഴിഞ്ഞു. അയിരക്കണക്കിന് ആളുകൾ ഇസ്‌ലാമിന്റെ സത്യസാക്ഷ്യത്തെ കുറിച്ച് പഠിച്ചു കൊണ്ടിരിക്കുകയാണ്. സുഹൃത്തുക്കൾ ദുആ ചെയ്യുക. ഇസ്‌ലാമിന്റെ പ്രകാശം അവർക്കും ലഭിക്കുമാറാകട്ടെ.

(ഖുത്വുബ ജുമുഅ: 27.12.78)

# “വമിമ്മാ റസഖ്നാഹും യുൻഫിഖൂൻ”

## ഖാദിംകളോട്

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)




അതായത് അല്ലാഹു നൽകിയതിൽ നിന്നെല്ലാം ചെലവഴിക്കുക. അല്ലാഹു നൽകിയതിൽ ഒന്നാമത്തേത് വികാരം ആണ്. കുഞ്ഞുങ്ങൾക്ക് ബുദ്ധി ഉണ്ടാകുവാൻ തുടങ്ങുമ്പോൾ തന്നെ സ്നേഹവും, വെറുപ്പുമെല്ലാം അവർ മനസ്സിലാക്കാൻ തുടങ്ങുന്നു. സന്തോഷിക്കുകയും പിണങ്ങുകയും ചെയ്യുന്നു. മനുഷ്യൻ ജനിക്കുന്നതിന് മുമ്പേ തന്നെ അല്ലാഹു അവന് കണ്ണും, മൂക്കും, ചെവിയും, കൈയും, കാലുമെല്ലാം നൽകുന്നു. പിന്നീട് അവൻ വലുതാവുമ്പോൾ അവൻ അറിവും ശക്തിയും ലഭിക്കുന്നു. ഇവയിൽ നിന്നെല്ലാം തന്നെ കുറച്ച് ഭാഗം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കാനുള്ള കൽപ്പനയാണ്. ഇതിന്റെ വിശദീകരണത്തിലേക്ക് പോവുകയാണെങ്കിൽ ഒരുപാട് മണിക്കൂറുകൾ വേണ്ടി വരും. ഈ വിഷയത്തെ കുറിച്ച് 1000 പേജുള്ള പുസ്തകം തന്നെ എഴുതാൻ സാധിക്കുന്നതാണ്. എന്നാൽ ഇതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നവർ എത്ര പേരുണ്ട്. കുറച്ച് സദഖ നൽകിക്കൊണ്ട് തങ്ങൾ ഈ കൽപ്പനകളെല്ലാം നിറവേറ്റി എന്നു കരുതുന്ന ഒരുപാട് ആളുകളുണ്ട്. എന്നാൽ ഇത് വളരെ വിശാലമായിട്ടുള്ള കൽപനയാണ്. ജിഹാദിന്റെ കൽപ്പനയും ഇതിന്റെ ഒരു ഭാഗമാണ്. സമ്പന്നരായിട്ടുള്ള ചിലയാളുകൾ സദഖ നൽകുന്നു. കുറച്ച് സമ്പത്ത് ചിലവഴിച്ച് തങ്ങൾ ഈ കൽപ്പന നിറവേറ്റിയിരിക്കുന്നു എന്നാണ് അവർ മനസ്സിലാക്കുന്നത്. എന്നാൽ യഥാർത്ഥത്തിൽ ഇതിന്റെ അർത്ഥം അല്ലാഹു നൽകിയിരിക്കുന്ന ഒരുപാട് വസ്തുക്കളിൽ നിന്ന് ഒരു വസ്തു അവർ ചെലവഴിച്ചു എന്നത് മാത്രമാണ്. എന്നാൽ അല്ലാഹു പറയുന്നത് എന്തെല്ലാമാണോ നിങ്ങൾക്ക് നൽകിയിരിക്കുന്നത് അവയിൽ നിന്നെല്ലാം തന്നെ ചെലവഴിക്കുക എന്നാണ്.

ഞങ്ങളുടെ മൂത്തുമ്മ ഉണ്ടായിരുന്നു. അവർ മുഴുവൻ വർഷവും സ്വന്തം കൈകൾ കൊണ്ട് പഞ്ഞി കടഞ്ഞ് നെയ്ത്തുകാരെ കൊണ്ട് തുണിയുണ്ടാക്കുകയും പിന്നീട് അതു കൊണ്ട് റസായിയും കിടക്കയും ഉണ്ടാക്കി പാവപ്പെട്ടവർക്കിടയിൽ വിതരണം ചെയ്തിരുന്നു. ജോലികൾ അധികവും അവർ സ്വന്തം കൈകൊണ്ടാണ് ചെയ്തിരുന്നത്. മറ്റുള്ളവരെകൊണ്ട് ചെയ്യിക്കാൻ പറഞ്ഞാൽ, അങ്ങിനെ ചെയ്യുമ്പോൾ ഒരു സുഖവും ലഭിക്കില്ല എന്നാണ് അവർ പറഞ്ഞിരുന്നത്. അപ്പോൾ അല്ലാഹു നൽകിയുട്ടുള്ള എല്ലാ വസ്തുക്കളിൽ നിന്നും അവന്റെ മാർഗത്തിൽ ചെലവഴിക്കാനുള്ള കൽപ്പനയാണ്, എന്നാൽ ഇങ്ങനെ ചെയ്യുന്നവരായി എത്ര പേരുണ്ട്? ചിലയാളുകൾ ഏതെങ്കിലും ഒരു പാവപ്പെട്ടവന് കുറച്ച് പൈസ കൊടുത്തു കൊണ്ട് മനസ്സിലാക്കുന്നത് തങ്ങൾ ഈ കൽപ്പനയനുസ്സരിച്ച് പ്രവർത്തിച്ചിരിക്കുന്നു വെന്നാണ്. എന്നാൽ ഇത് ശരിയല്ല. ഒരാൾ പണം ചെലവഴിക്കുകയും എന്നാൽ ഇസ്‌ലാഹോ ഇർഷാദിന്റെ പ്രവർത്തനങ്ങളിൽ പങ്കാളിയാവുകയും ചെയ്യുന്നില്ലെങ്കിൽ അയാൾക്ക് ഒരിക്കലും തന്നെ താൻ ഈ കൽപ്പനയനുസ്സരിച്ച് പ്രവർത്തിച്ചിരിക്കുന്നു എന്ന് പറയുവാൻ സാധ്യമല്ല.

ഇനി ആരെങ്കിലും ഇസ്‌ലാഹോ ഇർഷാദിന്റെ പ്രവർത്തനങ്ങളിലും പങ്കാളിയാവുന്നുണ്ട് എന്നാൽ കായികമായി ചെലവഴിക്കുന്നില്ലെങ്കിൽ, വിധവകളേയും, അനാഥരേയും സഹായിക്കുന്നില്ലെങ്കിൽ അയാൾക്കും താൻ ഈ കൽപ്പന അനുസരിച്ച് പ്രവർത്തിച്ചിരിക്കുന്നു എന്നു പറയാൻ സാധ്യമല്ല. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ എല്ലാ കഴിവുകളേയും ചെലവഴിക്കാനുള്ള കൽപ്പനയാണ്. വികാരത്തേയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കേണ്ടത് നിർബന്ധമാണ്. ഉദാഹരണത്തിന് ദേഷ്യം വരുമ്പോൾ പൊറുത്തു കൊടുക്കുക. കൈ കൊണ്ട് ജോലി ചെയ്യുക, അധ്വാനിക്കുക എന്നതും ഇതിൽപ്പെട്ടതാണ്. ഞാൻ ഖുദ്ദാമുൽ അഹ്മദിയ്യയെ പ്രത്യേകമായി ഉപദേശിക്കുകയാണ്. അവർ യുവാക്കളിൽ സൃഷ്ടിസേവനം ചെയ്യാനുള്ള ആത്മാവ് ഉണ്ടാക്കുക. **വിവാഹവേളകളിലും, മറ്റുള്ള അവസരങ്ങളിലുമെല്ലാം ആളുകളെ സഹായിക്കുക. അത് ഏത് മതവിഭാഗത്തിൽ പെട്ടവരുടേതായിരുന്നാലും ശരി.**

*(മശ്അലെ രാഹ് ഭാഗം.1, പേജ്.279*
*സി.മുബഷിർ അഹ്മദ്, പെരിന്തൽമണ്ണ)*



Syed Tanveer Ahmad Sahib,
Sadar Majlis Waqf-e-Jadeed



Mou. Karimuddin Sahid,
Nazim Irshad, Waqf-e-Jadeed



Mou.Mohammad Tahir Ahmad,
Nazim Mal, Waqf-e-Jadeed

തഫ്സീർ



ഹ.ഖലീഫത്തുൽ മസീഹ് അവ്വൽ (റ)



مَنْ ذَا الَّذِيْ يُقْرِضُ اللّٰهَ قَرْضًا حَسَنًا فَيُضٰعِفَهٗ لَهٗٓ اَضْعَافًا كَثِيْرَةً ۭ وَاللّٰهُ يَقْبِضُ وَيَبْصُۜطُ ۠ وَاِلَيْهِ تُرْجَعُوْنَ ﴿٢٤٦﴾

# ദൈവമാർഗത്തിലെ കടം

يُقْرِضُ اللّٰهَ قَرْضًا حَسَنًا ഖർള് കടം എന്ന വാക്കിൽ അജ്ഞരായ ചിലർ ആക്ഷേപം ഉന്നയിച്ചിരിക്കുന്നു. അതായത് മുസ്‌ലിംകളുടെ ദൈവം ആവശ്യക്കാരനാണ്. അത്തരം ആളുകളോട് ചോദിക്കേണ്ടത്, ഗവൺമെന്റും ബാങ്കിൽ പണം സ്വീകരിക്കുന്നു, അതവർ ദരിദ്രരായതുകൊണ്ടാണോ? എന്നാണ്.

കടം എന്നതിനർത്ഥം സ്വത്തിന്റെ ഭാഗം മുറിച്ചുകൊടുക്കുക എന്നതാണ്. മിഖ്റാള് ഇതിൽ നിന്നുണ്ടായതാണ്. അതിനാൽ ഈ അർത്ഥത്തിൽ യാതൊരു ആക്ഷേപവുമില്ല.

(ബദർ 1909 ഏപ്രിൽ 29)

ഖർള് എന്നതിന്റെ അർത്ഥമിതാണ്

اَلْقَرْضُ وَيُكْسَرُ مَا سَلَّفْتَ مِنْ اِسَاءَةٍ اَوْ اِحْسَانٍ وَمَا تُعْطِيْهِ لِتُقْضَاهُ - وَاَقْرَضَهُ اَعْطَاهُ قَرْضًا - وَقَطَعَ لَهُ قِطْعَةً يُجَازِيْ عَلَيْهَا

(قاموس اللغة)

ആദ്യത്തെ അർത്ഥപ്രകാരം കടം എന്നത് നാം പകരം പറ്റുന്നതിന്റെ പേരാണ്. കടം രണ്ടു വിധത്തിലാണുണ്ടാകാറുള്ളത്. ഒന്ന് ചീത്തയും, മറ്റൊന്നു നല്ലതും.

അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു.

مَنْ جَآءَ بِالْحَسَنَةِ فَلَهٗ عَشْرُ اَمْثَالِهَا ۚ

അതായത് അല്ലാഹുവിന് വേണ്ടി മാത്രം സൽപ്രവൃത്തികൾ ചെയ്യുന്നവരാരുണ്ട്. അല്ലാഹു അവർക്ക് അതിനു പകരമായി വർദ്ധിപ്പിച്ചുകൊടുക്കുന്നതാണ്. അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞതുപോലെ, അതായത്

مَنْ ذَا الَّذِيْ يُقْرِضُ اللّٰهَ قَرْضًا حَسَنًا فَيُضٰعِفَهٗ لَهٗ

നൽകിയവന് അല്ലാഹു അതിനു പകരമായി വളരെയധികം വർദ്ധിപ്പിച്ചുനൽകുന്നു. ഇതിനെ ഒന്നുകൂടി വ്യക്തമാക്കുന്ന മറ്റൊരായത്ത്

اَلَّذِيْنَ يُنْفِقُوْنَ اَمْوَالَهُمْ فِيْ سَبِيْلِ اللّٰهِ كَمَثَلِ حَبَّةٍ اَنْۢبَتَتْ سَبْعَ سَنَابِلَ فِيْ كُلِّ سُنْۢبُلَةٍ مِّائَةُ حَبَّةٍ ۭ وَاللّٰهُ يُضٰعِفُ لِمَنْ يَّشَآءُ ۭ وَاللّٰهُ وَاسِعٌ عَلِيْمٌ ﴿٢٦٢﴾

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനം ചെലവു ചെയ്യുന്നവരുടെ ഉപമ ഒരു ധാന്യമണിയുടേതാണ്. അതിന് ഏഴു കതിരുകളുണ്ടായി, ഓരോ കതിരിലും നൂറു മണി വീതം ഉണ്ട്. അല്ലാഹു ആഗ്രഹിക്കുന്നവർക്ക് അവൻ അതിലും കൂടുതൽ നൽകുന്നു..... വിശുദ്ധഖുർആനിൽ വ്യക്തമായും കാണാം.

لَقَدْ سَمِعَ اللّٰهُ قَوْلَ الَّذِيْنَ قَالُوْٓا اِنَّ اللّٰهَ فَقِيْرٌ وَّنَحْنُ اَغْنِيَآءُ ۘ سَنَكْتُبُ مَا قَالُوْا

അല്ലാഹു ആവശ്യക്കാരനും ഞങ്ങൾ സ്വാശ്രയരുമാണ് എന്നു പറയുന്നവൻ സത്യനിഷേധിയാണ്. ..

മറ്റൊരു ഭാഗത്ത് പറയുന്നു.

يٰٓاَيُّهَا النَّاسُ اَنْتُمُ الْفُقَرَآءُ اِلَى اللّٰهِ ۚ وَاللّٰهُ هُوَ الْغَنِيُّ

ജനങ്ങളേ! നിങ്ങൾക്ക് അല്ലാഹുവിന്റെ ആശ്രയം ആവശ്യമാണ്. അല്ലാഹു മാത്രമേ സ്വാശ്രയനായിട്ടുള്ളൂ. ഖുർആനിക സാക്ഷ്യങ്ങൾ എപ്പോഴും എല്ലായിടത്തും പ്രകടമാണ്......

കടപത്രം അല്ലെങ്കിൽ പലിശ നൽകുന്ന പാവപ്പെട്ടവനായ ഒരു വ്യക്തി ബാങ്കിൽ പണം നൽകുന്നുവെങ്കിൽ അതിനർത്ഥം ഗവൺമെന്റ് ദരിദ്രനാണെന്നാണോ ഒരിക്കലുമല്ല.

ഇനി അല്ലാഹുവിന്റെ കയ്യിൽ ഏൽപ്പിച്ചിട്ടുള്ള ധനം വർദ്ധിക്കുമോ ഇല്ലയോ എന്നുള്ള താണ്. ഇക്കാര്യം സംബന്ധിച്ചുള്ള സാക്ഷ്യം മുഴുലോകത്തിനും വയലുകളിലെ ദൃശ്യങ്ങളിൽ നിന്നും ലഭിക്കുന്നതാണ്. അതായത് ഓരോ ധാന്യത്തിൽ നിന്നും എത്ര കതിരുകളാണ് ലഭിക്കാറുള്ളത്. ഇതേ കാര്യം തന്നെയാണ് ഇവിടെ പരാമർശിച്ചിട്ടുള്ളത്.

مَنْ ذَا الَّذِيْ يُقْرِضُ اللّٰهَ قَرْضًا حَسَنًا فَيُضٰعِفَهٗ لَهٗٓ اَضْعَافًا كَثِيْرَةً ۭ وَاللّٰهُ يَقْبِضُ وَيَبْصُۜطُ ۠ وَاِلَيْهِ تُرْجَعُوْنَ ﴿٢٤٦﴾

അതായത് അല്ലാഹുവിന്റെ സന്നിധിയിൽ ഉന്നതമായ നന്മ ചെയ്യുന്ന അഥവാ അവന്റെ തൃപ്തിക്കു വേണ്ടി ധനം നൽകുന്നവൻ ആരുണ്ട്. അല്ലാഹു അവനു വേണ്ടി അത് വർദ്ധിപ്പിച്ചു നൽകുന്നതാണ്. അല്ലാഹു എടുക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്നു, അവനിലേക്ക് തന്നെ നിങ്ങൾ പോകുകയും പ്രതിഫലം പറ്റുന്നതുമാണ്.

(ഹഖായിഖുൽ ഫുർഖാൻ
വാ: 1 പേ: 378,379)

(വിവ. കെ നജ്മുദ്ദീൻ മുറിയക്കണ്ണി)

# വഖ്ഫെ ജദീദിനെ ശക്തിപ്പെടുത്തുക

വഖ്ഫെ ജദീദ് യഥാർത്ഥത്തിൽ ജമാഅത്തിന്റെ ജീവന്റെ പര്യായമാണ്. ജമാഅത്തിന്റെ ജീവനും വഖ്ഫെ ജദീദിന്റെ ജീവനും ഇന്ന് ഒരേ വസ്തുവിന്റെ രണ്ടു നാമങ്ങളാണ്. അതുകൊണ്ട് ഞാൻ നിങ്ങളോട് വീണ്ടും അപേക്ഷിക്കുകയാണ്, വളരെ താഴ്മയോടെ അപേക്ഷി ക്കുകയാണ്, ഹൃദയത്തിന്റെ അകതാരിൽ നിന്ന് അപേ ക്ഷിക്കുകയാണ്, പരിശ്രമിക്കുക, കഠിന പ്രയത്നം ചെയ്യുക. തങ്ങളുടെ ജമാഅത്തിനെ ഉന്നത നിലവാരത്തിൽ പ്രതിഷ്ഠിക്കുക. ആത്മീയ ജമാഅത്തുകൾക്കുണ്ടാകുന്ന നിലവാരത്തിലേക്ക് എത്തിക്കുക. ഈ നിലവാരം സംജാതമാകുകയാണെങ്കിൽ പിന്നെ അഹ്മദിയ്യത്തിന്റെ വിജയത്തിന് താമസമുണ്ടാകില്ല. അഹ്മദിയ്യ ത്തിന്റെ വിജയത്തിന്റെ സമയം നാം സ്വയം ദീർഘിപ്പിക്കുകയാണ്...................

അതിനാൽ വഖ്ഫെ ജദീദിന്റെ ഈ പദ്ധതിയെ വിജയിപ്പിക്കുക. ഈ പദ്ധതി രാജ്യത്തിന്റെ മറ്റ് ആവശ്യങ്ങളേയും പൂർത്തിയാക്കി കൊണ്ടിരിക്കുകയാണ്. മുഅല്ലിമീംകളെ ഹോമിയോപതിയും, വൈദ്യവും, കമ്പൗണ്ടറിയും പഠിപ്പിക്കുന്നു. വൈദ്യസഹായങ്ങൾ ലഭിക്കാത്ത ദൂരദേശങ്ങളിൽ ഇവർ സൃഷ്ടി സേവനവും ചെയ്യുന്നു, സാമൂഹിക സേവനങ്ങളും പഠിപ്പിക്കുന്നു. ഇവർ ഗ്രാമങ്ങളുടെ സമുദ്ധാരണത്തിലും ഭാഗഭാക്കാകുന്നു. ഇസ്‌ലാമിന്റെ പ്രചരണവും നടത്തുന്നു. ജമാഅത്തിന് ശിക്ഷണവും നൽകുന്നു. ഇവർക്ക് നാമെല്ലാ നിലയിലുള്ള സേവനങ്ങളും നൽകേണ്ടതാണ്. ഈ സംവിധാനത്തെ ദൃഢപ്പെടുത്തുകയും വളർത്തുകയും ചെയ്യുക.

**ഞാൻ വീണ്ടും ഒരിക്കൽ കൂടി നിങ്ങളോട് പറയുകയാണ്, വഖ്ഫെ ജദീദ് പദ്ധതിയെ ജീവനുള്ളതാക്കി മാറ്റുക. ഇസ്‌ലാമിന്റെ രക്തധമനികളിൽ പുതിയതും ജീവനുള്ളതും പ്രതീക്ഷകളാൽ നിറഞ്ഞതുമായ രക്തം പ്രവഹിക്കുന്നതിനായി സ്വന്തം ത്യാഗങ്ങളുടെ രക്തം നിറക്കുക.** ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ പ്രതീക്ഷകൾ ഇന്ന് നിങ്ങളുമായി ബന്ധിതമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രതീക്ഷകളും നിങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. നിങ്ങൾ മുഖേന തന്നെയാണ് ഇന്ന് ഇസ്‌ലാമിന് ജീവൻ ലഭിക്കുക. നിങ്ങളെ കൂടാതെയുള്ളതെല്ലാം അന്ധകാരമാണ്. നിങ്ങളുടെ മേൽ അന്ധകാരത്തിന്റെ ഛായ പതിയാൻ അനുവദിക്കരുത്. ജീവനുള്ളവരായി മാറുക, സമർത്ഥരാകുക. ഈ പദ്ധതിയേയും ജീവനുള്ളതാക്കി മാറ്റുക.

**(പ്രഭാഷണം: ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്), ജൽസ സാലാന 1960)**




# ഉന്നത സ്വഭാവങ്ങൾ

നുബുവ്വത്തിനു മുമ്പേ നബി(സ) ഖുറൈശികൾക്കിടയിൽ അമീൻ (വിശ്വസ്തൻ) എന്ന പേരിൽ പ്രസിദ്ധനായിരുന്നു. അത് തിരുനബിയുടെ വിശ്വസ്തതക്കും, ഉന്നത സ്വഭാവ വൈശിഷ്ട്യത്തിനുമുള്ള വ്യക്തമായ തെളിവാണ്.

തിരുനബിയുടെ സത്യസന്ധതയെ കുറിച്ച് ആർക്കും തർക്കമില്ലായിരുന്നു. തിരുനബിയുടെ കഠിനശത്രുവും രക്തദാഹിയുമായിരുന്ന അബൂജഹൽ തിരുനബിയോട് ഒരിക്കൽ പറയുകയുണ്ടായി

ഇന്നലാ നുകദ്ദിബുക്ക വലാകിൻ
നുകദ്ദിബു ബിമാ ജിക്ത ബിഹി

മുഹമ്മദ് (സ) ഞാൻ നിന്നെ കള്ളം പറയുന്നവനെന്ന് പറയുന്നില്ല, പക്ഷെ നീ കൊണ്ടുവന്നതിനെയാണ് കള്ളമെന്ന് പറയുന്നത് (തിർമിദി)

അബൂസുഫിയാൻ റോമിലെ ഹിർഖൽ രാജാവിന്റെ മുന്നിൽ എത്തിയപ്പോൾ ഹിർഖൽ ചോദിച്ചു.

ഹൽ കുൻതും തത്തഹിമൂനഹു ബിൽ
കദ്ബി ഖബ്‌ലാ അൻ യകൂല മാഖാല

ഇതിന് മുൻപെ ഇദ്ദേഹം (നബി(സ)) എന്തെങ്കിലും കള്ളം പറഞ്ഞതായി അറിയുമോ?

അബൂസുഫിയാൻ അന്ന് തിരുനബിയുടെ എതിരാളിയായിരുന്നു. പക്ഷെ ഈ ചോദ്യത്തിന് 'ല' (ഇല്ല) എന്ന മറുപടി പറയാനെ അയാൾക്ക് കഴിഞ്ഞിരിന്നുള്ളൂ. (ബുഖാരി കിത്താബ് ബാബ് ബദഉൽവഹി)

ഉമയ്യബ്നുഖലഫ്, തിരുനബിയുടെ കഠിന ശത്രുവായിരുന്നു. ഒരിക്കൽ ഹദ്റത് സഅദ് ബിനു മഅദ്(റ) അയാളോട് പറഞ്ഞു: തിരുനബി(സ) നിന്റെ മരണത്തെ പറ്റി പ്രവചിച്ചിരിക്കുന്നു. ഇതുകേട്ടപ്പോൾ അയാൾ ആകെ അസ്വസ്തനാവുകയും വീട്ടിൽ ചെന്ന് ഭാര്യയോട് ഇങ്ങനെ പറയുകയുണ്ടായി

*''വല്ലാഹി മാ യക്ദിബു*
*മുഹമ്മദുൻ ഇദാ ഹദസ"*

അല്ലാഹുവാണെ സത്യം മുഹമ്മദ് (സ) ഒരിക്കലും കള്ളം പറയാറില്ല. (ബുഖാരി കിത്താബുൽ മഅദി)

നളറുബിൻഹാരിസ്, തിരുനബിയുടെ കഠിന വിരോധികളിൽ ഒരാളായിരുന്നു. നബി (സ) കളവ് പറഞ്ഞു (നഊദുബില്ലാഹ്) എന്ന് ഒരിക്കൽ ആരോ പറഞ്ഞത് കേട്ടപ്പോൾ അയാൾ പറഞ്ഞു. മുഹമ്മദ്(സ) നിങ്ങളിലെ ചെറിയൊരു കുട്ടിയായിരുന്നു. നിങ്ങളിൽ എല്ലാവരേക്കാളും നല്ല സ്വഭാവത്തിനുടമയുമാണ്, ഏറ്റവുമധികം സത്യസന്ധനും വിശ്വസ്തനുമാണ്. ഇതു തന്നെയാണ് മുഹമ്മദ്(സ)നെ പറ്റി നിങ്ങളുടെയും അഭിപ്രായം ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ അദ്ദേഹത്തിന്റെ മുടികളിൽ നര ബാധിക്കുകയും വാർദ്ധക്യത്തിലേക്ക് നീങ്ങുകയും ചെയ്തിരിക്കുന്നു. ഇന്ന് അദ്ദേഹം നിങ്ങളിലേക്ക് സന്ദേശവുമായി വന്നപ്പോൾ ഇന്ദ്രജാലക്കാരനെന്നും അസത്യവാനെന്നും പറയുന്നു.

അല്ലാഹുവാണെ സത്യം അദ്ദേഹം ഒരിക്കലും നുണയനോ ഇന്ദ്രജാലക്കാരനോ അല്ല. ഇതിൽ നിന്ന് മനസ്സിലാകുന്നത് അബൂജഹലിനെ പോലെ നളബ്നു ഹാരിസും തിരുനബിയെ അസത്യവാനെന്ന് പറഞ്ഞിരുന്നില്ല. മറിച്ച് സന്ദേശത്തെയാണ് കളവാക്കി കൊണ്ടിരുന്നത്.

തിരുനബി(സ) ഇസ്‌ലാമിക പ്രചാരണം ആരംഭിച്ച ആദ്യ കാലത്ത് ഖുറൈശികളെ ഒരു പർവതത്തിനു കീഴിൽ ഒരുമിച്ചുകൂട്ടി കൊണ്ട് ചോദിച്ചു?

ഈ പർവതത്തിനു പിന്നിലൂടെ ഒരു വലിയ സൈന്യം നിങ്ങളെ ആക്രമിക്കാൻ വരുന്നുണ്ടെന്ന് ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ?

പ്രത്യക്ഷത്തിൽ അചിന്തനീയമായ സംഗതിയായിരുന്നെങ്കിലും എല്ലാവരും ഒന്നടങ്കം പറഞ്ഞു

*"നഅം മാ ജർറബ്നാ*
*അലയ്ക്ക ഇല്ല സിദ്ഖാ"*

അതെ തീർച്ചയായും ഞങ്ങൾ വിശ്വസിക്കും. കാരണം നീ എപ്പോഴും സത്യം മാത്രം പറഞ്ഞതായി ഞങ്ങൾ കണ്ടിട്ടുണ്ട് (ബുഖാരി മുസ്‌ലിം)

അപ്പോൾ നബി(സ) പറഞ്ഞു: എങ്കിൽ പിന്നെ ഞാൻ പറയുന്നത് ശ്രദ്ധിച്ചു കൊള്ളുക, അല്ലാഹുവിന്റെ ശിക്ഷ നിങ്ങളെ സമീപിച്ചു കൊണ്ടിരിക്കുന്നു. അതിൽ നിന്ന് രക്ഷപ്പെടാനുള്ള വഴി നോക്കികൊള്ളുക.

ഇതെല്ലാം ശത്രുസാക്ഷ്യങ്ങളാണ്. വിശ്വാസികൾക്ക് സാക്ഷ്യത്തിന്റെ ആവശ്യമില്ല. കാരണം അവരുടെ വിശ്വാസം തന്നെ സമ്പൂർണ സാക്ഷ്യമാണ്. എങ്കിലും ഈ സന്ദർഭത്തിൽ തിരുനബി (സ) യുടെ സഹധർമിണി ഹ.ഖദീജ(റ)യുടെ സാക്ഷ്യം ഇവിടെ രേഖപ്പെടുത്താതിരിക്കാൻ നിർവാഹമില്ല. നബി(സ)നു ആദ്യമായി വഹ്‌യ് ലഭിച്ചപ്പോൾ നബി(സ) വളരെ ഭയചകിതനായി ഹ. ഖദീജ (റ) യുടെ അടുത്തെത്തി പറഞ്ഞു: എനിക്ക് എന്നെ പറ്റി വളരെ ഭയം തോന്നുന്നു അപ്പോൾ സന്തത സഹചാരിയായ ഹ. ഖദീജ (റ) അനിയന്ത്രിതമായി പറഞ്ഞു, ഇല്ല ഒരിക്കലുമില്ല അല്ലാഹുവാണെ സത്യം! അല്ലാഹു ഒരിക്കലും താങ്കളെ നിന്ദ്യനാക്കുകയില്ല.

താങ്കൾ ബന്ധുക്കളോട് നല്ല രീതിയിൽ പെരുമാറുന്നു. സത്യസന്ധനാണ്. ജനങ്ങളുടെ ഭാരം സ്വയം വഹിക്കുന്നു. നഷ്ടമാകുന്ന നന്മകളെയും നിലനിർത്തുന്നു. അതിഥികളെ സൽക്കരിക്കുന്നു. സത്യമാർഗത്തിൽ ജനങ്ങളെ സഹായിക്കുകയും ചെയ്യുന്നു. (ബുഖാരി ബാബ് ബദഉൽ വഹീ)

ഇത് തിരുനബിയെ ഊണിലും, ഉറക്കത്തിലും എന്ന് വേണ്ട എപ്പോഴും കണ്ടു കൊണ്ടിരുന്ന ആ മഹിളാരത്നത്തിന്റെ സാക്ഷ്യമാണ്.

## വഖ്ഫെ ജദീദ്
## അഞ്ചുമൻ അഹ്മദിയ്യാ
## അംഗങ്ങൾ

**അഡ്വ.സയ്യിദ് തൻവീർ അഹ്മദ് സാഹിബ് (സദ്ർ)**
**മൗലാനാ മുഹമ്മദ് കരീമുദ്ദീൻ സാഹിബ് ശാഹിദ്**
**മൗലാനാ മുഹമ്മദ് ത്വാഹിർ അഹ്മദ് സാഹിബ്**
**മൗലാനാ ജലാലുദ്ദീൻ സാഹിബ് നയ്യർ**
**മൗലാനാ സഹീർ അഹ്മദ് സാഹിബ് ഖാദിം**
**മൗലാനാ മുഹമ്മദ് ഉമർ സാഹിബ്**
**മുനീർ അഹ്മദ് സാഹിബ് ഹാഫിസാബാദി**
**മൗലാനാ ഖുർശിദ് അഹ്മദ് സാഹിബ് അൻവർ**
**കെ.എം. അഹ്മദ് കോയ സാഹിബ് (കോഴിക്കോട്)**

ഹ.ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്)




# സുരക്ഷിതമായ ധനം

ഹദ്റത്ത് ഹസൻ (റ) റസൂൽ തിരുമേനി (സ) യിൽ നിന്ന് ഇപ്രകാരം രിവായത്ത് ചെയ്യുന്നു, അല്ലാഹു പറയുന്നു, അല്ലയോ ആദം സന്തതികളേ! നിങ്ങളുടെ ഖജനാവ് എന്റെ പക്കൽ ഏൽപിച്ചുകൊണ്ട് സംതൃപ്തരാകുക. കത്തിപോകുമെന്ന പേടി വേണ്ട, മുങ്ങിപ്പോകുമെന്ന ആശങ്ക വേണ്ട, ഏതെങ്കിലും കള്ളൻ കൊണ്ടുപോകുമെന്ന ഭയവും വേണ്ട. എന്നിൽ ഏൽപിച്ചിരിക്കുന്ന ഖജനാവ് നീ ഏറ്റവും കൂടുതൽ ആവശ്യക്കാരനാകുന്ന സമയത്ത് മുഴുവനായും ഞാൻ നൽകുന്നതാണ്. (ത്വിബ്റാനി) നോക്കുക എത്ര ലാഭകരമായ കച്ചവടം. ഇന്ന് ഇത്തരത്തിൽ ഖജനാവ് ഉണ്ടാക്കുന്നതിനെ കുറിച്ചുള്ള അറിവും ജ്ഞാനവും അഹ്മദികൾക്കു മാത്രമേ ഉള്ളു.

അവർ وَمَا تُنْفِقُوا مِنْ خَيْرٍ يُوَفَّ إِلَيْكُمْ وَأَنْتُمْ لَا تُظْلَمُونَ എന്ന അല്ലാഹുവിന്റെ അദ്ധ്യാപനത്തെ മനസ്സിലാക്കുന്നു. അല്ലാഹുവിന്റെ നൽകുന്ന രീതി എത്തരത്തിലുള്ളതാണെന്ന് നോക്കുക! അവന്റെ മാർഗത്തിൽ നിങ്ങൾ ചെലവ് ചെയ്യുന്ന ധനമെല്ലാം തന്നെ അവൻ നിങ്ങൾക്ക് മുഴുവനായും മടക്കി നൽകുന്നു. മറ്റൊരു സ്ഥലത്ത് പറയുന്നു, പലമടങ്ങ് വർദ്ധിപ്പിച്ച് നൽകുന്നു. അതിന്റെ പ്രതിഫലം ലഭിക്കുമോ ഇല്ലേ എന്ന് നിങ്ങൾ ധരിക്കാം. പറയുന്നു, അതിന്റെ പ്രതിഫലം നിങ്ങൾക്ക് നിശ്ചയമായും ലഭിക്കുന്നതാണ്. അതിന്റെ ആവശ്യം നിങ്ങൾക്കേറ്റവും കൂടുതൽ ഉള്ളപ്പോഴായിരിക്കും ലഭിക്കുക. അതിനാൽ നിങ്ങളുടെ മേൽ അനീതി ചെയ്യപ്പെടുമെന്ന ധാരണ ഹൃദയത്തിൽ നിന്നു തന്നെ നീക്കം ചെയ്യുക. ഒരിക്കലും ഒരിക്കലും നിങ്ങൾക്ക് മേൽ അനീതി ചെയ്യപ്പെടുന്നതല്ല. ജനങ്ങൾ ലോകത്ത് പണം വെക്കാൻ ഭയപ്പെടുന്നു. ബാങ്കിൽ ഇടുകയാണെങ്കിൽ തന്നെയും വിവിധ ചിന്തകളിലും ഭയങ്ങളിലുമായിരിക്കും കഴിഞ്ഞു കൂടുക. ബാങ്കിന്റെ പോളിസി മാറുമോ അങ്ങിനെ തന്റെ പലിശ കുറയുമോ? വലിയ സംഖ്യയാണ് അതെവിടുന്ന് വന്നു എന്നുള്ള അന്വേഷണം ഉണ്ടാകുമോ? ചുരുക്കത്തിൽ എപ്പോഴും ആധിയിലായിരിക്കും. ഭൗതികരുടെ ഈ ധനങ്ങൾ പരിശുദ്ധമായിരിക്കില്ല. മറിച്ച് അധികവും തെറ്റായ മാർഗങ്ങളിലൂടെ സമ്പാദിച്ചതായിരിക്കും. വീടുകളിൽ വെക്കുകയാണെങ്കിൽ കള്ളന്മാരേയും കൊള്ളക്കാരേയും ഭയക്കേണ്ടി വരുന്നു. മറ്റ് ചിലർ പലിശക്ക് കടം കൊടുക്കുന്നവരാണ്. നൂറു കണക്കിന് രൂപ പലിശക്കായി കടം കൊടുത്തു കൊണ്ടിരിക്കുന്നു. എന്നാലും സ്വസ്ഥതയില്ല. സിന്ദിലെ ഇത്തരത്തിലുള്ള ഒരു വ്യക്തിയെ സംബന്ധിച്ച് എന്നോട് പറയപ്പെടുകയുണ്ടായി. ക്ഷാമമുണ്ടാകുമ്പോൾ ദരിദ്രരും പട്ടിണിപ്പാവങ്ങളും തങ്ങളുടെ ആഭരണങ്ങളും സ്വർണ്ണങ്ങളും കൊണ്ട് വരുന്നു. തങ്ങളുടെ ആഹാരത്തിനുള്ള വക കണ്ടെത്തുന്നതിനായി ഇത്തരം പലിശക്കാരിൽ നിന്ന് പണം കടം വാങ്ങുന്നു. പിന്നീട് ആ കടം വീട്ടാൻ കഴിയാത്ത നിലയിൽ പലിശയ്ക്ക് മേൽ പലിശ കുന്നു കൂടുന്നു. അങ്ങിനെ ആ ആഭരണങ്ങൾ ആ പലിശക്കാരന് സ്വന്തമായിത്തീരുന്നു. അങ്ങിനെയുള്ള ഒരു പലിശക്കാരമുണ്ടായിരുന്നു. പണം ബാങ്കിൽ ഇടുന്നതല്ല എന്ന് തീരുമാനിക്കുകയും തന്റെ വീട്ടിൽ സ്വന്തം മുറിയിൽ ഒരു കുഴി കുഴിച്ച് അതിൽ ഖജനാവ് വച്ച് പൂട്ടിയിരുന്നു. 40,50 കിലോയോളം അയാളുടെ പക്കൽ സ്വർണ്ണം സ്വരുക്കൂട്ടിയിരുന്നു. അതിനു മുകളിൽ ആരും കൊണ്ടുപോകരുത് എന്ന ഭയത്താൽ തന്റെ കട്ടിലിട്ട് അതിൽ ഉറങ്ങുകയായിരുന്നു പതിവ്. സ്വർണ്ണത്തിനു മുകളിലായതു കൊണ്ട് രാത്രി മുഴുവനും അയാൾക്ക് ഉറക്കം വരില്ലായിരുന്നു. അതേ ചിന്തയിൽ തന്നെ ഹൃദയസ്തംഭനം ഉണ്ടാകുകയും മരിക്കുകയും ചെയ്തു. അങ്ങിനെ ആ ധനം അയാൾക്ക് ഒരു തരത്തിലും ഉപകരിച്ചില്ല. ഇനി പരലോകത്ത് അല്ലാഹു അയാളോട് എങ്ങിനെ പെരുമാറും എന്നുള്ളത് അല്ലാഹുവിനറിയാം. എന്നാൽ അല്ലാഹു ഇത്തര ക്കാർക്ക് യാതൊരു ജാമ്യവും തരുന്നില്ല. എന്നാൽ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവു ചെയ്യുന്നവർക്ക് ജാമ്യമുണ്ട്. നിങ്ങളിൽ നിന്ന് എന്തെല്ലാം കർമങ്ങളാണ് ഉണ്ടാകുക എന്നും എന്തെല്ലാം തെറ്റുകളും ന്യൂനതകളുമാണ് ഉണ്ടാകുക എന്നും നിങ്ങൾക്കറിയില്ല. എന്നാൽ നിങ്ങൾ നല്ല ഉദ്ദേശ്യത്തോടു കൂടി അവന്റെ മാർഗത്തിൽ ചെലവു ചെയ്യുകയാണെങ്കിൽ, നിങ്ങളുടെ കർമങ്ങളുടെ തുലാസിൽ എന്തെങ്കിലും ന്യൂനത വന്നാൽ അത് പരിഹരിക്കപ്പെടുന്നതാണ്. അല്ലാഹുവിന്റെ മാർഗത്തിൽ ചെലവു ചെയ്ത കാരണത്താൽ ഒരിക്കലും നിങ്ങളുടെ മേൽ അനീതി ചെയ്യപ്പെടുന്നതല്ല.

ഇത് സംബന്ധമായ മറ്റൊരു രിവായത്തുണ്ട്. റസൂൽ തിരുമേനി (സ) പറഞ്ഞതായി ഹദ്റത്ത് ഉഖ്ബ (റ) ഇബ്നു ആമിർ പറയുന്നു, ഖിയാമത്ത് നാളിൽ കണക്കെടുപ്പ് അവസാനിക്കുന്നതു വരെ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവുചെയ്യുന്നവർ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവു ചെയ്ത സ്വന്തം ധനത്തിന്റെ തണലിലിയിരിക്കും.(മുസ്നദ് അഹ്മദ് ഇബ്നു ഹമ്പൽ)

എന്നാൽ ചെലവഴിച്ച ധനം പരിശുദ്ധമായിരിക്കണമെന്ന നിബന്ധനയുണ്ട്. കാരണം അല്ലാഹുവിന്റെ പക്കൽ നിന്ന് ഇത്രയധികം പ്രതിഫലം കരസ്ഥമാക്കുകയും തങ്ങളുടെ ധനത്തിന്റെ തണലിൽ കഴിയുകയും ചെയ്യണമെങ്കിൽ, അല്ലാഹു മാലിന്യത്തിന് ഇത്ര വലിയ പ്രതിഫലം നൽകില്ലല്ലോ? അശുദ്ധ ധനം സമ്പാദിച്ചവർ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുകയുമില്ല. ഇനി അഥവാ ചെലവഴിച്ചാൽ തന്നെ, പോക്കറ്റിലുള്ള ഒരു ലക്ഷം രൂപയിൽ നിന്ന് ഒരു രൂപ നൽകിയാൽ പിന്നെ ഞാനിന്ന നന്മ ചെയ്തു എന്ന് നൂറാളുകളോട് പറയും. എന്നാൽ സദ്വൃത്തർ, ദീനിനെ സ്നേഹിക്കുന്നവർ, പരിശുദ്ധ വരുമാനമുള്ളവർ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവു ചെയ്താൽ അത് ആരും അറിയാതിരിക്കാൻ ശ്രമിക്കുന്നു. അല്ലാഹുവും ഇങ്ങനെയുള്ള വരെ വിലമതിക്കുന്നു. ഒരു ഹദീസിൽ വന്നിരിക്കുന്നു, നബി തിരുമേനി (സ) യിൽ നിന്ന് ഹദ്റത്ത് അബൂഹുറൈറ(റ) നിവേദനം ചെയ്യുന്നു, ആരെങ്കിലും പരിശുദ്ധ വരുമാനത്തിൽ നിന്ന് ഒരു കാരക്കയെങ്കിലും അല്ലാഹുവിന്റെ മാർഗത്തിൽ നൽകുകയാണെങ്കിൽ- അല്ലാഹു പരിശുദ്ധമായത് മാത്രമേ സ്വീകരിക്കുകയുള്ളു- അല്ലാഹു ആ കാരക്കയെ വലതു കൈകൊണ്ട് സ്വീകരിക്കുകയും പർവ്വത സമാനമാകുന്നത് വരെ അതിനെ വലുതാക്കുകയും ചെയ്യുന്നു. നിങ്ങളിൽ നിന്നൊരാൾ ഒരു പശുക്കുട്ടിയെ പരിപാലിച്ച് വലുതാക്കുന്നത് പോലെ. (ബുഖാരി കിതാബുന സ്സക്കാത്)

ഇന്ന് തങ്ങളുടെ പൂർവികന്മാർ കഷ്ടപ്പെട്ട് അവരുടെ പരിശുദ്ധ വരുമാനത്തിൽ നിന്ന് ചെയ്ത ത്യാഗങ്ങളുടെ ഫലമായി അല്ലാഹു അവരുടെ തലമുറകളുടെ സമ്പത്തിലും ശരീരങ്ങളിലും അതിരില്ലാത്ത അനുഗ്രഹം ചൊരിഞ്ഞതിന് സാക്ഷ്യം പറയുന്ന നമ്മിൽ നിന്നുള്ള ധാരാളം ആളുകൾ ജമാഅത്തിലുണ്ട്.

മറ്റൊരു രിവായത്തിൽ ഹദ്റത്ത് അബൂബക്കർ സിദ്ധീഖ്(റ) പറയുന്നു, മസ്ജിദ് നബവിയുടെ മിമ്പറിൽ റസൂൽ തിരുമേനി (സ) യെ ഇങ്ങനെ പറയുന്നതായി ഞാൻ കേൾക്കുകയുണ്ടായി, അല്ലയോ ജനങ്ങളെ! നരകാഗ്നിയിൽ നിന്ന് രക്ഷപ്പെടുക. അഥവാ നിങ്ങളുടെ പക്കൽ കാരക്കയുടെ പകുതി കഷണമാണുള്ളതെങ്കിൽ തന്നെയും അത് നൽകി അഗ്നിയിൽ നിന്നും രക്ഷപ്പെടുക. കാരണം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവു ചെയ്യൽ മനുഷ്യനെ വക്രതയിൽ നിന്ന് നേരാക്കുകയും മോശമായ മരണത്തിൽ നിന്ന് രക്ഷപ്പെടുത്തുകയും പട്ടിണിക്കാരുടെ വയറ് നിറക്കുകയും ചെയ്യുന്നു.അല്ലാഹുവിന് വേണ്ടി ചെയ്ത ത്യാഗത്തിന്റെ ഫലമയി അല്ലാഹു അയാളെ ഇഹലോകത്തും വഴികേടിൽ നിന്ന് രക്ഷിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രത്താൽ ശുഭപര്യവസായിയായ കർമങ്ങൾ ഇത്തരക്കാരിൽ നിന്നും വെളിപ്പെടുന്നു.

(ഖുത്വുബ ജുമുഅ: 09.01.2004)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

അൽഹഖ്
വാർത്താപത്രിക
2012 ആഗസ്റ്റ്
പുസ്തകം 20 ലക്കം 8

## യുഗനാദം

ഹദ്റത് അഹ്മദ്(അ)



## വഖ്ഫെ ജദീദ്

ഹദ്റത് അഹ്മദ്(അ)ന്റെ വാഗ്ദത്തസുപുത്രൻ ഹദ്റത് മുസ്ലിഹ് മൗഊദ്(റ), ദൈവേംഗിതപ്രകാരം ഗ്രാമീണ മേഖലയിലെ ശിക്ഷണപ്രബോധന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ ആരംഭിച്ച കർമ്മപദ്ധതിയാണ് വഖ്ഫെ ജദീദ്.

തുടക്കത്തിൽ ഇന്തോപാക്ക് മേഖലയിലെ സ്ഥലങ്ങളിൽ മാത്രമാണ് പ്രവർത്തനം കേന്ദ്രീകരിച്ചിരുന്നത്. ഹ.ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) യുടെ കാലത്താണ് അന്തർദേശീയ തലത്തിൽ വഖ്ഫെ ജദീദിന്റെ പ്രവർത്തനം വ്യാപിപ്പിച്ചത്.

പൂർവ്വകാല മഹാത്മാക്കളെ അനുകരിച്ചുകൊണ്ട് ഭൗതികതയിൽ നിന്ന് വിരക്തവും ആത്മീയതയിൽ ആഭിമുഖ്യവുമുള്ള ജീവിതം നയിക്കുന്ന യുവതലമുറ, ഗ്രാമീണ മേഖലകളിൽ തബ്ലീഗ് തർബ്ബിയ്യത്ത് രംഗത്ത് ഊർജ്ജിതമാവണമെന്ന് ഹ.മുസ്ലിഹ് മൗഊദ്(റ) നിർദ്ദേശിച്ചിരുന്നു.

സേവനസന്നദ്ധരായ അത്തരം ആളുകളുടെ കാര്യങ്ങൾ നോക്കി നടത്തുന്നതോടൊപ്പം ശിക്ഷണപ്രബോധന രംഗത്തെ വെല്ലുവിളികൾ ഏറ്റെടുക്കുക എന്നതും വഖ്ഫെ ജദീദ് ലക്ഷ്യമിടുന്നുണ്ട്.

അതിന്ന് ആവശ്യമായ തുക സ്വരൂപിക്കുന്നതിനാണ് ഹ.ഖലീഫത്തുൽ മസീഹ് രണ്ടാമൻ(റ), വഖ്ഫെ ജദീദിന്റെ ചന്ദയെക്കുറിച്ച് വിളംബരപ്പെടുത്തിയത്.

അന്ന് ഹുസൂർ പറഞ്ഞു: ഇത് അല്ലാഹുവിന്റെ പദ്ധതിയാണ്. അവൻ അതിനെ പൂർത്തികരിക്കുന്നതുമാണ്. എന്റെ ഹൃദയത്തിൽ അല്ലാഹുവാണ് ഈ ആഹ്വാനം ഇറക്കിയത്. അതുകൊണ്ട് തന്നെ എനിക്ക് വീട് വിൽക്കേണ്ടി വന്നാലും വസ്ത്രം വിൽക്കേണ്ടിവന്നാലും ഞാൻ ഈ കടം നിറവേറ്റുന്നതാണ്. ജമാഅത്തിലെ ഒരാളും എന്നോടൊപ്പം നിന്നില്ലെങ്കിൽ അവരെയെല്ലാം വേർപ്പെടുത്തുന്നതാണ്. എന്റെ സഹായത്തിന് വാനലോകത്തു നിന്ന് മാലാഖമാരെ ഇറക്കും. അതുകൊണ്ട് തന്നെ ന്യായപൂർത്തി എന്ന നിലയിൽ വീണ്ടും ഞാൻ വിളംബരപ്പെടുത്തുകയാണ്., സാമ്പത്തികസഹായത്തിനു ജനങ്ങൾക്ക് ശ്രദ്ധ വേണം. വഖ്ഫ് ചെയ്യുന്നതിലും ശ്രദ്ധിക്കണം. (05.01.1957)

ഈ പദ്ധതിയിൽ അഹ്മദികുട്ടികൾ (നാസിറാത്തും, അത്ഫാലും) ഭാഗഭാക്കാകണമെന്നും കഴിവതും അതിന്റെ ചന്ദ കുട്ടികൾ സ്വന്തം കൈകൊണ്ട് തന്നെ കൊടുക്കണമെന്നും ഹ.ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) ആഹ്വാനം ചെയ്തിരുന്നു.

ഏതായാലും ഇന്ന് വഖ്ഫെ ജദീദ് പദ്ധതി മുഖേന ലോകം മുഴുവൻ മുബല്ലിഗ്/മുഅല്ലിംമാരുടെ നെറ്റ്‌വർക്ക് സ്ഥാപിതമായിക്കഴിഞ്ഞിരിക്കുന്നു. അങ്ങിനെ ഗ്രാമീണമേഖലകളിൽ ഇസ്ലാമിന്റെ അടിത്തറ സുഭദ്രമാക്കുന്നതിൽ വഖ്ഫെ ജദീദ് നിർണായകമായ പങ്കാണ് വഹിക്കുന്നത്.

### ദൈവിക സംപ്രീതി

തങ്ങളുടെ അഭീഷ്ടവും ആനന്ദങ്ങളും അന്തസ്സും സമ്പത്തും ജീവനും ഉപേക്ഷിച്ചുകൊണ്ട് ദൈവമാർഗ്ഗത്തിൽ മരണദൃശ്യം പ്രകടമാകും വിധം കയ്പ് അനുഭവിക്കാതെ ദൈവിക സംപ്രീതി നിങ്ങൾക്ക് കരസ്ഥമാക്കാൻ സാധ്യമല്ല. (അൽവസിയ്യത്ത്)

### അലംഭാവം അരുത്

ജനങ്ങൾ എല്ലാനിലക്കും ഈ പ്രസ്ഥാനത്തിന് സേവനങ്ങൾ ചെല്ലുന്നതാണ്. സാമ്പത്തികമായും സേവനത്തിൽ അലംഭാവം അരുത്. നോക്കുക, ലോകത്ത് ഒരു സംവിധാനവും സമ്പത്ത് കൂടാതെ പ്രവർത്തിക്കുന്നതല്ല.

(മൽഫൂസാത്ത് 3.258)

### ഔദാര്യം

തങ്ങളും സാമ്പത്തികമായോ മറ്റോ സേവനം ചെയ്യുന്നവരാണെന്ന അഹങ്കാരവും ചിന്താഗതിയും അരുത്. ഞാൻ കൂടെ കൂടെ നിങ്ങളോട് പറയുകയാണ്, അല്ലാഹു നിങ്ങളുടെ സേവനങ്ങളുടെ ആശ്രിതനല്ല. സേവനത്തിന് നിങ്ങൾക്ക് അവസരം തന്നത് അവന്റെ ഔദാര്യമാണ്.

(മജ്മൂ അ ഇഹ്തിഹാറാത്ത് 3.498)

### കടമാണ്

അല്ലാഹു കടം ചോദിക്കുന്നു എന്നതിന്റെ വിവക്ഷ, മ അദല്ലാഹ് , അല്ലാഹുവിന് ആവശ്യമുണ്ടെന്നും അവൻ ആവശ്യക്കാരനാണെന്നുമല്ല. അങ്ങിനെ ധരിക്കുന്നതു പോലും കുഫ്ർ ആണ്. മാത്രമല്ല ഞാൻ പ്രതാപത്തോട് കൂടി തിരിച്ചുതരാമെന്ന് പറയുന്നു. അല്ലാഹു അനുഗ്രഹിക്കുന്നതിനുള്ള ഒരു രീതിയാണിത്. (അൽഹക്കം 10.05.1902)

### നന്മ ആർജ്ജിക്കൽ

സമ്പത്തിനോട് സ്നേഹം അരുത്. അല്ലാഹു പറയുന്നു. ലൻ തനാലുൽ ബിർ റഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ. നിങ്ങൾ ഇഷ്ടപ്പെടുന്ന വസ്തുക്കൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കാത്തിടത്തോളം നിങ്ങൾക്ക് ഒരിക്കലും നന്മ പ്രാപിക്കാൻ സാധ്യമല്ല.

(തഫ്സീർ ഹ. മസീഹ് മൗഊദ് (അ) 2.131)

### യഥാർത്ഥ സുഖം

സമ്പത്ത് കൊണ്ടുമാത്രം സമാധാനവും സുഖവും ലഭിക്കുന്നതല്ല. സമ്പത്തുണ്ടെങ്കിലും ആരോഗ്യം നല്ലതല്ലെങ്കിൽ ഉദാഹരണമായി വയറിനു അസുഖമായാൽ അത് സ്വർഗ്ഗീയജീവിതമാകുമോ? ഇതിൽ നിന്ന് മനസ്സിലാകുന്നത്, സമ്പത്തും സുഖത്തിന് നിദാനമല്ലെന്നാണ്. യഥാർത്ഥത്തിൽ അല്ലാഹുവുമായുള്ള ബന്ധം മാത്രമാണ് എല്ലാ നിലക്കും സ്വർഗ്ഗീയജീവിതമാകുന്നത്. (മൽഫൂസാത്ത് 3.335)

### സ്നേഹിതൻ

ഏതുവരെ ഏറ്റവും പ്രിയപ്പെട്ടതും ഇഷ്ടപ്പെട്ടതുമായ സാധനങ്ങൾ ചെലവഴിക്കുന്നില്ലയോ അതുവരെ സ്നേഹിതനും തോഴനും എന്ന സ്ഥാനവും കിട്ടുകയില്ല. ബുദ്ധിമുട്ടാനും ശരിയായ നന്മ ആർജ്ജിക്കാനും ആഗ്രഹിക്കാതെ എങ്ങിനെയാണ് സഫലത കരസ്ഥമാക്കാൻ കഴിയുക?

(തഫ്സീർ ഹദ്റത് മസീഹ് മൗഊദ് (അ) 2.131)

ദഅ്‌വത്തെ ഇലല്ലാഹ്



സഗീർ എച്ച് എസ്

# സത്യത്തിന്റെ ആത്മാവ്



**ഹദ്റത്ത് മൗലാനാ ഗുലാം റസൂൽ രാജകി ഖുദ്സി(റ)** *തന്റെ ഒരു തബ്‌ലീഗ് അനുഭവം വിവരിക്കുന്നു: ഒരു പ്രോഗ്രാമിൽ പങ്കെടുത്ത് പന്തലിൽ നിന്ന് പുറത്തേക്കിറങ്ങുമ്പോൾ അവിടെ കുറച്ച് പാതിരിമാർ മൗലാനാ സാഹിബിനെ കാത്ത് നിൽക്കുന്നുണ്ടായിരുന്നു. അവരുമായി നടന്ന രസകരമായ സംഭാഷണവും അതോടൊപ്പം വിശുദ്ധഖുർആന്റെ അനന്യമായ ഒരു വ്യഖ്യാനവുമാണ് ചുവടെ ചേർക്കുന്നത്.*

പാതിരി പറഞ്ഞു, يَسْـَٔلُوْنَكَ عَنِ الرُّوْحِ

എന്നതിനെക്കുറിച്ചാണ് ഞാൻ ചോദിക്കുന്നത്. അതിലെ ചോദ്യകർത്താക്കൾ ആരാണ്? 'റൂഹ്' എന്നതിന്റെ വിവക്ഷ എ ന്താണ്?

പാതിരി ആയത്ത് കേൾപ്പിച്ചപ്പോൾ എന്റെ ഹൃദയത്തിൽ അത്ഭുതകരമായ ഒരു അദ്ധ്യാത്മിക പ്രകാശം ഇറങ്ങുകയുണ്ടായി.

ഞാൻ പറഞ്ഞു: "വിശുദ്ധഖുർആൻ എല്ലാ കാലത്തേയും ജനങ്ങളുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ട് ഈ സന്ദർഭത്തിൽ 'റൂഹ്' (ആത്മാവിനെ) കുറിച്ച് ചോദിക്കുന്ന പാതിരിമാർ തന്നെയാണ് വിവക്ഷ."

പാതിരി ചോദിച്ചു, അങ്ങിനെയാണെങ്കിൽ 'യസ് അലൂനക്ക' എന്നതിലെ 'ക' നിന്നോട് എന്നതു കൊണ്ട് ആരെയാണ് ഉദ്ദേശിക്കുന്നത്?

ഞാൻ പറഞ്ഞു: "വിശുദ്ധഖുർആൻ ഇറങ്ങിക്കൊണ്ടിരുന്ന കാലത്ത് അല്ലാഹുവിന്റെ റസൂലും, ഇപ്പോൾ തിരുനബി(സ)യുടെ പ്രാതിനിത്യം വഹിക്കുന്ന ഏതെങ്കിലും ഗുലാം റസൂലും (റസൂലിന്റെ ദാസൻ എന്നർഥം) ആണ്.

പാതിരി ചോദിച്ചു! താങ്കൾ ഗുലാം റസൂൽ ആണോ?

ഞാൻ പറഞ്ഞു: ഞാൻ ഗുലാം റസൂൽ (റസൂലിന്റെ ദാസൻ) തന്നെ. യാദൃശ്ചികമെന്ന് പറയട്ടെ, എന്റെ പേരും ഗുലാം റസൂൽ എന്നാണ്. അതുകേട്ട് പുഞ്ചിരിച്ചു കൊണ്ട് പാതിരി ചോദിച്ചു, റൂഹ് (ആത്മാവ്) എന്നതു കൊണ്ട് താങ്കൾ എന്താണ് വിവക്ഷിക്കുന്നത്?

ഞാൻ പറഞ്ഞു; യോഹന്നാൻ (പുതിയ നിയമം) ൽ പറയപ്പെട്ട സത്യത്തിന്റെ ആത്മാവാണത്. ബൈബിൾ പറയുന്നു :

"അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളുടെ കൂടെ ഇരിക്കേണ്ടതിന് നിങ്ങൾക്ക് തരും. ലോകം അവനെ കാണുകയോ, അറിയുകയോ ചെയ്യായ്കയാൽ അതിൽ അവനെ ലഭിപ്പാൻ കഴിയില്ല.

(യോഹന്നാൻ 14:16,17)

വീണ്ടും പറയുന്നു.

എന്നാൽ ഞാൻ നിങ്ങളോട് സത്യം പറയുന്നു; ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരുകയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും. അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തും. അവർ എന്നിൽ വിശ്വസിക്കായ്ക കൊണ്ട് പാപത്തെക്കുറിച്ചും ഞാൻ പിതാവിന്റെ അടുക്കൽ പോകയും നിങ്ങൾ ഇനി എന്നെ കാണാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് നീതിയെ ക്കുറിച്ചും ഈ ലോകത്തിന്റെ പ്രഭു വിധിക്കപ്പെട്ടിരിക്ക കൊണ്ട് ന്യായവിധിയെക്കുറിച്ചും തന്നെ. ഇനിയും വളരേ നിങ്ങളോട് പറവാൻ ഉണ്ട്; എന്നാൽ നിങ്ങൾക്ക് ഇപ്പോൾ വഹിപ്പാൻ കഴിവില്ല! സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കുകയും വരുവാനുള്ളത് നിങ്ങൾക്കറിയിച്ചു തരുകയും ചെയ്യും.."(യോഹന്നാൻ 16:7 13)

ചുരുക്കത്തിൽ 'യസ് അലൂനക്ക അനിൽ റൂഹിൽ' സത്യത്തിന്റെ ആത്മാവിനെക്കുറിച്ചു തന്നെയാണ് പരാമർശം.

ഇതുകേട്ടപ്പോൾ പാതിരി പറഞ്ഞു: ഇവിടെ റൂഹ് (ആത്മാവ്) എന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ. റൂഹുൽ ഹഖ് (സത്യത്തിന്റെ ആത് മാവ്) എന്ന് പറഞ്ഞിട്ടില്ല.

ഞാൻ പറഞ്ഞു: അറബിഭാഷയുടെ നിയമമനുസരിച്ച് പരസ്പരം പദങ്ങൾ ചേർത്ത് ഉപയോഗിക്കുമ്പോൾ ചിലപ്പോൾ ചേർക്കപ്പെട്ട പദം ഒഴിവാക്കാറുണ്ട്. അങ്ങിനെ സാമാന്യ നാമം ഒഴിവാക്കുമ്പോൾ നിശ്ചിതനാമം അലിഫ് ലാം ചേർത്ത് ഉപയോഗിക്കുന്നു. (ഉദാഹരണമായി റൂഹുൽ ഹഖ് എന്നതിൽ ഹഖ് ഒഴിവാക്കി 'അർ റൂഹ്' എന്ന് പ്രയുക്ത മായിരിക്കണം. സമ്പാ)

പാതിരി പറഞ്ഞു: ഇവിടെ ഹഖ് എന്ന പദം ഒഴിവാക്കി എന്നതിന് എന്ത് സൂചനയാണുള്ളത്?

ഞാൻ പറഞ്ഞു: മുൻവചനങ്ങളിൽ സൂചനയുണ്ട്. അതിൽ قُلْ جَآءَ الْحَقُّ എന്ന പ്രയോഗമുണ്ട്. അതിൽ അൽഹഖ് റൂഹുൽ ഹഖ് എന്ന നിലയ്ക്കാണ് പ്രയുക്തമായിരുന്നത്. അവിടെ റൂഹ് എന്ന പദമാണ് ഒഴിവാക്കിയിട്ടുള്ളത്. ഈ വചനങ്ങളിൽ വ്യക്തമാകുന്നത് ഇതാണ്, സത്യത്തിന്റെ ആത്മാവിനെക്കുറിച്ചുള്ള പ്രവചനം, അതിന്റെ നിറപുലർച്ചക്ക് ക്രിസ്ത്യാനികൾ കാത്തിരിക്കുകയും ചെയ്യുന്നു.

അത് 'അംറു റബ്ബീ' (എന്റെ നാഥന്റെ കൽപന പ്രകാരം) വന്നിരിക്കുന്നു, കാരണം ഇഞ്ചീലിന്റെ അധ്യാപനം ന്യൂനതകളുള്ളതും അപൂർണ്ണവുമാണ്. അതുകൊണ്ട് തന്നെ യേശു പറയുന്നു:

"ഇനിയും വളരെ നിങ്ങളോട് പറയാനുണ്ട്. എന്നാൽ നിങ്ങൾക്ക് ഇപ്പോൾ വഹിപ്പാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും.

അതുകൊണ്ടാണ് വിശുദ്ധഖുർആൻ പറയുന്നത്:

وَمَآ اُوْتِيْتُمْ مِّنَ الْعِلْمِ اِلَّا قَلِيْلًا

അതായത്, നിങ്ങൾക്ക് ഇഞ്ചീൽ മുഖേന വളരേ കുറഞ്ഞ അറിവേ നൽകപ്പെട്ടിട്ടുള്ളൂ. മാത്രമല്ല വിശുദ്ധഖുർആൻ എല്ലാ സത്യങ്ങളും സമർപ്പിച്ചതായി വാദിക്കുകയും ചെയ്യുന്നു. ഉദാഹരണമായി വിശുദ്ധഖുർആനിലെ تِبْيَانًا لِّكُلِّ شَيْءٍ എല്ലാ സംഗതികളും (വി.ഖുർആൻ) വിശദമായി വിവരിക്കുന്നു.

مَا فَرَّطْنَا فِي الْكِتٰبِ مِنْ شَيْءٍ നാം ഈ ഗ്രന്ഥത്തിൽ ഒരു കുറവും വരുത്തിയിട്ടില്ല. തുടങ്ങിയ സൂക്തങ്ങളിൽ ഇക്കാര്യം വ്യക്തമാണ്.

ചുരുക്കത്തിൽ വാഗ്ദാനം ചെയ്യപ്പെട്ട സത്യത്തിന്റെ ആത്മാവ് ദൈവികവിധിയനുസരിച്ച് ഇറക്കപ്പെട്ടിരിക്കുന്നു.

പ്രത്യേക ജനങ്ങളിലേക്കും കാലത്തേക്കും വന്നതുകൊണ്ട് ഇഞ്ചീലിൽ ഉണ്ടായിരുന്ന ന്യൂനതകളെല്ലാം വിശുദ്ധഖുർആൻ മുഖേന ദൂരീകരിക്കപ്പെട്ടിരിക്കുന്നു. അതേക്കുറിച്ച് പ്രഖ്യാപിച്ചു കൊണ്ട് വിശുദ്ധഖുർആൻ പറയുന്നു.

اَلْيَوْمَ اَكْمَلْتُ لَكُمْ دِيْنَكُمْ
وَاَتْمَمْتُ عَلَيْكُمْ نِعْمَتِيْ

(ഇന്നേ ദിവസം ഞാൻ നിങ്ങൾക്ക് നിങ്ങളുടെ ദീൻ പൂർത്തികരിച്ചു തരുകയും എന്റെ അനുഗ്രഹങ്ങൾ നിങ്ങൾക്ക് മേൽ സമ്പൂർത്തീകരിക്കുകയും ചെയ്തിരിക്കുന്നു)

ഞാൻ ഈ വിഷയങ്ങൾ വിശദീകരിച്ചുകൊടുത്തപ്പോൾ പാതിരിമാർ ചോദിച്ചു, താങ്കൾ ഖാദിയാനിയാണോ?

ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ അഹ്മദിയാണ്.

എന്റെ വിശദീകരണങ്ങൾ കേട്ട പല മുസ്‌ലിംകളും എന്നോട് ചോദിച്ചു, താങ്കൾ എവിടെ നിന്നാണ് വിശുദ്ധഖുർആൻ പഠിച്ചത്?

ഞാൻ പറഞ്ഞു: ഇക്കാലഘട്ടത്തിൽ വിശുദ്ധഖുർആന്റെ വൈജ്ഞാനികനിർത്സരി ഹദ്റത് മസീഹ് മൗഊദ് അഹ്മദുൽ ഖാദിയാനി (അ) ആണ്.

# ഹദ്റത്ത് സഈദ് (റ) ഇബ്നു സൈദ്

**പിതാവ്: സൈദിബ്നു അംറ്, മാതാവ്: ഫാതിമ, പത്താമത്തെ തലമുറയിൽ അദ്ദേഹത്തിന്റെ വംശം നബി തിരുമേനി (സ) മായും മൂന്നാം തലമുറയിൽ ഹദ്റത്ത് ഉമർ (റ) മായും കൂടിച്ചേരുന്നു.**

## ഏകദൈവ വിശ്വാസിയായ പിതാവ്

ആത്മീയാന്ധകാരം ബാധിച്ചിരുന്ന അക്കാലത്ത് സൈദ് പ്രകാശിക്കുന്ന ഒരു ദീപമായിരുന്നു. വിശുദ്ധ ഇബ്റാഹീമീദീനിലും ഏക ദൈവ വിശ്വാസത്തിലും അദ്ദേഹം ഉറച്ചു നിന്നു. അജ്ഞാനകാല ഘട്ടത്തിലെ എല്ലാ അനാചാരങ്ങളിൽ നിന്നും അദ്ദേഹം സുരക്ഷിതനായിരുന്നു. എന്നാൽ നിർഭാഗ്യവശാൽ തിരുനബി(സ)യെ കാണാനും ബയ്അത്ത് ചെയ്യുന്നതിനുമുള്ള അവസരം അദ്ദേഹത്തിന് ലഭിച്ചില്ല.

## സഈദ് (റ) ഇസ്ലാം സ്വീകരിക്കുന്നു

തിരുനബി(സ) ഏകദൈവ വിശ്വാസത്തിന്റെ ശബ്ദം ഉയർത്തിയ ആദ്യകാലത്ത് തന്നെ ഇസ്ലാം മതം സ്വീകരിക്കുന്നതിനുള്ള സൗഭാഗ്യം സഈദ്(റ)ന് ലഭിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ഭാര്യ ഫാതിമ(റ) ഹദ്റത്ത് ഉമർ ഫാറൂഖ്(റ)ന്റെ സഹോദരിയായിരുന്നു. അവരും സഈദ്(റ)നോടൊപ്പം തന്നെ ഇസ്ലാം സ്വീകരിച്ചു. ഹദ്റത്ത് ഉമർ(റ)ന് ഈ വിവരം ലഭിച്ചപ്പോൾ അവരെ തടവിലാക്കുകയും വിവിധ തരത്തിലുള്ള പ്രയാസങ്ങൾ ഏൽപ്പിക്കുകയും ചെയ്തു. ഖുറൈശികളിൽ നിന്നും അവർക്ക് പീഡനങ്ങൾ സഹിക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ ഇതൊന്നും തന്നെ അവരെ ഇസ്ലാമിൽ നിന്ന് പിന്തിരിപ്പിച്ചില്ല.

## ഉമർ (റ) ഇസ്ലാം സ്വീകരിക്കുന്നു

ഒരിക്കൽ കോപാന്ധനായി സഹോദരിയെ അടിച്ചു പരിക്കേൽപ്പിച്ച ഉമർ (റ)നോട് എന്തുചെയ്താലും ഞങ്ങൾ ഇസ്ലാം ഉപേക്ഷിക്കുന്നതല്ല എന്ന സഹോദരിയുടെ നിലപാട് അല്പം ചിന്തയിലാഴ്ത്തി. കോപം അല്പം ശമിക്കുകയും സഹോദരി അപ്പോൾ പാരായണം ചെയ്ത ഖുർആൻ വചനം കേൾക്കുകയും ചെയ്തപ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ പരിവർത്തനം സംഭവിക്കുകയും അദ്ദേഹം ഇസ്ലാം സ്വീകരിക്കുകയും ചെയ്തു.

## ഹിജ്റത്ത്

ആദ്യകാല മുഹാജിരീംകളിൽ ഉൾപ്പെട്ടുകൊണ്ട് ഹദ്റത്ത് സഈദ്(റ) മദീനയിലെത്തി. നബി (സ) അദ്ദേഹത്തെ ഹദ്റത്ത് റാഫിഅ് ഇബ്നു മാലിക്(റ)ന്റെ സഹോദരനാക്കി.

## യുദ്ധങ്ങൾ

ബദ്ർ ഒഴിച്ചുള്ള മറ്റെല്ലാ യുദ്ധങ്ങളിലും അദ്ദേഹത്തിന് നബി(സ) യോടൊപ്പം പങ്കുചേരുന്നതിനുള്ള തൗഫീഖ് ലഭിക്കുകയുണ്ടായി. ഹദ്റത്ത് ത്വൽഹ(റ)നോടൊപ്പം ഖുറൈശികളുടെ നീക്കങ്ങൾ നിരീക്ഷിക്കാൻ നിയമിതനായിരുന്ന കാരണത്താലാണ് അദ്ദേഹത്തിന് ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ കഴിയാതിരുന്നത്. എന്നാലും തിരുനബി(സ) അദ്ദേഹത്തിന് യുദ്ധമുതലുകളിൽ നിന്ന് ഭാഗം നൽകുകയും, യുദ്ധത്തിൽ പങ്കെടുത്ത പ്രതിഫലത്തിന്റെ സുവാർത്ത അറിയിക്കുകയും ചെയ്തു.

## ജിഹാദിന്റെ ആവേശം

ഹദ്റത്ത് ഉമർ(റ)ന്റെ ഖിലാഫത്ത് കാലത്ത് ഹദ്റത്ത് അബൂ ഉബൈദ(റ) സിറിയ ജയിച്ചടക്കി. അദ്ദേഹത്തിന്റെ കാൽസവാരി സൈന്യത്തിന്റെ ഓഫീസർ ഹദ്റത്ത് സഈദ് (റ) ആ യിരുന്നു. ഡമസ്കസ് ഉപരോധ സമയത്തും യർമൂക് യുദ്ധത്തിലും അദ്ദേഹത്തിന്റെ ധൈര്യപാടവം ശ്രദ്ധേയമാകുകയുണ്ടായി. കുറച്ചു കാലത്തേക്ക് അദ്ദേഹം ഡമസ്കസിന്റെ ഗവർണ്ണറായിരുന്നു. എന്നാൽ താൻ ജിഹാദിൽ നിന്ന് പിന്തള്ളപ്പെടാൻ ആഗ്രഹിക്കുന്നില്ല, അതിനാൽ മറ്റാരെയെങ്കിലും ഗവർണ്ണറാക്കി ഇവിടേക്ക് നിയമിക്കണമെന്ന് അദ്ദേഹം അബൂ ഉബൈദ(റ) ന് കത്തെഴുതി. അങ്ങിനെ മറ്റൊരാളെ ഗവർണ്ണറായി നിശ്ചയിച്ചു.

## ഉന്നതമായ ധാർമിക ഗുണം

ഹദ്റത്ത് സഈദ്(റ) സൽപ്രകൃതക്കാരനും വിശാല മനസ്കനും ആയിരുന്നു. അഖീഖിലുള്ള സ്വത്തിൽ നിന്നുള്ള വരുമാനമായിരുന്നു ജീവിത മാർഗം. ഒരിക്കൽ അദ്ദേഹത്തിന്റെ ഭൂമിയോടു ചേർന്ന് നിലമുള്ള അർവ എന്ന ഒരു സ്ത്രീ സഈദ്(റ) തന്റെ ഭൂമിയിൽ നിന്ന് കുറച്ച് കൈവശപ്പെടുത്തിയിരിക്കുന്നു എന്ന ആരോപണം ഉന്നയിച്ചു പരാതി നൽകി. അപ്പോൾ അദ്ദേഹം അഖീഖയിലുള്ള തന്റെ ഭൂമി അവർക്ക് നൽകുന്നു എന്ന് വിളംബരപ്പെടുത്തി. അതോടൊപ്പം തിരുമേനി(സ)യുടെ ഒരു ഹദീസും കേൾപ്പിച്ചു. നബി (സ) പറഞ്ഞു, ആരെങ്കിലും അന്യായമായ നിലയിൽ ഒരു ചാൺ ഭൂമിയെങ്കിലും അപഹരിച്ചാൽ ഖിയാമത്ത് നാളിൽ ഏഴ് ഭൂമികളുടെ ഭാരം ചുമക്കേണ്ടി വരുന്നതാണ്.

## ദുആ സ്വീകാര്യത

സത്യാസത്യ വിവേചനത്തിനായി ആ സ്ത്രീയെ സംബന്ധിച്ച് അദ്ദേഹം ഇങ്ങനെ ദുആ ചെയ്തു, അല്ലാഹുവേ! അഥവാ ഈ സ്ത്രീ ദ്രോഹിക്കപ്പെട്ടവളല്ല മറിച്ച് ദ്രോഹിയാണെങ്കിൽ അവളെ അന്ധയാക്കി അവളുടെ കിണറ്റിൽ വീഴ്ത്തുകയും ഞാൻ അന്യായം പ്രവർത്തിക്കുന്നവനല്ല എന്ന് മുസ്ലിംകൾക്ക് ബോധ്യപ്പെടുത്തുകയും ചെയ്യേണമേ. അദ്ദേഹത്തിന്റെ ദുആ സ്വീകരിക്കപ്പെട്ടു. അഖീഖിൽ പ്രളയം വരികയും അവരുടെ അതിര് വ്യക്തമായ നിലയിൽ വെളിപ്പെടുകയും ചെയ്തു. കൂടാതെ അവർ, അന്ധയാകുകയും അവരുടെ തന്നെ കിണറ്റിൽ വീഴുകയും ചെയ്തു. ഈ സംഭവം അവിടെ പ്രസിദ്ധമാകുകയും അതൊരു പഴഞ്ചൊല്ലായി മാറുകയും ചെയ്തു. ആരെയെങ്കിലും ശപിക്കണമെങ്കിൽ അല്ലാഹു അവനെ അർവയാക്കട്ടെ എന്ന് പറയും.

## കലഹങ്ങളിൽ നിന്ന് വിട്ടു നിന്നിരുന്നു

അദ്ദേഹം തന്റെ സൽപ്രകൃതത്താൽ കലാപകാലത്തെ എല്ലാ കലഹങ്ങളിൽ നിന്നും വിട്ടു നിന്നിരുന്നു. ഹദ്റത്ത് ഉസ്മാൻ(റ)ന്റെ ശഹാദത്ത് സമയത്ത് അദ്ദേഹം പറഞ്ഞു, കാലത്തിന്റെ ഖലീഫയോട് ചെയ്ത ഈ പാതകത്തിന്റെ ഫലമായി ഉഹദ് പർവതം വിറച്ചുപോയാലും അൽഭുതമില്ല.

11



ചരിത്രം

ഇഷ്

# ഹിരോഷിമ നാഗസാക്കി






**1945 ആഗസ്റ്റ് 6ന്** ജപ്പാനിലെ ഹിരോഷിമയിലും **9ന്** നാഗസാക്കിയിലും അമേരിക്ക ആറ്റം ബോംബ് വർഷിച്ചു. ഇത് ഈ രണ്ട് പട്ടണങ്ങളെ മാത്രമല്ല നശിപ്പിച്ചത്. മറിച്ച് അടുത്ത പ്രദേശങ്ങളിലും ഭയാനകമായ വിപത്തുകൾ വിതക്കുകയുണ്ടായി. കാലാകാലവും വ്യത്യസ്തമായ രോഗങ്ങൾ പൊട്ടിപ്പുറപ്പെടുകയും ചെയ്യുന്നു. വിവിധയിനം റേഡിയോ തരംഗങ്ങൾ ഈ ബോംബ്സ്ഫോടനഫലമായി ഉണ്ടാകുകയും അത് ജീവിതത്തെ നശിപ്പിക്കാൻ നിമിത്തമാവുകയും ചെയ്യുന്നു. മനുഷ്യൻ ജീവഛവമായി മാറുകയാണ്.ഈ തരംഗങ്ങൾ മനുഷ്യന്റെ രൂപഭാവങ്ങളെ തന്നെ മാറ്റിയിരുന്നു. മനുഷ്യനിലുള്ള ഓരോ തന്മാത്രയിലും അത് പ്രഭാവം ചെലുത്തുകയും, ജീവിത ഗതി തന്നെ മാറ്റി മറിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു.

ഈ പ്രദേശങ്ങളിൽ ജനിക്കുന്ന ചില കുട്ടികളിൽ രൂപഭാവങ്ങൾ ഭയപ്പെടുത്തുന്നവയാണ്. ചിലർക്ക് വയറിലാണ് കണ്ണ് ഉണ്ടായതെങ്കിൽ ചിലർക്ക് തലക്ക് മുകളിലാണ് ഉണ്ടായത്. ചിലയാളുകളെ പ്രത്യക്ഷത്തിൽ സ്വാധീനിച്ചിട്ടില്ലെങ്കിൽ തന്നേയും അടുത്ത തലമുറ വികൃതജീവികളായി മാറി. മുടി പൂർണമായും ഇല്ലാതായവർ, ശരീരത്തിൽ ജീർണത ബാധിച്ചവർ,നഖം ദ്രവിച്ചവർ,കരൾ നശിച്ചവർ,കാഴ്ച നഷ്ടപ്പെട്ടവർ അങ്ങിനെ ആറ്റം ബോബിന്റെ ദുരിതമനുഭവിക്കുന്നവർ നിരവധിയാണ്.

*(ഖുത്ബാത്തെ ത്വാഹിർ ഭാഗം:2)*

## ആഗസ്റ്റ് 6 ഹിരോഷിമാ ദിനം | ആഗസ്റ്റ് 9 നാഗസാക്കി ദിനം






### Safe Side

ഒരിക്കൽ അമേരിക്കൻ പ്രസിഡന്റും ബ്രിട്ടീഷ് പ്രധാനമന്ത്രിയും ബോംബുകളുടെ പ്രത്യാഘാതങ്ങളെ കുറിച്ച് ചർച്ച ചെയ്യുകയായിരുന്നു. ബ്രിട്ടീഷ് പ്രധാനമന്ത്രിയോടൊപ്പം ശാസ്ത്രോപദേഷ്ടാവും ഉണ്ടായിരുന്നു. അദ്ദേഹം അമേരിക്കൻ പ്രസിഡന്റിനോട് പറഞ്ഞു!
ഇനിയൊരു മഹായുദ്ധം പൊട്ടിപ്പുറപ്പെട്ടാൽ നിങ്ങളുടെ രാജ്യത്തിന്റെ എന്തെങ്കിലുമൊക്കെ അവശേഷിക്കും,കാരണം വലിയൊരു രാജ്യമാണല്ലോ? പക്ഷെ ഞങ്ങളുടെ രാജ്യത്തിന്റെ അവസ്ഥ എന്താകും? ഞങ്ങളുടെ കണക്കനുസരിച്ച് മുഴുവൻ ഇംഗ്ലണ്ടിനേയും ഭൂമുഖത്ത് നിന്ന് ഇല്ലായ്മ ചെയ്യാൻ കേവലം മൂന്നോ നാലോ ബോംബുകൾ മതി. ഒരു പട്ടണമല്ല, മറിച്ച് കോടികണക്കിന് ആളുകൾ നിവസിക്കുന്ന മുഴുവൻ രാജ്യത്തേയും ഇല്ലായ്മ ചെയ്യാൻ മൂന്ന് നാല് ബോംബുകൾക്ക് കഴിയും. രാജ്യത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ ഏകദേശം 1500, 1600 മൈലുകൾ മാത്രമേ ഉള്ളൂ.
തുടർന്ന് അദ്ദേഹം പറഞ്ഞു.**To be on the safe side atmost seven would be enough** (കുറച്ചു കൂടി സൂക്ഷിച്ച് പറഞ്ഞാൽ 7 ബോംബുകൾ മതിയാകും)

*(ഖുതുബാത്തെ ത്വാഹിർ ഭാഗം:2)*

### സത്യസന്ധത

സത്യം തുറന്നു പറയുന്നതിൽ അദ്ദേഹം ഒരിക്കലും അമാന്തിച്ചിരുന്നില്ല. ഒരിക്കൽ അമീർ മുആവിയയുടെ കൂഫാ ഗവർണറായ മുഗൈറ(റ) അവിടുത്തെ ജാമിഅ മസ്ജിദിൽ ഇരിക്കുന്ന സമയത്ത് അദ്ദേഹം അവിടെ എത്തി. ഗവർണർ അദ്ദേഹത്തെ സ്നേഹാദരങ്ങളോടെ സ്വീകരിച്ചിരുത്തി. സംസാരമദ്ധ്യേ ഒരു കൂഫക്കാരൻ ഹദ്റത്ത് അലി(റ)നെ സംബന്ധിച്ച് മോശമായി പറഞ്ഞു. അയാളോടു വളരെ ദേഷ്യപ്പെട്ടു കൊണ്ട് നബിതിരുമേനി (സ) ഹദ്റത്ത് അലി(റ)നെ സംബന്ധിച്ച് പറഞ്ഞിട്ടുള്ള സവിശേഷതകൾ കേൾപ്പിച്ചു. തുടർന്ന് പറഞ്ഞു, നബി (സ) പറയാത്ത കാര്യങ്ങൾ പറയുന്നത് എനിക്കൊരിക്കലും ഭൂഷണമല്ല. ഞാനത് സഹിക്കുകയുമില്ല.

### ഹദീസ് രിവായത്തുകൾ

സഈദ് (റ) ന്റെ ഹദീസ് രിവായത്തുകൾ ദുർലഭമാണ്. അദ്ദേഹത്തിന്റെ നിവേദനങ്ങളിലധികവും വുളുവിന്റെ മര്യാദകളേയും, വിശ്വാസങ്ങളേയും, അൻസാറുകളോടുള്ള സ്നേഹത്തേയും സംബന്ധിച്ചുള്ളതാകുന്നു.

### വഫാത്ത്

മൗനപ്രകൃതനും ഏകാന്തതൽപരനുമാണെന്ന കാരണത്താൽ അദ്ദേഹത്തിന്റെ വളരെ കുറച്ച് അവസ്ഥകളേ രേഖപ്പെട്ടിട്ടുള്ളൂ. അദ്ദേഹത്തിന്റെ വഫാത്ത് 50 അല്ലെങ്കിൽ 51 ഹിജ്റിയിലാണ് സംഭവിച്ചത്. ഒരു വെള്ളിയാഴ്ച ദിവസമായിരുന്നു. അന്നേരം അദ്ദേഹത്തിന് 70 നു മുകളിൽ പ്രായമുണ്ടായിരുന്നു. ഹദ്റത്ത് സഅദ് (റ) ഇബ്നു വഖാസ് അദ്ദേഹത്തെ കുളിപ്പിക്കുകയും, അബ്ദുല്ലാഹിബ്നു ഉമർ(റ) ജനാസ നമസ്കരിപ്പിക്കുകയും ചെയ്തു.

### വിവാഹവും സന്താനങ്ങളും

വിവിധ സന്ദർഭങ്ങളായി അദ്ദേഹം ഏഴ് വിവാഹം കഴിച്ചിരുന്നു. അതിൽ നിന്നായി അദ്ദേഹത്തിന്റെ 13 ആൺകുട്ടികളുടേയും 16 പെൺകുട്ടികളുടേയും പേരുകൾ ചരിത്രത്തിൽ ലഭ്യമാണ്.

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

പുണ്യാത്മാക്കൾ

# ഹദ്റത്ത് മുൻശി അറോഡേ ഖാൻ സാഹിബ് (റ)



### ആരംഭകാലം

ജനനം: 1846ൽ കപൂർത്തലയിൽ. ചെറുപ്പത്തിൽ തന്നെ പിതാവ് അദ്ദേഹത്തെ ടെന്റ് നെയ്ത്തിലും ചിത്രപ്പണിയിലും ഏർപ്പെടുത്തി. ചെറുപ്രായത്തിൽ തന്നെ പിതാവ് മരപ്പെട്ട കാരണത്താൽ കുടുംബത്തിന്റെ ചുമതല ഏൽക്കേണ്ടി വന്നു. അതിനായി ജോലി അന്വേഷിച്ചിറങ്ങി. കോടതിയിലെ അറിയിപ്പുകൾ ബന്ധപ്പെട്ടവർക്ക് എത്തിക്കുന്ന ജോലിയാണ് ആദ്യം ലഭിച്ചത്. പിന്നീട് അതിൽ നിന്ന് അഭിവൃദ്ധിപ്പെട്ട് അവസാനം തഹസീൽദാർ വരെ ആയി വിരമിക്കുകയായിരുന്നു. ഭരണകൂടം ഖാൻ ബഹാദൂർ എന്ന പദവി നൽകി ആദരിച്ചു. വിരമിച്ച ശേഷം 1915 മുതൽ ഖാദിയാനിൽ സ്ഥിരതാമസമാക്കി.

### മസീഹ് മൗഊദ് (അ) നെ പരിചയപ്പെടുന്നു

ബട്ടാലയിൽ വെച്ചാണ് ആദ്യമായി മസീഹ് മൗഊദ്(അ)മായി കാണുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) അന്നേരം ബശീർ അവ്വലിന്റെ ചികിൽസാർത്ഥം ബട്ടാലയിൽ ഉണ്ടായിരുന്നു. അവിടെ വെച്ച് ക്രിസ്തീയർ മസീഹ് മൗഊദ്(അ)നെ വെല്ലുവിളിച്ചു. അഥവാ ദൈവിക വെളിപാടുകൾ ഉണ്ടാകുന്നു വെങ്കിൽ അത് തെളിയിക്കുക. ഞങ്ങൾ ഒരു കവറിൽ കുറച്ച് കാര്യങ്ങൾ എഴുതി വെക്കും. താങ്കൾ വെളിപാടു മുഖേന മനസ്സിലാക്കി അത് പറഞ്ഞു തരിക. മസീഹ് മൗഊദ് (അ) ആ വെല്ലുവിളി സ്വീകരിച്ചു. എന്നാൽ ഒരു നിബന്ധന വെച്ചു. അഥവാ ഞാൻ അത് കൃത്യമായി പറഞ്ഞാൽ ആ പാതിരി ഇസ്ലാം മതം സ്വീകരിക്കണം. എന്നാൽ പാതിരി നിഷേധിക്കുകയാണ് ചെയ്തത്. മസീഹ് മൗഊദ്(അ)ന്റെ ഈ ധൈര്യവും ആർജ്ജവവും അദ്ദേഹത്തെ ആകർഷിച്ചു. അങ്ങിനെ അദ്ദേഹം മസീഹ് മൗഊദ്(അ)മായി ഒരു ആത്മബന്ധം സ്ഥാപിച്ചു. അന്ന് മസീഹ് മൗഊദ്(അ) വാദം പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നില്ല. ചുരുക്കത്തിൽ ആദ്യകാലം മുതൽക്കു തന്നെ അദ്ദേഹത്തിന് മസീഹ് മൗഊദ് (അ) നോടൊപ്പം ചേരുന്നതിനുള്ള തൗഫീഖ് ലഭിച്ചിരുന്നു.

### ഖാദിയാനിൽ

1886 ൽ മസീഹ് മൗഊദ് (അ) ന്റെ സുർമ ചശ്മ ആര്യ എന്ന ഗ്രന്ഥം വായിച്ച അദ്ദേഹം തന്റെ സുഹൃത്തുക്കളായ മുൻശി സഫർ അഹ്മദ് സാഹിബ്, മുൻശി മുഹമ്മദ് ഖാൻ സാഹിബ് എന്നിവരോടൊത്ത് മൂന്ന് നാല് രൂപയുടെ മധുരവും വാങ്ങി ഖാദിയാനിലെത്തി. മസീഹ് മൗഊദ്(അ)മായി കൂടിക്കാഴ്ച നടത്തി. അവർ മൂന്ന് പേരും ബയ്അത്തിനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. എന്നാൽ തനിക്ക് അല്ലാഹുവിൽ നിന്നുള്ള അനുമതി ലഭിച്ചിട്ടില്ലെന്ന് മസീഹ് മൗഊദ് (അ) മറുപടി പറഞ്ഞു. എന്നിരുന്നാലും വീണ്ടും വീണ്ടും കൂടിക്കാഴ്ച നടത്തിക്കൊണ്ടിരിക്കുന്നതിനായി നിർദ്ദേശിച്ചു. അങ്ങിനെ അവർ പലപ്പോഴുമായി ഖാദിയാനിൽ വന്നു കൊണ്ടിരുന്നു.

### ബയ്അത്ത്

ബയ്അത്തിനുള്ള അനുമതി അല്ലാഹുവിൽ നിന്ന് ലഭിച്ചപ്പോൾ മസീഹ് മൗഊദ് (അ) കപൂർത്തലയിലുള്ളവരോടും ബയ്അത്തിനായി ലുധിയാനയിൽ എത്താൻ നിർദേശിച്ചു. അങ്ങനെ അദ്ദേഹം ലുധിയാനയിൽ എത്തുകയും ആദ്യ ദിനത്തിൽ തന്നെ ബയ്അത്ത് ചെയ്യുന്നതിനുള്ള ഭാഗ്യം സിദ്ധിക്കുകയും ചെയ്തു.

### 313 സഹാബികളിൽ

ഹദ്റത്ത് മസീഹ് മൗഊദ് (അ) നബി (സ) യുടെ പ്രവചനപ്രകാരമുള്ള തന്റെ സവിശേഷ 313 സഹാബാക്കളിൽ 7-ാം സ്ഥാനത്ത് അദ്ദേഹത്തിന്റെ പേരാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

### മസീഹ് മൗഊദ് (അ)നോടുള്ള അനുരക്തി

അദ്ദേഹം മസീഹ് മൗഊദ്(അ)നെ അങ്ങേയറ്റം സ്നേഹിച്ചിരുന്നു. അക്കാരണത്താൽ തന്നെ അവധി ലഭിക്കുമ്പോഴെല്ലാം തന്നെ അദ്ദേഹം ഖാദിയാനിൽ എത്തുമായിരുന്നു. തന്റെ തുഛമായ വരുമാനത്തിൽ നിന്ന് അല്പാല്പമായി സ്വരുക്കൂട്ടിയ തുക അദ്ദേഹം മസീഹ് മൗഊദ്(അ)നെ ഏൽപിക്കുമായിരുന്നു.

### സ്വർണ്ണനാണയം ഉപഹാരമായി നൽകുന്നു

സാമ്പത്തിക ശേഷിയുള്ളവർ ഉപഹാരമായി നൽകുന്നതു പോലെ തനിക്കും സ്വർണ്ണനാണയം നൽകാൻ കഴിയണമെന്നത് അദ്ദേഹത്തിന്റെ ഉൽക്കടമായ ആഗ്രഹമായിരുന്നു. അതിന്നായി മറ്റ് ചന്ദകളെല്ലാം നൽകിയതിനു ശേഷം കുറച്ച് കുറച്ച് പൈസ സ്വരുക്കൂട്ടാൻ തുടങ്ങി. അങ്ങനെ നീണ്ടകാലത്തെ പരിശ്രമത്തിനു ശേഷം അദ്ദേഹം മൂന്ന് സ്വർണ്ണനാണയം വാങ്ങി എന്നാൽ അത് സമർപ്പിക്കുന്നതിനുള്ള സൗഭാഗ്യം അദ്ദേഹത്തിന് ലഭിച്ചില്ല. അതിനു മുമ്പേ മസീഹ് മൗഊദ് (അ) ഈ ലോകത്തു നിന്ന് വിടപറഞ്ഞു. എന്നാൽ അദ്ദേഹം ആ ഉപഹാരം ഹദ്റത്ത് അമ്മാജാൻ(റ) ഏൽപ്പിക്കുവാനായി നൽകുകയുണ്ടായി.

### ഹുസൂർ കപൂർത്തലയിൽ

അദ്ദേഹം ഹുസൂറിനെ എപ്പോഴും കപൂർത്തലയിലേക്ക് ക്ഷണിക്കുമായിരുന്നു. സമയം ലഭിക്കുമ്പോൾ വരാം എന്ന് ഹുസൂർ മറുപടി പറയുമായിരുന്നു. ഒരിക്കൽ അദ്ദേഹം കപൂർത്തലയിലെ ഒരു കടയിൽ ഇരിക്കുമ്പോൾ ജമാഅത്തിന്റെ ഒരു കഠിനവിരോധി അദ്ദേഹത്തോട് നിങ്ങളുടെ മിർസാ സാഹിബ് വരുന്നല്ലോ എന്ന് പറയുകയുണ്ടായി. കേട്ട പാതി കേൾക്കാത്ത പാതി അദ്ദേഹം നഗ്നപാദനായി തന്നെ ബസ് സ്റ്റാന്റിലേക്ക് ഓടി. എന്നാൽ പറഞ്ഞത് വിരോധിയല്ലേ അയാൾ തന്നെ പരിഹസിച്ചതായിരിക്കും എന്ന് കരുതി അദ്ദേഹം തിരിച്ച് വന്ന് അയാളെ ശകാരിക്കാൻ തുടങ്ങി. എന്നാൽ ശരിക്കും മിർസാ സാഹിബ് വന്നിട്ടുണ്ടെന്ന് പറഞ്ഞപ്പോൾ വീണ്ടും അദ്ദേഹം ഓടാൻ തുടങ്ങി. വീണ്ടും തന്നെ പരിഹസിച്ചതായിരിക്കുമോ എന്ന ചിന്തയിൽ മടങ്ങി വന്നു. അയാൾ വീണ്ടും ഉറപ്പ് പറഞ്ഞപ്പോൾ അദ്ദേഹം പിന്നേയും ഓടി. അപ്പോൾ മസീഹ് മൗഊദ് (അ) നെ അവിടെ കാണുകയുണ്ടായി.

### മസീഹ് മൗഊദ് (അ)ന്റെ സ്നേഹം

ഒരിക്കൽ ഗുർദാസ്പൂരിലേക്ക് പുറപ്പെടാൻ തുടങ്ങിയ മസീഹ് മൗഊദ് (അ) അദ്ദേഹത്തേയും കൂടെ കൂട്ടി. ബട്ടാലയിൽ നിന്ന് ട്രെയിനിൽ യാത്രയാകണമായിരുന്നു. ബട്ടാലയിലുള്ള തന്റെ മകളെ കണ്ട ശേഷം പോകാൻ അദ്ദേഹം ആഗ്രഹിച്ചു. എന്നാൽ സമയം വൈകുന്നതിൽ പരിഭ്രമിച്ച അദ്ദേഹത്തിന്റെ അവസ്ഥ കണ്ട് മസീഹ് മൗഊദ് (അ) തന്റെ കുതിരവണ്ടിയിൽ അദ്ദേഹത്തെ യാത്രയാക്കി. പിന്നീട് ഹുസൂർ കാൽനടയായി പുറപ്പെട്ടു.

### ഭക്ഷണം എത്തിക്കുന്നു

ഒരിക്കൽ കൂടിക്കാഴ്ചക്ക് ശേഷം മടങ്ങാനൊരുങ്ങിയ അദ്ദേഹത്തോടും കൂട്ടരോടും ഭക്ഷണം കഴിച്ചിട്ട് പോയാൽ മതിയെന്ന് ഹുസൂർ(അ) പറഞ്ഞു.

അപ്പോൾ അവർ ലങ്കറിലേക്ക് മടങ്ങുകയും പിന്നീട് ഭക്ഷണ

13



# ഇമാമുസമാന്റെ ഫത്‌വകൾ

## സ്വീകരിക്കപ്പെടുന്ന പ്രാർത്ഥനയുടെ അടയാളങ്ങൾ

ദുആ സ്വീകരിക്കപ്പെടാൻ പോകുമ്പോൾ അല്ലാഹു തന്നെ ദുആ ചെയ്യുന്നവന്റെ ഹൃദയത്തിൽ സത്യസന്ധമായ ഒരു ആവേശവും വേവലാതിയും ഇട്ടുകൊടുക്കുന്നു. ചിലപ്പോൾ അല്ലാഹു തന്നെ ഒരു ദുആ പഠിപ്പിച്ചു കൊടുക്കുന്നു.

അല്ലാഹു പറയുന്നു. **ഫത്തലക്കാ ആദമു മിൻ റബ്ബിഹീ കലിമത്തിൻ** എന്ന വചനത്തിൽ നിന്ന് ഇക്കാര്യം വ്യക്തമായും മനസ്സിലാകുന്നുണ്ട്. അതായത് അല്ലാഹു തന്റെ ദാസൻമാർക്ക് സ്വീകരിക്കപ്പെടുന്ന പ്രാർത്ഥനകൾ ഇൽഹാമായിട്ട് തന്നെ സ്വയം പഠിപ്പിച്ചു കൊടുക്കുന്നു. ചിലപ്പോൾ പഠിപ്പിക്കപ്പെടുന്ന പ്രാർത്ഥനകളിൽ പ്രാർത്ഥിക്കുന്ന ആൾ ഇഷ്ടപെടാത്ത വാക്കുകളും ഉണ്ടാകാറുണ്ട്. എന്നാലും ദുആ സ്വീകരിക്കപ്പെടുന്നു. അല്ലാഹു ഇതു സംബന്ധമായി പറയുന്നു.

**അസാ അൻ തക്റഹൂ ശൈഅൻ**
**വ ഹുവ ഖൈറുൻ ലക്കും.**

**പ്രാർത്ഥന മുസ്‌ലിംകളെ ദുർബലരാക്കിയിരിക്കുന്നു.** ദുആ വിഷമങ്ങളെ ദൂരികരിക്കുന്നതാണെന്ന മുസ്‌ലിംകളുടെ വിശ്വാസം അവരെ വളരെയധികം ദുർബലരാക്കുകയാണ് എന്ന ഒരു നേതാവിന്റെ ചിന്താഗതിയെ കുറിച്ച് അറിഞ്ഞപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ദുആയെ നിഷേധിക്കുന്നവൻ ദൈവനിഷേധിയാണ്.

ദൈവത്തെ തിരിച്ചറിയാനുള്ള ഒരേ ഒരു മാർഗ്ഗം ദുആ മാത്രമാകുന്നു. അവന്റെ അസ്തിത്വത്തെ നിർബന്ധമായോ, അല്ലെങ്കിൽ സ്വമേധയായോ ആംഗീകരിക്കേണ്ട സമയം വന്നിരിക്കുകയാണ്. യഥാർത്ഥത്തിൽ എല്ലാ സ്ഥലത്തും നിരീശ്വരത്വം കൊടികുത്തിവാഴുകയാണ്. ഇന്നത്തെ മത സദസ്സുകളിൽ ദുആ,തവക്കുൽ ഇൻശാ അല്ലാഹ്, എന്നീ വാക്കുകൾ ഉച്ചരിക്കുന്നതിനെ കുറിച്ച് പരിഹസിക്കുന്നു. ഇത്തരം കാര്യങ്ങളെ വിഢിത്തം എന്നാണ് പറയുക. കാരണം ദൈവത്തോട് അൽപമെങ്കിലും സ്നേഹമുണ്ടായിരുന്നുവെങ്കിൽ ഇത്തരം നാമങ്ങൾ ഉച്ചരിക്കുന്നതുക്കൊണ്ട് എന്തിനാണ് അസ്വസ്തതയു ണ്ടാകേണ്ടത്. ആരോടെങ്കിലും സ്നേഹമുണ്ടെങ്കിൽ ആ പ്രിയതമന്റെ പേര് ഏതെങ്കിലും തരത്തിൽ നാവിൽ കൊണ്ട്‌വരാൻ ശ്രമിക്കുകയാണ് ചെയ്യുക. അവരുടെ വീക്ഷണത്തിൽ ദൈവമെന്ന ഒരു അസ്തിത്വമില്ലെങ്കിൽ ഇന്നും മരണത്തിന്റെ കവാടം തുറന്നിരിക്കുകയാണ്. അതിനെ ഒന്ന് അടച്ചു കാണിച്ചുതരട്ടെ. നമുക്ക് അല്ലാഹുവിന്റെ അസ്തിത്വത്തിൽ എത്രകണ്ട് പ്രതീക്ഷകളുണ്ടോ, അത്രതന്നെ മറ്റു വിഭാഗത്തിനു ദൈവത്തെ സംബന്ധിച്ച് അപ്രതീക്ഷയാണുള്ളതെന്നത് വളരെ ആശ്ചര്യജനകം തന്നെ. യഥാർത്ഥത്തിൽ അല്ലാഹുവിന്റെ അനുഗ്രഹം ആവശ്യമാണ്. അവൻ ഹൃദയത്തിന്റെ താക്കോൽ തുറന്നില്ലെങ്കിൽ പിന്നെ ആരാണ് അത് തുറക്കുന്നത്. അവൻ ആഗ്രഹിക്കുകയായിരുന്നെങ്കിൽ അവന്റെ കാര്യങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി മനുഷ്യനെ അകറ്റിനിർത്തിക്കൊണ്ട് ഒരു പട്ടിക്ക് ബുദ്ധി നൽകുമായിരുന്നു.

(അൽഹക്കം 24/05/1904 - പേജ് 3)

**(ഫത്താവാ ഹദ്റത്ത് മസീഹ് മൗഊദ് (അ))**

*വിവ: മുഹമ്മദ് നജീബ് ഖാൻ*

## വഖ്ഫെ ജദീദ് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- വഖ്ഫെ ജദീദ് സാമ്പത്തിക വർഷം ജനുവരി 1 മുതൽ ഡിസംബർ 31 വരെയാണ്.
- ജമാഅത്തിലെ എല്ലാ സ്ത്രീപുരുഷന്മാരും കുട്ടികളും ഈ പദ്ധതിയിൽ ഭാഗഭാക്കായി എന്ന് ഉറപ്പു വരുത്തേണ്ടതാണ്.
- നവ അഹ്മദികളെയും ഇതിൽ ഉൾപ്പെടുത്തുക.
- കുടുംബനാഥൻ വീട്ടിലെ എല്ലാവരും ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
- നവജാതശിശുക്കളേയും ഉൾപ്പെടുത്തുക.
- സമ്പാദ്യം തുടങ്ങിയവരോട് അവരുടെ വരുമാനത്തെ പരിഗണിച്ച് ചന്ദ എഴുതിപ്പിക്കേണ്ടതാണ്.
- ചന്ദ കൊടുത്തുകൊണ്ടിരിക്കുന്നവർ മരണപ്പെട്ടാൽ, പ്രസ്തുത ചന്ദ നില നിർത്താൻ അവരുടെ കുടുംബക്കാർ ശ്രദ്ധിക്കേണ്ടതാണ്.

(അവ: മാലിഖുർബാനി ഏക് തആറുഫ്
പ്രസാധനം: തഹ്‌രീക് ജദീദ് - റബ്‌വ)

**“കുട്ടികൾ തുടക്കം മുതലേ വഖ്ഫെ ജദീദിൽ ഭാഗഭാക്കായാൽ എല്ലാത്തരം ചന്ദയിലും ഭാഗഭാക്കാകാൻ അവർക്ക് പ്രോത്സാഹനം കിട്ടുന്നതാണ്.”**

ഹ.ഖലീഫത്തുൽ മസീഹ് IV(റഹ്)

മെത്തിയപ്പോൾ കഴിച്ച് അവിടെ നിന്നു തന്നെ മടങ്ങുകയും ചെയ്തു. സ്റ്റേഷനിലെത്തി വണ്ടിയിൽ കയറി ഇരുന്നപ്പോൾ ഒരു വ്യക്തി ധൃതിയിൽ ഓടി വന്ന് ഭക്ഷണപൊതി അവരെ ഏൽപിച്ചു കൊണ്ട് പറഞ്ഞു, ഭക്ഷണം കഴിക്കാതെ പോന്നതിനാൽ ഹദ്റത്ത് സാഹിബ് ഇതെത്തിക്കാൻ ഏൽപിച്ചതാണ്.

**12 ഹവാരികളിൽ**

ഡൽഹിയിൽ വെച്ച് മൗലവി നദീർ ഹുസൈനുമായി ഈസാനബിയുടെ മരണത്തെ സംബന്ധിച്ച് നടത്തിയ വാദപ്രതിവാദത്തിൽ മസീഹ് മൗഊദ്(അ)നോടൊപ്പം ഉണ്ടായിരുന്ന 12 അനുയായികളിൽ ഒന്ന് അദ്ദേഹമായിരുന്നു.

**മരണശേഷവും സാമീപ്യം ആഗ്രഹിച്ചിരുന്നു**

ജീവിതകാലത്ത് മാത്രമല്ല മരണശേഷവും തന്റെ പ്രേമഭാജനത്തിന്റെ സാമീപ്യം ആഗ്രഹിച്ചിരുന്നു. അതുകൊണ്ട് തന്നെ മരണത്തിനു മുമ്പ് ഖലീഫത്തുൽ മസീഹ് സാനി (റ)ന്റെ പക്കൽ വന്ന് തന്നെ മറവടക്കുന്ന സ്ഥലം കാണിച്ചു തരാൻ പറഞ്ഞു. പ്രസ്തു ആഗ്രഹത്തെ കുറിച്ച് അറിവുണ്ടായിരുന്ന ഹുസൂർ അദ്ദേഹത്തെ സമാധാനിപ്പിക്കുകയുണ്ടായി. മരണശേഷം അദ്ദേഹത്തിന്റെ ഖബർ ഹുസൂർ (അ) ന്റെ ഖബറിനടുത്തായി 12 അടി ദൂരത്തിൽ തന്നെ തയ്യാറാക്കപ്പെട്ടു.

**ശതാബ്ദം**
**1912 - ആഗസ്റ്റ്**

**എസ്.**

1912ലെ യാത്രകൾക്ക് പുറമേ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ കൂടെ ഹ. മുസ്‌ലിഹ് മൗഊദ്(റ) ലാഹോറിൽ ശേഖ് റഹ്മത്തുല്ലാഹ് സാഹിബിന്റെ ഇംഗ്ലീഷ് വെയർഹൗസിന് തറക്കല്ലിടുകയും അഹ്മദിയ്യാ ബിൽഡിംഗിസിൽ പ്രഭാഷണം നടത്തുകയും ചെയ്തു.

**(ബദ്ർ 01 ആഗസ്റ്റ് 1912)**

വനിതാരംഗം

അബൂ തബസ്സും

# അഹ്മദി സ്ത്രീകളുടെ സാമ്പത്തിക ത്യാഗങ്ങൾ

*ആരംഭം മുതൽക്കുതന്നെ അഹ്മദി സ്ത്രീകൾ സാമ്പത്തിക ത്യാഗത്തിൽ പുരുഷന്മാരേക്കാൾ ഒട്ടും പിന്നിലായിരുന്നില്ല. പ്രത്യുത പലപ്പോഴും പുരുഷന്മാരേക്കാൾ ആവേശത്തോടും ആത്മാർത്ഥതയോടും കൂടി അവർ ത്യാഗത്തിന് സന്നദ്ധരായിരുന്നു.*

## ബർലിൻ പള്ളിക്കായി ആഹ്വാനം

1920ൽ ഖലീഫത്തുൽ മസീഹ് സാനി(റ) ബർലിനിൽ പള്ളി നിർമിക്കുന്നതിനായി സ്ത്രീകളോട് ചന്ദ ശേഖരിക്കാൻ ആഹ്വാനം ചെയ്യുകയുണ്ടായി.അല്ലാഹുവിന്റെ അനുഗ്രഹത്താൽ ദരിദ്രാവസ്ഥയായിരുന്നിട്ട് കൂടി ആത്മാർത്ഥവും അമ്പരപ്പിക്കുന്നതുമായ പ്രകടനമാണ് അഹ്മദി സ്ത്രീകൾ കാഴ്ച വെച്ചത്. 80000 രൂപയോളം അവർ ശേഖരിച്ചു.

## ചില മാതൃകകൾ

ഹദ്റത്ത് ഉമ്മെ ത്വാഹിറിന്റെ മാതാവ് ആഹ്വാനം കേട്ട ഉടൻ തന്നെ തന്റെ പെൺമക്കളേയും മരുമക്കളേയും വിളിച്ച് എല്ലാ ആഭരണങ്ങളും അഴിക്കാനും അത് താൻ പള്ളിക്കായി ചന്ദയായി നൽകുകയാണെന്നും അറിയിച്ചു. അതനുസരിച്ച് എല്ലാവരും ഉടൻ തന്നെ എല്ലാ ആഭരണങ്ങളും അഴിച്ച് അവർക്ക് നൽകി. എല്ലാ ആഭരണങ്ങളും വിറ്റ് അതിന്റെ തുക ചന്ദയായി നൽകി.

ഹദ്റത്ത് സയ്യിദ നുസ്റത്ത് ജഹാൻ ബേഗം സാഹിബയ്ക്ക് ഒരു സ്വത്ത് വിറ്റ വകയിൽ ലഭിച്ച 500 രൂപ മുഴുവനും ചന്ദയായി നൽകി. ഹദ്റത്ത് സയ്യിദ മുബാറക്ക ബേഗം സാഹിബ 1000 രൂപ ചന്ദയായി നൽകി.

വളരെയധികം പ്രായാധിക്യമുള്ള ദുർബലയായ ഒരു പഠാനി സ്ത്രീ വടിയും കുത്തിപ്പിടിച്ച് ഹുസൂർ(റ)ന്റെ പക്കൽ എത്തി 200 രൂപ സമർപ്പിക്കുകയുണ്ടായി. ആ സ്ത്രീ വളരെ ദരിദ്രയായ സ്ത്രീയായിരുന്നു. രണ്ട് നാല് കോഴിയെ വളർത്തി അതിന്റെ മുട്ട വിറ്റും ഓഫീസിൽ നിന്ന് ലഭിക്കുന്ന ചെറിയ സഹായത്താലുമായിരുന്നു അവർ കഴിഞ്ഞിരുന്നത്.

മറ്റൊരു പഞ്ചാബി സ്ത്രീ അവരുടെ മൂലധനമായുണ്ടായിരുന്ന ഏക ആഭരണം ചന്ദയായി നൽകി. ഒരു യതീമിനെ പരിപാലിച്ചിരുന്ന ഒരു വിധവ ആഭരണങ്ങളോ പൈസയോ ഇല്ലാത്ത കാരണത്താൽ ഉപയോഗത്തിലിരുന്ന പാത്രം വിറ്റാണ് ചന്ദ നൽകിയത്. മറ്റൊരു സ്ത്രീ രണ്ട് ആടുകളേയും കൊണ്ട് ഹുസൂർ(റ)ന്റെ അടുക്കൽ വന്ന് പറഞ്ഞു, ഞങ്ങളുടെ വീട്ടിൽ ഇതല്ലാതെ മറ്റൊന്നും തന്നെ ചന്ദയായി നൽകാനില്ല. അതുകൊണ്ട് ഈ ആടുകളെ സ്വീകരിച്ചാലും. ഖൈർപൂർ ഭരണകൂടത്തിന്റെ കമാണ്ടർ ഇൻ ചീഫായിരുന്ന ക്യാപ്റ്റൻ അബ്ദുൽ കരീം സാഹിബിന്റെ ഭാര്യ തന്റെ എല്ലാ ആഭരണങ്ങളും വില കൂടിയ വസ്ത്രങ്ങളും ചന്ദയായി നൽകുകയുണ്ടായി.

## അന്യർ പോലും ഏറ്റു പറയുന്നു

അഹ്മദി വനിതകളുടെ ഈ ത്യാഗമനോഭാവത്തെ അന്യർ പോലും പ്രശംസിക്കുയുണ്ടായി. കഠിന ആര്യസമാജ പത്രമായ തേജ് പറയുന്നു, കുറച്ച് വർഷങ്ങൾക്കു മുമ്പ് അവരുടെ അമീർ ഒരു പള്ളിക്കായി 50000 രൂപയുടെ ആഹ്വാനം നടത്തുകയുണ്ടായി. ഇത് സ്ത്രീകളിൽ നിന്നു മാത്രം പൂർത്തിയാക്കണം എന്ന നിബന്ധനയും വെച്ചു. 15 ദിവസത്തെ ചുരുങ്ങിയ കാലയളവിൽ ആ സ്ത്രീകൾ 50000 രൂപയ്ക്കു പകരം 55000 രൂപ സ്വരുക്കൂട്ടി. (തേജ് പത്രം 25.07.1927)

വന്ദേമാതരം എന്ന പത്രം പറയുന്നു, അഹ്മദിയ്യാ ജമാഅത്ത് വളരെ സുസംഘടിതമായതും നിരന്തരമായി തബ്‌ലീഗ് ചെയ്തു കൊണ്ടിരിക്കുന്നതുമായ ഒരു ജമാഅത്താണ്. അഹ്മദികളുടെ സ്ത്രീകൾ നമ്മുടെ സമുദായത്തിലെ പുരുഷന്മാരെ പോലും കവച്ചു വെച്ചിരിക്കുന്നു. (വന്ദേമാതരം പത്രം, 18.08.27)

ബർലിനിൽ നിർമിക്കാനുദ്ദേശിച്ച പള്ളി ചില പ്രത്യേക കാരണത്താൽ മാറ്റിവെക്കുകയും പകരം ആ തുക കൊണ്ട് ലണ്ടനിലെ മസ്ജിദ് ഫള്ൽ നിർമിക്കുകയും ചെയ്തു.

## വീണ്ടും ആഹ്വാനം

ലണ്ടൻ മിഷന്റെ ചിലവിലേക്കായി സ്ത്രീകളോട് 9000 രുപയുടെ ആഹ്വാനം നടത്തി. അതും അവർ പൂർത്തിയാക്കി.

തുടർന്ന് ലണ്ടൻ പള്ളിയുടെ താഴികക്കുടം നിർമിക്കുന്നതിനായി 10000 രുപയുടെ ആഹ്വാനം നടത്തിയപ്പോഴും സ്ത്രീകൾ ആവേശത്തോടെ പൂർത്തിയാക്കി.

## ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ ചില ആഹ്വാനങ്ങളും സ്ത്രീകളുടെ പങ്കും

1922 ൽ സദർ അഞ്ചുമൻ അഹ്മദിയ്യായുടെ സാമ്പത്തിക ഭാരം കുറക്കുന്നതിനായി ചന്ദയുടെ പ്രത്യേക ആഹ്വാനം നടത്തിയപ്പോൾ സ്ത്രീകൾ 10000 രൂപ ചന്ദയായി നൽകി.

1928 ൽ നൂർ ഹോസ്പിറ്റലിൽ സ്ത്രീകളുടെ വാർഡ് നിർമാണത്തിനായി നടത്തിയ ആഹ്വാനത്തിൽ 4000 രൂപ സ്ത്രീകൾ ശേഖരിച്ചു.

1923 ൽ ശുദ്ധിപ്രസ്ഥാന കാലത്ത് നടത്തിയ ആഹ്വാനത്തിൽ സ്ത്രീകൾ തങ്ങളുടെ ആഭരണങ്ങളും വസ്ത്രങ്ങളും പൈസയും നൽകുകയുണ്ടായി.

അത്യാവശ്യ ചിലവുകൾ കഴിച്ച് ബാക്കിയുള്ള തുക അടക്കുന്നതിനായി രൂപീകരിച്ച അമാനത്ത് ഫണ്ടിൽ സ്ത്രീകളോട് തങ്ങളുടെ ആഭരണങ്ങൾ വിറ്റ് അതിൽ ചന്ദ നൽകുന്നതിനായി ആഹ്വാനം ചെയ്കയുണ്ടായി. ധാരാളം സ്ത്രീകൾ അതിൽ പങ്കു കൊണ്ടു.

മിനാരത്തുൽ മസീഹിൽ മാർബിൾ പതിക്കുന്നതിനായി 3000 രൂപയുടെ ആഹ്വാനം നടത്തിയപ്പോൾ 28 സ്ത്രീകൾ നൂറു രൂപ വെച്ച് ചന്ദയായി നൽകി. അവരുടെ പേരുകൾ മിനാരത്തുൽ മസീഹിൽ ആലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. 1944 ൽ ജൽസ സാലാനയുടെ അവസരത്തിൽ ജർമൻ ഭാഷയിൽ ഖുർആന്റേയും മറ്റൊരു ഗ്രന്ഥത്തിന്റേയും പരിഭാഷ പ്രസിദ്ധീകരിക്കുന്നതിനായി 28000 രൂപയുടെ ആഹ്വാനം നടത്തിയപ്പോൾ സ്ത്രീകൾ 34000 രൂപ സ്വരുക്കൂട്ടുകയുണ്ടായി.

1950 ൽ പാക്കിസ്ഥാനിൽ 80000 രൂപ ചിലവഴിച്ച് ലജ്നയുടെ ഓഫീസ് നിർമിച്ചു.

## ഒരഹ്മദി സ്ത്രീയുടെ ആത്മാർത്ഥത

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) പറയുന്നു, രാജ്യം വിഭജിച്ചപ്പോൾ ഞങ്ങൾ ഹിജ്റത്ത് ചെയ്ത് പാക്കിസ്ഥാനിലെത്തി. അവിടെ വെച്ച് ജലന്തറിലെ ഒരു അഹ്മദി സ്ത്രീ എന്നെ കാണാൻ വന്നു. തന്റെ ആഭരണം ഊരിക്കൊണ്ട് അവർ പറഞ്ഞു, ഹുസൂർ എന്റെ ഈ ആഭരണം ചന്ദയിൽ നൽകിയാലും. ഞാൻ പറഞ്ഞു, സ്ത്രീകൾക്ക് ആഭരണങ്ങൾ പ്രയപ്പെട്ടതാണ്. നിങ്ങളുടെ ഇതൊഴിച്ചുള്ള എല്ലാ ആഭരണങ്ങളും സിഖുകാർ അപഹരിച്ചില്ലേ? ഇത് നിങ്ങളുടെ പക്കൽ തന്നെ കരുതിയാലും. അപ്പോൾ അവർ പറഞ്ഞു, ഹുസൂർ! ഞാൻ ഇന്ത്യയിൽ നിന്ന് പുറപ്പെട്ടപ്പോൾ ഒരു പ്രതിജ്ഞയെടുത്തിരുന്നു. അഥവാ ഞാൻ സ്വസ്ഥമായി ലാഹോറിൽ എത്തുകയാണെങ്കിൽ എന്റെ ഈ ആഭരണം ചന്ദയായി നൽകുന്നതാണ്. അതിനാൽ ഇത് എന്റെ പക്കൽ തന്നെ കരുതാൻ എന്നെ നിർബന്ധിക്കരുത്. അങ്ങിനെ ആ സ്ത്രീ ആ ആഭരണം ചന്ദയായി നൽകി.

വാഗ്ദത്ത മസീഹിന്റെ കത്തുകൾ

സമ്പാ: ഇബ്നു.എസ്.ഹമീദ്

# വീട് നിർമ്മാണം.

بسم الله الرحمن الرحيم

نحمده ونصلي علي رسوله الكريم

മുഹിബ്ബീ അസീസീ അഖ്വീം നവാബ് സാഹിബ്
സല്ലമഹൂതആലാ

السلام عليكم ورحمة الله وبركاته

ഇരുനൂറ് രൂപയിൽ പകുതിയും ഇന്ന് കൈപറ്റി. വീടിനെ പറ്റി പറയുകയാണെങ്കിൽ ഉണ്ടാക്കാൻ ഉദ്ദേശിക്കുന്ന ആദ്യനിലക്ക് 900 (തൊള്ളായിരം) രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇന്നലെ ശരിയായ രീതിയിൽ ഈ എസ്റ്റിമേറ്റ് വിലയിരുത്തുകയുണ്ടായി. ഇതുവരെയായി 300/- രൂപ മരം, ഇഷ്ടിക, ചുണ്ണാമ്പ്, കൂലി എന്നീ വകയിൽ ചെലവായി. മേസ്തിരിമാരുടെ കൂലി 350/- രൂപ ഇതിനു പുറമേയാണ്. അതുകൊണ്ട് തന്നെ ആദ്യനില തയ്യാറായിക്കഴിഞ്ഞാൽ നിർമ്മാണ പ്രവർത്തനം നിർത്തിവെക്കുന്നതാണ് ഉചിതമെന്ന് കരുതുന്നു. കാരണം അത് പൂർത്തിയാക്കാൻ യാതൊരു മാർഗ്ഗവും കാണുന്നില്ല. ഈ ചിലവുകളാകട്ടെ ഏല്ലാ ദിവസവും അഭിമുഖീകരിക്കേണ്ടിവരുന്നു. അതിനു ആദ്യമേ മൂലധനമുണ്ടെങ്കിലേ മുമ്പോട്ട് പോകാൻ കഴിയൂ. അല്ലാഹു അതിന് എന്തെങ്കിലും സംവിധാനം ചെയ്യുമായിരിക്കും.

താങ്കൾക്ക് സാധ്യമാണെങ്കിൽ 500/- രൂപക്ക് പകരം 700/- രൂപയും സഹായം ചെയ്യാൻ താൽപര്യപ്പെടുന്നു. 200/- രൂപയുടെ കുറവ്, കിണറിനുള്ള പൈസയിൽ നിന്ന് നികത്താം. ഇപ്പോൾ കിണർ പണി മാറ്റിവെക്കാവുന്നതുമാണ്.

താങ്കൾ 200/- രൂപ തരുകയും, കിണറിന്റെ 200/- രൂപയുമായാൽ വീടിന്റെ ആദ്യനില ഇൻശാ അല്ലാഹ് പൂർത്തിയാക്കാം. കുറച്ചു ദിവസങ്ങൾക്ക് ശേഷം രണ്ടാം നില തന്റെ സ്വന്തം ചിലവിൽ പൂർത്തിയാക്കാൻ കഴിയുന്ന ആരെങ്കിലും വന്നാൽ എന്തിന് അത്ഭുതപ്പെടണം? താഴത്തെ നില പുരുഷന്മാർക്ക് താമസിക്കാൻ അനുയോജ്യമല്ല. കാരണം അത് സ്ത്രീകളുടെ താമസസ്ഥലവുമായി ചേർന്നതാണ്. മുകളിലെ നില ഉണ്ടായാൽ വളരെ ഉചിതമായി. പുരുഷന്മാർക്ക് താമസിക്കാനുള്ള കെട്ടിടത്തിനും ഇതേ ചിലവ് അതായത് 900/- 1000/- തന്നെ വേണ്ടിവരും.

താങ്കളെ ഈ സന്ദർഭത്തിൽ ബുദ്ധിമുട്ടിക്കേണ്ടിവന്നതിൽ എനിക്ക് ലജ്ജ തോന്നുന്നു. എനിക്ക് സ്വന്തമായി ഏതെങ്കിലും വീടിന്റെ ആഗ്രഹമില്ല. അതിഥികളായി വരുന്ന സ്ത്രീകൾക്ക് താഴത്തെ നിലയിലും പുരുഷന്മാർക്ക് മുകളിലെ നിലയും ഉണ്ടാക്കാമെന്നാണ് കരുതുന്നത്. അല്ലാഹു ആഗ്രഹിക്കുമ്പോൾ ഈ ആഗ്രഹവും പൂർത്തികരിക്കുന്നതാണ്.

4, മെയ് 1897

വസ്സലാം
വിനീതൻ
ഗുലാം അഹ്മദ്



# വിജ്ഞാനവേദി

ഹ:ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ് )

**ചോദ്യം: എന്തുകൊണ്ടാണ് ഇസ്‌ലാമിൽ പലിശ നിരോധിച്ചത്?**

ഉ: ഇസ്‌ലാമിൽ പലിശ നിരോധനത്തിന് വ്യക്തിജീവിതത്തിൽ മാത്രമല്ല രാജ്യാന്തരതലത്തിൽ തന്നെയും പ്രാധാന്യമുണ്ട്. പലിശയുടെ അടിസ്ഥാനത്തിൽ ചലിക്കുന്ന എല്ലാ സാമ്പത്തികവ്യവസ്ഥകൾക്കും മുതലാളിത്തവ്യവസ്ഥിതി എന്ന് വിളിക്കുന്നു. ഈ വ്യവസ്ഥക്ക് നൈസർഗ്ഗികമായ പല പോരായ്മകളും കാണപ്പെടുന്നു. അതുകൊണ്ട് തന്നെ മുതലാളിത്തവ്യവസ്ഥ നിലവിലുള്ള നാടുകളിൽ ജനങ്ങൾ നേരിട്ട് പലിശ വ്യവസ്ഥയുമായി ബന്ധപ്പെട്ടാലും ഇല്ലെങ്കിലും അതിന്റെ പ്രത്യാഘാതങ്ങൾ നേരിടേണ്ടതായിവരുന്നു. ഇതിനൊരു ഉദാഹരണം പറയാം. പലിശയിൽ പണം കടമെടുക്കുന്ന സമൂഹം യഥാർഥത്തിൽ ഭാവിജീവിതം വർത്തമാനത്തിൽ തന്നെ ജീവിക്കാൻ സൗകര്യമൊരുക്കപ്പെടുകയാണ് ചെയ്യുന്നത്. എനിക്ക് ഒരു ആഡംബരകാറോ വീടോ വേണമെന്ന് കരുതുക. എന്റെ സാമ്പത്തിക നില അതിന് അനുവദിക്കുന്നില്ല. അക്ഷമ മൂലം മുഴുവൻ പണം സ്വരൂപിക്കാൻ എനിക്ക് കാത്തിരിക്കാനും വയ്യ. ഈ സാഹചര്യത്തിൽ പലിശക്കായി പണം വായ്പ രൂപത്തിൽ ലഭ്യമാകുന്നു. അതായത് എന്റെ ഭാവിയിൽ നിന്നു തന്നെ ഞാൻ കടമെടുക്കുന്നു. അങ്ങിനെ പതുക്കെപ്പതുക്കെ ഞാൻ ദരിദ്രനായി മാറുന്നു. ചില സാഹചര്യത്തിൽ വായ്പ അടച്ചുതീർക്കാനും സാധിക്കാതെ വരുന്നു. ഇത് വ്യക്തിയിൽ മാത്രം ഒതുങ്ങുന്നില്ല, മറിച്ച് ദേശീയവും അന്തർദേശീയവുമായി വളരുന്നു. മുതലാളിത്ത വ്യവസ്ഥിതിയിൽ വ്യവസായം പടർന്നു പന്തലിക്കുന്നു. എന്നാൽ അത് താത്ക്കാലിക പ്രതിഭാസമായിത്തീരുന്നു. ദിവസത്തേക്കോ വർഷത്തേക്കോ എന്ന രീതിയിൽ ഒതുങ്ങുന്നു. വളർച്ചയുടെ ഉപാധികൾ പ്രകൃത്യാ ഉണ്ടാവുന്നതല്ല, മറിച്ച് കൃതിമമായി ഉത്തേജിപ്പിച്ചതായതിനാൽ കാലം കഴിയുന്നതനുസരിച്ച് Buying Power ക്രയശേഷി കുറഞ്ഞുകുറഞ്ഞുവന്ന് സ്തംഭനാവസ്ഥയിലാവുന്നു. ആ രാഷ്ട്രത്തിന്റെ തന്നെ Buying Power ക്രയശേഷി വളരെ കുറയുകയും കടം കൊടുത്തുതീർക്കാനാവാതെ വിഷമത്തിലാവുന്നു. വ്യാപാരവും വ്യവസായവും കൂപ്പ് കുത്തുന്നു. ഇത്തരം സന്ദർഭങ്ങളിൽ രാഷ്ട്രം സാമ്പത്തികപ്രതിസന്ധിയിൽ അകപ്പെടുന്നു. ധാരാളം വിദേശവ്യാപാരബന്ധങ്ങളുള്ള രാജ്യങ്ങൾ ഇത്തരം മാന്ദ്യത്തെ താൽക്കാലികമായി അതിജീവിക്കുന്നു. എന്നാൽ അധികം വികസിത രാജ്യങ്ങളിലും സാമ്പത്തികമാന്ദ്യം ഒരുമിച്ച് സംഭവിക്കുമ്പോൾ അത്തരം വ്യാജ സാമ്പത്തിക വ്യവസ്ഥയെ താങ്ങിനിർത്താൻ സാധ്യമല്ലാതായിത്തീരുന്നു.

ഇംഗ്ലണ്ടിൽ അടുത്തിടെ ഉണ്ടായ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് ഞാൻ മുമ്പേ പ്രവചിച്ചിരുന്നു. ഈ പ്രശ്നം ഇനിയും സങ്കീർണ്ണമാവും. കിഴക്കൻ യൂറോപ്പിലെ രാഷ്ട്രീയ സാഹചര്യങ്ങൾ കാരണം പടിഞ്ഞാറൻ യൂറോപ്പിലെ സാമ്പത്തിക മാന്ദ്യം വെളിപ്പെടാൻ അൽപം താമസം നേരിട്ടു. എന്നാൽ അത് വരിക തന്നെ ചെയ്യും. യൂറോപ്പിന് Buying Power ക്രയശേഷി കുറഞ്ഞ് സാമ്പത്തികമാന്ദ്യം അധികരിക്കും. മൽസരം വർദ്ധിക്കുകയും ചെയ്യും. ഇത്തരം സന്ദർഭങ്ങൾ യുദ്ധത്തിലേക്ക് നയിക്കുന്നു, ഇത് അടിസ്ഥാനപരമായ കാലമാണ്.


പലിശ നിരോധിച്ചുകൊണ്ട് വി.ഖുർആൻ പറയുന്നത് നിങ്ങൾ പലിശയിൽ നിന്നും വിട്ടുനിൽക്കുന്നില്ലെങ്കിൽ അല്ലാഹുവുമായും അവന്റെ ദൂതനുമായും പോരിനിറങ്ങുക എന്നാണ്. അതായത് ദൈവിക വ്യവസ്ഥ നിങ്ങളുടെ പലിശ വ്യവസ്ഥിതിയുമായി ഒന്നിച്ച് പോവില്ല. മറിച്ച് ഒരു യുദ്ധത്തിന്റെ ചുറ്റുപാടിൽ നിങ്ങൾ എത്തിച്ചേരും.

*സമ്പാ: ഡോ. സി. സലാഹുദ്ദീൻ,*
*കോഴിക്കോട്*




ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)

# നമസ്കാര പാഠങ്ങൾ



(സമ്പാ: അബൂ അബ്ദുൽ ബാരി)

ഇതു വരെ ഭൗതികലോകത്തെകുറിച്ചായിരുന്നു പറഞ്ഞിരുന്നത്, ഇനി ആത്മീയ ലോകത്തെ കാര്യങ്ങളാണ് ആരംഭിക്കുന്നത്. പരിപാലനതത്ത്വം രണ്ട് വിധത്തിലാണുള്ളത്. ആദ്യത്തെ പരിപാലനം കുട്ടിയെ ഭക്ഷണം കഴിപ്പിക്കുന്നതായിരുന്നു. രണ്ടാമത്തേത്, വലുതായപ്പോൾ പെരുമാറ്റ മര്യാദ പഠിപ്പിച്ചു. اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ എന്ന് പറയുമ്പോൾ നാം രണ്ടാമത്തെ പരിപാലനമാകുന്നു. മൃഗങ്ങൾക്കും, കീടങ്ങൾക്കും, പ്രാണികൾക്കും ഭക്ഷണം നൽകുക എന്നതായിരുന്നു ആദ്യ പരിപാലനം. ഇപ്പോൾ ആ പരിപാലനം വളർച്ച പ്രാപിച്ച് അറിവിന്റെ പരിപാലനത്തിലെത്തി. ഇത് മുഴുലോകത്തിനും അല്ലാഹു നൽകിയിട്ടുണ്ട്. മതത്തിൽ അത് പുരോഗതി പ്രാപിച്ച് ഇസ്‌ലാം വരെയെത്തി. നാഗരികതയിലും സംസ്കാരത്തിലും പുരോഗതി കൈവരിച്ചു കൊണ്ട് വിവിധ സംസ്കാരങ്ങളിലൂടെ കടന്നു പോയി. മനുഷ്യൻ പഠിക്കുകയും കരസ്ഥമാക്കുകയും ചെയ്ത അറിവുകൾ കാരണത്താൽ റബ്ബുൽ ആലമീനെ സ്തുതിക്കേണ്ടതാണ്. റബ്ബുൽ ആലമീൻ എന്നതിൽ ചിന്തിക്കുമ്പോൾ, ഏറ്റവും ഉത്തമമായ ശിക്ഷണം നൽകിയത് ഖുർആനാണെന്ന് മനസ്സിലാകും. മനുഷ്യനെ മനുഷ്യനാക്കുന്നതിനായി എന്തെല്ലാം ആവശ്യമുണ്ടോ അതെല്ലാം അതിൽ ഒരുമിച്ച് കൂടിയിരിക്കിന്നു. ഏറ്റവും ഉത്തമ ശിക്ഷണം നൽകിയത് മുഹമ്മദ് (സ) ആകുന്നു. ഏറ്റവും കൂടുതൽ അറിവ് പഠിപ്പിച്ച നബി, മുഹമ്മദ് (സ) ആകുന്നു.

അല്ലാഹുവിന്റെ സ്തുതിയാണ് യഥാർത്ഥ സ്തുതി. അല്ലാഹു സ്തുതിക്കുന്നവൻ മാത്രമാണ് സ്തുത്യർഹൻ. മുഴുവൻ പ്രപഞ്ചത്തേയും ശിക്ഷണത്തിലൂടെ അതി നിസ്സാരമായ അവസ്ഥയിൽ നിന്ന് വളർത്തി വലിയ കലാലയത്തിൽ എത്തിച്ചു എന്നത് അവന്റെ സ്തുതിക്ക് മതിയായതാകുന്നു. പിന്നീട് ഏറ്റവും വലിയ കലാലയമായ ഖുർആന്റെ കലാലയം നടപ്പിലാക്കി. ആ കലാലയത്തിൽ എല്ലാ അറിവുകളും ഉൾക്കൊള്ളിച്ചു. വിശുദ്ധ ഖുർആനിൽ പരാമർശിക്കപ്പെടാത്ത ഒരു അറിവും ലോകത്തില്ല എന്നാണ് മസീഹ് മൗഊദ് (അ) പറഞ്ഞത്. എല്ലാത്തിനെ കുറിച്ചും എല്ലാത്തിന്റേയും ഗുണങ്ങളെ കുറിച്ചും പരാമർശിക്കുന്നു. ഉന്നത പദവിയിലുള്ള മനുഷ്യനാകുന്നതിന് അനിവാര്യമായതെല്ലാം ഖുർആനിൽ ഉൾക്കൊണ്ടിരിക്കുന്നു. അപ്പോൾ വീണ്ടും വിഷയം ആരംഭിക്കുന്നു.

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ശേഷം الرَّحْمٰنِ الرَّحِيْمِ ഖുർആനിൽ വീണ്ടും ചിന്തിക്കുമ്പോൾ റഹ്മാന്റെ മറ്റൊരു പ്രതാപം കാണാൻ സാധിക്കുന്നു. മനുഷ്യന് അതിരില്ലാത്ത കാരുണ്യം ചെയ്തുകൊണ്ട് ആവശ്യപ്പെടാതെ തന്നെ അവൻ ഖുർആൻ നൽകി. ഈ വിഷയത്തെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു, റസൂൽ തിരുമേനി (സ) ഖുർആൻ ആവശ്യപ്പെട്ടിരുന്നില്ല. ശരീഅത്ത് എന്താണെന്നും അതെത്ര ഭാരിച്ചതാണെന്നുമുള്ള അറിവ് തിരുമേനിക്കില്ലായിരുന്നു. ഗുഹയിൽ വെളിപാടിറങ്ങിയ സന്ദർഭത്തിൽ മലക്ക് പറഞ്ഞു, വായിക്കുക. അപ്പോൾ തിരുമേനി (സ) പറഞ്ഞത് എനിക്ക് വായിക്കാനറിയില്ല എന്നാണ്. ഒരാഗ്രഹവും ഉണ്ടായിരുന്നില്ല. കാരുണ്യവാനായ അല്ലാഹു നമ്മിൽ രണ്ട് ഔദാര്യം ചെയ്തു. ഒന്ന്, ആവശ്യപ്പെടാതെ തന്നെ ഖുർആൻ നൽകി. രണ്ടാമത്തേത്, ഏറ്റവും ഉത്തമമായ മനുഷ്യന് തന്നെ അത് നൽകി....

പിന്നീട് മുജദ്ദിദുമാർ വരുന്നതാണ് എന്നതും റഹീമിന്റെ നിർവചനമാണ്. റസൂൽ തിരുമേനി (സ) മുന്നിൽ വന്നു കടന്നപ്പോൾ റഹീമായ അല്ലാഹു മുജദ്ദിദിനെ കൊണ്ടു വന്നു. വീണ്ടും സത്യമതം ലഭിക്കട്ടെ എന്ന് അല്ലാഹു ചിന്തിച്ചു. ജനങ്ങൾ കൂടുതൽ വഴികേടിലായപ്പോൾ അല്ലാഹു മസീഹ് മൗഊദ് (അ) നെ നിയോഗിച്ചു. അദ്ദേഹം വീണ്ടും ഖുർആൻ പഠിപ്പിക്കാൻ തുടങ്ങി. ഇത് അർറഹ്മാനിർറഹീമിന്റെ ആത്മീയ നിർവചനമാകുന്നു.

ആരെയാണ് مٰلِكِ يَوْمِ الدِّيْنِ എന്ന് പറയുന്നത്? ദീനെന്നു പറഞ്ഞാൽ ഒരാൾക്ക് അയാളുടെ ജോലിയുടെ കൂലി നൽകുക എന്നാണർത്ഥം. ജോലി ചെയ്യുന്ന തൊഴിലാളികളുടെ യൗമിദ്ദീൻ എപ്പോഴായിരിക്കും? യജമാനനിൽ നിന്ന് അവർക്ക് കൂലി ലഭിക്കുമ്പോൾ. അതിനെയാണ് ദീൻ എന്നു പറയുന്നത്. നിങ്ങൾ ചെയ്തതിനെല്ലാം നിങ്ങൾക്ക് ഫലം ലഭിക്കും എന്നർത്ഥം. അല്ലാഹു ആഗ്രഹിക്കാത്തിടത്തോളം ഒന്നിന്റെയും ഫലം ലഭിക്കുന്നതല്ല എന്നതാണ് مٰلِكِ يَوْمِ الدِّيْنِ എന്നതിന്റെ സാരം. കൃഷിക്കാരൻ വിത്ത് നടുന്നു. മുഴുവൻ വർഷവും പരിശ്രമിക്കുന്നു. എന്നാൽ വിളവെടുപ്പിനുള്ള സമയം വന്നപ്പോൾ കൊടുങ്കാറ്റടിച്ച് വിളവ് പൂർണ്ണമായും നശിപ്പിക്കുന്നു. ഒരു ധാന്യം പോലും അയാൾക്ക് ലഭിക്കുന്നില്ല. താൻ ഈ വിളവിന്റെ യജമാനനാണെന്ന് അയാൾ കരുതിയിരുന്നു. മാലികി യൗമിദ്ദീന്റെ ഈയൊരു അടയാളവും കാണിക്കപ്പെടുന്നു. അശ്രദ്ധയാൽ എല്ലാം തന്നെ തന്റേതാണെന്ന് മനുഷ്യൻ ധരിക്കുന്നു.

ഇതു സംബന്ധമായി ഒരു യഥാർത്ഥ സംഭവം ഹുസൂർ (റഹ്) വിവരിക്കുന്നു, ഞാനും ഖലീഫത്തുൽ മസീഹ് സാലിസും(റഹ്) കൃഷിക്കാരായിരുന്നു. വൈകുന്നേര സമയമായിരുന്നു. യൗമിദ്ദീനിനായുള്ള ഒരു യന്ത്രമായ അദ്ദേഹത്തിന്റെ ട്രാക്ടർ വിളവ് കൊയ്യാൻ തയ്യാറായിരുന്നു. ഞാനും അതു തന്നെ കൊണ്ടു വന്നിരുന്നു. അതുമുഖേന വിളവ് കൊയ്യാമെന്ന് ഞങ്ങൾ രണ്ടു പേരും ധരിച്ചിരുന്നു. ഗോതമ്പ് നല്ലവണ്ണം ഉണ്ടാകും. വണ്ടിയിലിരുന്ന് ഞാൻ അഹ്മദ് നഗറിലേക്ക് (കൃഷിയുള്ള സ്ഥലം) പുറപ്പെട്ടു. കാലാവസ്ഥയും നല്ലതായിരുന്നു. യന്ത്രമിറക്കിയാൽ എല്ലാം തന്നെ കയ്യിലാകും എന്ന ചിന്തയിലായിരുന്നു. അന്നേരം ഒരു കൊടുങ്കാറ്റ് വന്നു. അല്പം മുന്നോട്ട് നീങ്ങിയപ്പോൾ തന്നെ ഭയാനകമായ ചുഴലിക്കാറ്റടിക്കാൻ തുടങ്ങി. പിന്നീട് വലിയ വലിയ ആലിപ്പഴം പതിക്കാൻ തുടങ്ങി. മഴയല്ല ആലിപ്പഴമാണ് വർഷിക്കുന്നതെന്ന് തോന്നി. ഇതിനു മുമ്പ് ജീവിതത്തിൽ ഇത്ര വലിയ ആലിപ്പഴം കണ്ടിട്ടില്ലായിരുന്നു. വണ്ടിയുടെ മുകളിൽ കുഴി രൂപപ്പെട്ടു. ഞാൻ അഹ്മദ് നഗറിൽ എത്തിയപ്പോഴേക്കും മുഴുവൻ വിളവും നശിച്ചിരുന്നു. മുഴുവൻ പ്രദേശത്തു നിന്നും ഒരു ധാന്യമണി പോലും കിട്ടിയില്ല. ഇതിനെയാണ് مٰلِكِ يَوْمِ الدِّيْنِ എന്നു പറയുന്നത്.

പറയുന്നു അവസാന നിമിഷം വരെ ഞാൻ തന്നെയാണ് യജമാനൻ. നൽകേണ്ട സമയം വരുമ്പോൾ ഞാൻ നൽകും, നിങ്ങൾ മറന്നു പോകുന്നു. ഉദ്ദേശിച്ചാൽ നൽകുന്നതുമല്ല. അവൻ കാരുണ്യവുമായി വന്ന് വീണ്ടും വീണ്ടും അനുഗ്രഹം ചൊരിയുന്നു. മനുഷ്യൻ വിസ്മരിച്ചു കളയുന്നു. ഈ രക്ഷാശിക്ഷ അവന്റെ നിയന്ത്രണത്തിലാണ്. ചില സ്ത്രീകൾ 9 മാസം കുട്ടിയെ പരിപാലിക്കുന്നു. എന്നാൽ അവസാനം അത് ഇല്ലാതാകുന്നു. അതാണ് مٰلِكِ يَوْمِ الدِّيْنِ വിശുദ്ധഖുർആനിൽ ചിന്തിക്കുക. പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ ഈ എല്ലാ അനുഗ്രഹങ്ങളും കാരുണ്യങ്ങളും മനുഷ്യനു വേണ്ടിയുള്ളതാണെങ്കിൽ കർമങ്ങളുടെ പ്രതിഫലവും അവൻ തന്നെയാണ് നൽകുക. മറ്റാർക്കും നൽകാൻ സാധ്യമല്ല. എന്ത് പ്രതിഫലമാണ് നൽകേണ്ടതെന്ന് അവനറിയാം. ഇത് റഹ്മാനും റഹീമുമായ അല്ലാഹുവിലേക്കെത്തുന്നതിനുള്ള മാർഗമാണ്. അവൻ പരിപാലിക്കുന്നു. അവന്റെ മാർഗത്തിലൂടെ നാം പരിപാലനത്തിൽ പ്രവേശിച്ചു. പിന്നീട് റഹ്മാനിയത്ത് വന്നു. പിന്നീട് റഹീമിയത്ത് വന്നു. നാം റഹ്മാനും റഹീമുമായ അല്ലാഹുവിൽ നിന്ന് ഫലമെടുത്തു കൊണ്ടിരിക്കുന്നു. ആത്മീയ സംസ്കരണത്തിനായി അവൻ വലയ വലിയ പരിശുദ്ധ ദാസരെ നിയോഗിച്ചു. അവയിൽ നിന്നെല്ലാം തന്നെ മനുഷ്യൻ പ്രയോജനമെടുത്താലും അവസാന ഫലം ഇഹലോകത്തും പരലോകത്തും അല്ലാഹു തന്നെയാണ് നൽകുക.മാലികിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു, തനിക്കു കീഴിൽ അല്ലാഹു ആരെയെങ്കിലും യജമാനൻ ആക്കിയിട്ടുണ്ടെങ്കിൽ അത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയെയാണ്.

പരിപാലനത്തിലും റഹ്മാനിയത്തിലും റഹീമിയത്തിലും ആ മഹാത്മാവ് ഏറ്റവും അധികം പരിപൂർണ്ണത കൈവരിച്ചു.യജമാനൻ തിരുമേനി (സ)യെ തന്നെ ആക്കുകയും ചെയ്തു. കാരണം ഒരു വ്യക്തി വിജയിക്കുന്നുവെങ്കിൽ അത് അല്ലാഹുവിന്റെ റസൂലിന്റെ മാർഗത്തിലൂടെയായിരിക്കും. അതിനു വിരുദ്ധമാണെങ്കിൽ വിജയിക്കില്ല. അതായത് ആത്മീയ അനുഗ്രഹങ്ങൾക്കായി റസൂൽ തിരുമേനി(സ)യെ ഈ ലോകത്ത് യജമാനനാക്കിയിരിക്കുന്നു. മസീഹ് മൗഊദ് (അ) വേറെയും അർത്ഥങ്ങൾ പറഞ്ഞിട്ടുണ്ട്.

വിശുദ്ധഖുർആനിൽ മാലികി യൗമിദ്ദീന്റെ നിർവചനം വന്നിട്ടുണ്ട്.

لَا تَمْلِكُ نَفْسٌ لِّنَفْسٍ شَيْـًٔا ۭ وَالْاَمْرُ يَوْمَىِٕذٍ لِّلّٰهِ എന്നതാണാ വചനം. ഖിയാമത്ത് നാളിൽ അല്ലാഹു പറയുന്നു, مٰلِكِ يَوْمِ الدِّيْنِ എന്നതിന്റെ അർത്ഥം, അന്ന് ആരും ഒന്നിന്റേയും ഉടമസ്ഥനായിരിക്കില്ല. അന്നേരം പരിപൂർണ്ണമായും അല്ലാഹുവിന്റെ ഭരണമായിരിക്കും. ഇതാണ് الرَّحْمٰنِ الرَّحِيْمِ ۙ مٰلِكِ يَوْمِ الدِّيْنِ ۙ

**വീക്ഷണവിശേഷം**

ഒബ്സർവർ

# അപ്പോൾ അതാണ് കഥ!

ജമാഅത്തെ ഇസ്ലാമി ദ്വൈമാസികയായ ബോധന (2012 മെയ്,ജൂൺ) ത്തിൽ പ്രസിദ്ധീകരിച്ച 'ഇസ്റാഈലിയ്യത്തിന്റെ സ്വാധീനം തഫ്സീറുകളിലും ഹദീസുകളിലും' എന്ന പഠനലേഖനം ഒരുപാട് അന്ധവിശ്വാസങ്ങളുടെ 'ബാക്ക്ഗ്രൗണ്ട്' തേടിയുള്ള യാത്രയാണ്. "എന്താണ് ഈ ഇസ്റാഈലിയ്യത്ത്? ലേഖകൻ പറയുന്നു: അടിസ്ഥാനപരമായി ജൂതസ്രോതസ്സുകളിൽ നിന്ന് ഉദ്ധരിക്കപ്പെടുന്ന കഥകളും പുരാണങ്ങളും ഐതിഹ്യങ്ങളുമാണ് ഇസ്റാഈലിയ്യത്ത് എന്നതിന്റെ സാമാന്യവിവക്ഷ. എന്നാൽ ഖുർആൻവ്യാഖ്യാതാക്കളും ഹദീസ് പണ്ഡിതന്മാരും ഇതിന് കുറേക്കൂടി വിശാലവും ക്ലിപ്തവുമായ നിർവചനം നൽകിയിട്ടുണ്ട്. തഫ്സീർ ഹദീസ് ഗ്രന്ഥങ്ങളിൽ കടന്നുകൂടിയതും നിവേദനത്തിന്റെ വേരുകൾ ജൂത ക്രൈസ്തവ തലങ്ങളിൽ എത്തി നിൽക്കുന്നതുമായ കഥകൾ എന്നാണ് ആ നിർവചനം..."

സ്വാഹാബാക്കളും താബിഈംകളും ഇസ്റാഈലി കഥകൾ കേൾക്കാൻ താൽപര്യം കാണിച്ചിരുന്നുവെന്നും താബിഇത്താബിയ്യത്തിനോടുള്ള താൽപര്യം പതിന്മടങ്ങ് വർദ്ധിച്ചുവെന്നും പറഞ്ഞുകൊണ്ട് ലേഖകൻ എഴുതുന്നു:

"സാമാന്യബുദ്ധിക്ക് സങ്കൽപ്പിക്കാൻ കഴിയാത്ത കാര്യം പോലും ഖുർആനുമായി ബന്ധിപ്പിക്കാൻ അവർക്ക് പ്രയാസമുണ്ടായില്ല!"

ഇത്തരം കഥകളുടെ കൂട്ടത്തിൽ ഏറ്റവും പ്രധാനമായത് ഈസാനബിയുടെ ആകാശാരോഹണമല്ലേ?

ജൂതക്രൈസ്തവവിഭാഗങ്ങളിൽപെട്ടവർ ഇസ്ലാമിലേക്ക് കടന്ന് വന്നയുടൻ കൊണ്ടുവന്ന ഭാണ്ഡത്തിൽ ഉള്ള കഥയാണ് ഈസാനബിയുടെ ആകാശവാസവും.

കാരണം വിശുദ്ധഖുർആൻ എവിടെയും തന്നെ ഈസാനബിയുടെ ആകാശവാസം അംഗീകരിക്കുന്നേയില്ല. മാത്രമല്ല ജീവിച്ചിരിക്കുന്ന കാലമത്രയും ഈസാനബി നമസ്കാരമനുഷ്ഠിക്കുകയും സക്കാത്ത് നൽകുകയും ചെയ്തിരുന്നുവെന്ന് വിശുദ്ധഖുർആൻ വ്യക്തമാക്കുമ്പോൾ 'സാമാന്യബുദ്ധിക്ക്' സങ്കൽപിക്കാൻ കഴിയാത്ത കാര്യം ഖുർആന്റെ പേരിൽ അടിച്ചേൽപ്പിക്കപ്പെട്ടതും ഈ കാലഘട്ടം മുതലാണെന്നതിന് നിരവധി തെളിവുകൾ ചരിത്രത്തിൽ കാണാം.

ഉദാഹരണമായി ഹദ്റത് മുഹമ്മദ് മുസ്തഫാ(സ) വഫാത്തായപ്പോൾ ഹദ്റത് ഉമർ(റ) നെ പോലുള്ളവർ, തിരുനബിയുടെ വിയോഗം അംഗീകരിച്ചത് ഹദ്റത് അബൂബക്കർ(റ) പാരായണം ചെയ്ത

وَمَا مُحَمَّدٌ إِلَّا رَسُولٌ قَدْ خَلَتْ مِنْ قَبْلِهِ الرُّسُلُ

أَفَإِنْ مَاتَ أَوْ قُتِلَ انْقَلَبْتُمْ عَلَىٰ أَعْقَابِكُمْ

എന്ന ആയത്ത് കേട്ടുകൊണ്ടാണെന്ന് ചരിത്രവും തിരുഹദീസുകളും വ്യക്തമാക്കിത്തരുന്നു.

അതേ അപ്പോൾ ഹ.ഉമർ(റ)വോ തിരുസ്വഹാബത്തോ ആരും തന്നെ ഈസാനബി ജീവിച്ചിരിക്കുന്നുവെന്ന് തെളിവായി ഉദ്ധരിച്ചിട്ടില്ല. കാരണം തിരുസ്വഹാബത്ത് ഈസാനബി ജീവിച്ചിരിക്കുന്നുവെന്ന വിശ്വാസക്കാരല്ലായിരുന്നു.

മറ്റൊന്ന് നരകത്തിലേക്ക് മുസ്ലിംകളെ കൊണ്ടുപോകുന്നത് കാണുമ്പോൾ, അതൊക്കെ എന്റെ അനുചരന്മാരാണെന്ന് പറയുന്ന നബി(സ)നോട് , താങ്കൾക്ക് ശേഷം അവർ ചെയ്തത് എന്താണെന്ന് താങ്കൾക്ക് എന്തറിയാം എന്ന് ചോദിക്കുമ്പോൾ ഈസാനബി പറഞ്ഞതുപോലെ താൻ അവരിൽ ഉണ്ടായിരുന്ന കാലമത്രയും താനവർക്ക് സാക്ഷിയാണെന്നും തന്നെ മരിപ്പിച്ചപ്പോൾ നീയാണ് അവരുടെ മേൽനോട്ടക്കാരനെന്നും പറയുമെന്നാണ് നബി(സ) വ്യക്തമാക്കിയത്.

(ബുഖാരി)

ഇത് ഹ.ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്യുകയും അത് അതേപടി ഹ.ഇമാം ബുഖാരി(റഹ്) രേഖപ്പെടുത്തുകയും ചെയ്യുന്നു. രണ്ട് മഹാത്മാക്കളും ഈസാനബി മരിച്ചുവെന്ന വിശ്വാസക്കാരാണെന്നതിന് അത് ശക്തമായ തെളിവുമാണ്.

ഇനി സമാനമായ ഒരു കഥ ലേഖകൻ ഉദ്ധരിക്കുന്നുണ്ട്, അതിങ്ങനെയാണ്. "അൽഫർഖു ബൈനൽ ഫിറഖിന്റെ രചയിതാവായ അബൂ മൻസ്വൂറിൽ ബഗ്ദാദി പറയുന്നു: അലി(റ) കൊല്ലപ്പെട്ടിട്ടില്ല; മറിച്ച് ഈസാനബിയെ പ്പോലെ ആകാശത്തേക്ക് ഉയർത്തപ്പെടുക യാണുണ്ടായത്; ഇനി വീണ്ടും ഭൂമിയിലേക്ക് ഇറങ്ങിവരികയും ശത്രുക്കളോട് പകരം വീട്ടുകയും ചെയ്യും എന്ന സബഇയ്യാക്കളുടെ പിഴച്ച വിശ്വാസത്തിന്റെ സൂത്രധാരൻ അബ്ദുല്ലാഹ്ബ്നു സബയ്യാണ്".

ഇവിടെ ആരാണ് പിഴച്ച വിശ്വാസം വച്ചു പുലർത്തുന്നത്, ഈസാനബിക്ക് ആകാശത്ത് പോകാമെങ്കിൽ എന്തുകൊണ്ട് അലി(റ) പോകാൻ കഴിയില്ല? അപ്പോൾ അതാണ് പറയുന്നത് സാമാന്യബുദ്ധിക്ക് നിരക്കാത്ത കഥയെന്ന്.

അതുപോലെ എത്ര എത്ര കഥകൾ, സുലൈമാൻ നബിയുടെ കഥ, ഹാറൂത്ത് മാറൂത്ത്, ഹിള്ർ നബിയുടെ കൂടെയുള്ള മൂസാനബിയുടെ യാത്ര............ ഇതിനൊക്കെ മൗലാനാ മൗദൂദി സാഹിബ് അടക്കമുള്ള വ്യാഖ്യാതാക്കൾ ഖാലയുടെയും, ഖീലയുടേയുമൊക്കെ പിൻബലമാണ് ഉദ്ധരിക്കുന്നത്. പിന്നെ അതാണ് ഏറ്റവും വലിയ സമഗ്രമായ ആധികാരിക തഫ്സീർ എന്നും പറഞ്ഞ് കൊ ണ്ട് നടക്കുകയും ചെയ്യുന്നു. അപ്പോൾ അതാ ണ് കഥ!

**ഗുട്ടൻസ്:**

കൊച്ചിയിൽ ചേർന്ന 14 മുസ്ലിം സംഘടനകൾ മുസ്ലിം ഐക്യവേദി ഉണ്ടാക്കിയിരിക്കുന്നുവത്രെ!

**ഖുലൂബുഹും ശത്താ!**

## വഖ്ഫെ ജദീദും റമദാനും

വഖ്ഫെ ജദീദ് സാമ്പത്തികവർഷം ജനുവരി മുതൽ ഡിസംബർ വരെയാണ്. ഡിസംബർ അവസാനത്തിലോ, ജനുവരിയിലോ ഹദ്റത് ഖലീഫത്തുൽ മസീഹ് വഖ്ഫെ ജദീദിന്റെ നവവർഷ വിളംബരം ചെയ്യുകയും നടപ്പുവർഷത്തെ വഖ്ഫെ ജദീദ് ചന്ദയെ കുറിച്ചുള്ള വിശദാംശങ്ങൾ വിവരിക്കുകയും ചെയ്യുന്നു.

ഹദ്റത് മുസ്ലിഹ് മൗ ഊദ് (റ) ന്റെ ജീവിതത്തിലെ ഏറ്റവും അവസാനത്തെ സാമ്പത്തിക് ആഹ്വാനമാണ് വഖ്ഫെ ജദീദ്.

**റമദാനിൽ ഇതിന്റെ ചന്ദ: മുഴുവനും കൊടുത്തു തീർക്കുന്നവരുടെ പേരുകൾ ഹുസൂർ തിരുമനസ്സിന്റെ, റമദാനിലെ അവസാൻ ദുആയിൽ ഉൾപ്പെടുത്തുന്നതാണ്. റമദാനിൽ അധികമായി സാമ്പത്തികത്യാഗം ചെയ്യുന്ന തിരുനബി സുന്നത്തിനെ ജീവസുറ്റതാക്കുന്നതിനും പ്രോത്സാഹിപ്പിക്കാനുമാണ് ഈ രീതി അവലംബിക്കുന്നത്.**

**നമുക്ക് താരതമ്യം ചെയ്യാം**

ആഫ്താബ്

وَجَآءَهٗ قَوْمُهٗ يُهْرَعُوْنَ اِلَيْهِ ؕ وَمِنْ قَبْلُ كَانُوْا يَعْمَلُوْنَ السَّيِّاٰتِ ؕ قَالَ يٰقَوْمِ هٰٓؤُلَآءِ بَنَاتِىْ هُنَّ اَطْهَرُ لَـكُمْ فَاتَّقُوا اللّٰهَ وَلَا تُخْزُوْنِ فِىْ ضَيْفِىْ ؕ اَلَيْسَ مِنْكُمْ رَجُلٌ رَّشِيْدٌ ۝٧٩ قَالُوْا لَقَدْ عَلِمْتَ مَا لَنَا فِىْ بَنٰتِكَ مِنْ حَقٍّ ۚ وَاِنَّكَ لَتَعْلَمُ مَا نُرِيْدُ ۝٨٠ (11:79-80)

# ലൂത്ത് നബിയുടെ പ്രപ്പോസൽ! യാഥാർഥ്യമെന്ത്?

## ജമാഅത്തെ ഇസ്ലാമി:

**അർഥം:** (ആ അതിഥികൾ വരേണ്ട താമസം) ജനം അദ്ദേഹത്തിന്റെ ഭവനത്തിലേക്ക് പാഞ്ഞടുത്തു. മുമ്പേ ഇവർ ഇത്തരം നീചവൃത്തികൾ ശീലിച്ചവരായിരുന്നു. ലൂത്ത് അവരോട് പറഞ്ഞു. സഹോദരങ്ങളേ, എന്റെ പെൺമക്കളിതാ, ഇവരാകുന്നു നിങ്ങൾക്ക് ഏറെ വിശുദ്ധകളായിട്ടുള്ളവർ. അല്ലാഹുവിനെ ഭയപ്പെടുവിൻ. അതിഥികളുടെ കാര്യത്തിൽ എന്നെ അപമാനിക്കരുതേ! നിങ്ങളിൽ വിവേകമുള്ള ഒരു മനുഷ്യനുമില്ലേ? അവർ മറുപടി നൽകി: നിന്റെ പെൺമക്കളിൽ ഞങ്ങൾക്ക് ഒരു താൽപര്യവുമില്ലെന്ന് നിനക്കു തന്നെ അറിയാമല്ലോ?

**വിശദീകരണം:** .. ലൂത്ത്നബിയുടെ ഉദ്ദേശ്യം വ്യക്തമായും ഇതായിരുന്നു: നിങ്ങളുടെ വികാരങ്ങൾ, അല്ലാഹു നിശ്ചയിച്ച പ്രകൃതിപരവും അനുവദനീയവുമായ മാർഗത്തിലൂടെ പൂർത്തികരിക്കുക. അതിന് ഇവിടെ സ്ത്രീകളുടെ കുറവില്ലല്ലോ?

ആ ജനത്തിന്റെ മാനസികനിലവാരം യഥാവിധം ചിത്രീകരിക്കുന്ന ഒരു വാക്യമാണിത്. അവർ മ്ലേച്ഛരതയിൽ എന്തുമാത്രം മുങ്ങികഴിഞ്ഞിരുന്നുവെന്ന് ഇത് കാണിച്ചുതരുന്നുണ്ട്. പ്രകൃതിപരവും വിശുദ്ധവുമായ മാർഗം കയ്യൊഴിച്ചു പ്രകൃതി വിരുദ്ധവും വ്യത്തിഹീനവുമായ മാർഗ്ഗം സ്വീകരിച്ചു എന്നേടത്തു നിൽക്കുന്നില്ല അവരുടെ കാര്യം: മറിച്ച് തങ്ങളുടെ എല്ലാവിധ ആഗ്രഹങ്ങളും അഭിരുചികളും ഈ വൃത്തിഹീനമായ മാർഗത്തിൽ മാത്രം ഒതുങ്ങിനിൽക്കുക എന്ന പതനത്തോളം എത്തിക്കഴിഞ്ഞിരുന്നു അവർ.

*(തഫ്ഹീമുൽ ഖുർആൻ ഭാ: 2 .. മൗ മൗദൂദി ഐ.പി.എച്ച്,കോഴിക്കോട്)*

## കേരള നജ്വത്തുൽ മുജാഹിദീൻ:

**അർഥം:** അദ്ദേഹത്തിന്റെ ജനങ്ങൾ അദ്ദേഹത്തിന്റെ അടുക്കലേക്ക് (ധൃതിപ്പെട്ടു) ഓടികൊണ്ട് വന്നു. മുമ്പേ അവർ നിങ്ങൾക്ക് വളരേ ശുദ്ധമായുള്ളവരാണ്. (അവരെ നിങ്ങൾക്ക് വിവാഹം കഴിച്ചുതരാം. ആകയാൽ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ, എന്റെ അതിഥികളുടെ വിഷയത്തിൽ എന്നെ നിങ്ങൾ അപമാനപ്പെടുത്താതെയുമിരിക്കുവിൻ. നിങ്ങളുടെ കൂട്ടത്തിൽ തന്റേടമുള്ള ഒരു പുരുഷനുമില്ലേ? അവർ പറഞ്ഞു: നിന്റെ പെൺമക്കളിൽ ഞങ്ങൾക്ക് ഒരു കാര്യവും (ആവശ്യവും) ഇല്ലെന്ന് നിനക്ക് അറിവുണ്ടല്ലോ? നിശ്ചയമായും, നിനക്കറിയാം, ഞങ്ങൾ ഉദ്ദേശിക്കുന്നതെന്താണെന്നും.

**വിശദീകരണം:** ലൂത്ത്(അ) ന്റെ വീട്ടിൽ ചില യുവാക്കൾ എത്തിയ വിവരം ആ ദുഷ്ട ജനങ്ങൾ അറിഞ്ഞു. അവർ ധൃതിയിൽ അവിടെ ഓടിയെത്തി. അദ്ദേഹം വളരേ ഉപദേശിക്കുകയും ഗുണദോഷിക്കുകയും ചെയ്തുനോക്കി. എന്റെ പെൺമക്കളിതാ ഇരിക്കുന്നു. അവർ വിവാഹിതരോ, ദുർനടപ്പുകാരോ അല്ല. അവരെ ഞാൻ വേണമെങ്കിൽ നിങ്ങൾക്ക് വിവാഹം കഴിച്ചുതരുവാൻ തയ്യാറാണ്. അതാണല്ലോ ശുദ്ധിയും വെടിപ്പുമുള്ള കാര്യം. ഏതായാലും എന്റെ വീട്ടിൽ അതിഥികളായി വന്ന ഇവരെ നിങ്ങൾ ഒഴിവാക്കണം. അവരോട് അപമര്യാദയായി പെരുമാറി എന്നെ അപമാനിക്കരുത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കണം ഇതൊക്കെ അവൻ കാണുമല്ലോ, തന്റേടവും വിവേകവുമുള്ള ഒരാളും നിങ്ങളിൽ ഇല്ലേ! ഉണ്ടെങ്കിൽ ഇമ്മാതിരി ധിക്കാരബുദ്ധി നിങ്ങൾക്ക് തോന്നുമായിരുന്നില്ല. എന്നൊക്കെ അദ്ദേഹം പറഞ്ഞു. ഫലമുണ്ടായില്ല. തന്റെ പെൺമക്കളെയല്ല ഞങ്ങൾക്കാവശ്യമെന്നും, ഈ യുവാക്കളെ വിട്ടുകിട്ടുകയാണ് ഞങ്ങൾക്ക് വേണ്ടതെന്നും തനിക്കറിയാമല്ലോ.

*(വിശുദ്ധ ഖുർആൻ വിവരണം അമാനി മൗലവി ഭാഗം.2, പ്രസാ:കെ.എൻ.എം)*

## അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്:

**അർഥം:** അദ്ദേഹത്തിന്റെ ജനം കോപിഷ്ഠരായി അദ്ദേഹത്തിന്റെ അടുക്കലേക്ക് ഓടിവന്നു. ഇതിനു മുമ്പേ തന്നെ അവർ ദുർവൃത്തികൾ ചെയ്യാറുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു, എന്റെ ജനമേ (നിങ്ങളുടെ വീടുകളിൽ വിവാഹിതരായ) എന്റെ പെൺമക്കളാണിവർ. അവർ (നിങ്ങളുടെ അഭിമാനം രക്ഷിക്കുന്നതിന്) ഏറ്റവും പര്യാപ്തരും ഹൃദയശുദ്ധിയുള്ളവരുമാണ്. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. എന്റെ അതിഥികളുടെ കാര്യത്തിൽ എന്നെ നിങ്ങൾ അപമാനിക്കരുത്. നിങ്ങളിൽ വിവേകിയായ ഒരാളും ഇല്ലേ?

അവർ പറഞ്ഞു, നിന്റെ പെൺമക്കളിൽ ഞങ്ങൾക്ക് ഒരവകാശവുമില്ലെന്ന് നിനക്കറിയാം. ഞങ്ങൾ എന്താണ് ഉദ്ദേശിക്കുന്നതെന്നും നിനക്കറിയാം.

**വിശദീകരണം:** ഈ ആയത്തിൽ നിന്ന് മനസ്സിലാവുന്നത് അവരുടെ ദുർവൃത്തികൾ കാരണം ഇനിയും അവർ എന്തെങ്കിലും ചെയ്താലോ എന്ന് ഹ.ലൂത്ത്(അ)ന് വേവലാതിയായി. ഇവിടെ എന്തെങ്കിലും പ്രത്യേക ദുർവൃത്തിയല്ല വിവക്ഷ. കാരണം അവർ നേരത്തേതന്നെ ദുർവൃത്തരായിരുന്നു. അതുകൊണ്ടാണ് ഹ.ലൂത്ത്(അ)ന് ആശങ്കയുണ്ടായത്. മുഫസ്സിരീംകൾ എഴുതിയിരിക്കുന്നത്, മലക്കുകൾ ആൺകുട്ടികളുടെ രൂപത്തിലാണ് വന്നതെന്നും, ജനങ്ങൾ അവരെ കണ്ട് സന്തോഷഭരിതരായി ദുർവൃത്തികൾ ചെയ്യാൻ ഓടി വന്നുവെന്നുമാണ്. പക്ഷെ എന്റെ വീക്ഷണത്തിൽ മുഫസ്സിരീംകളുടെ ധാരണ തെറ്റാണ്. കാരണം അല്ലാഹു സൂറത്തുൽ ഹിജ്റിൽ പറയുന്നു: قَالُوْٓا اَوَلَمْ نَنْهَكَ عَنِ الْعٰلَمِيْنَ (15:71) അതായത് അവർ പറഞ്ഞു, അന്യനാട്ടിലുള്ളവരെ കൊണ്ടുവരുന്നതിൽ നിന്ന് ഞങ്ങൾ നിന്നെ വിരോധിച്ചിട്ടില്ലേ?

അവർ ദുർവൃത്തി ചെയ്യാൻ ആഗ്രഹിക്കുകയും, അതിഥികൾ വന്നതിൽ സന്തുഷ്ടരുമായിരുന്നുവെങ്കിൽ എല്ലാ ദിവസവും അതിഥികളെ കൊണ്ടുവരാനാണ് പറയേണ്ടിയിരുന്നത്. എന്നാൽ അവർ കോപാകുലരായി പറയുന്നു, അന്യനാടുകളിലുള്ളവരെ, ഇവിടെ കൊണ്ടുവരരുതെന്ന് നേരത്തേയും ഞങ്ങൾ നിന്നോട് പറഞ്ഞിരുന്നതല്ലേ?

മറ്റൊരു ഭാഗത്ത്, അല്ലാഹു പറയുന്നത്, وَجَآءَ اَهْلُ الْمَدِيْنَةِ يَسْتَبْشِرُوْنَ (15:68) നഗരവാസികൾ സന്തോഷത്തോടെ ഓടിവന്നു എന്നാണ്. അവർ സന്തോഷഭരിതരായി എന്നതുകൊണ്ടുള്ള വിവക്ഷ അവർ അതിഥികളോട് ദുർവൃത്തി ചെയ്യുമെന്നല്ല, മറിച്ച് സന്തോഷിക്കാനുണ്ടായ കാരണം ഹദ്റത് ലൂത്ത്(അ) നെ ശിക്ഷിക്കാൻ അവസരം കിട്ടിയിരിക്കുന്നുവെന്നും, അദ്ദേഹം തങ്ങളുടെ വരുതിയിൽ (തങ്ങൾ ആജ്ഞാപിച്ചത് ലംഘിച്ചതു കാരണം) വന്നിരിക്കുന്നുവെന്നും കരുതി കൊണ്ടാണ്.ഹ.ലൂത്ത്(അ) പെൺകുട്ടികളെ ദുർവൃത്തിക്കോ, വിവാഹത്തിനോ ആണ് സമർപ്പിച്ചതെന്നും അതുകൊണ്ടാണ് പെൺകുട്ടികളിൽ ഞങ്ങൾക്ക് യാതൊരു അവകാശവുമില്ല എന്ന് പറഞ്ഞതെന്നും ധരിക്കുന്നവരുണ്ട്. എന്നാൽ ഇതും ഈ ആയത്തിനു കടകവിരുദ്ധമാണ്. കാരണം, ദുർവൃത്തിയിൽ അതിരുകടന്നവരെ സംബന്ധിച്ചിടത്തോളം ന്യായാന്യായങ്ങളുടെ പ്രശ്നം തന്നെ ഉദിക്കുന്നില്ല.

ഇവിടെ ജാമ്യത്തിന്റെ കാര്യമാണ്. അവരുടെ സമ്പ്രദായമനുസരിച്ച് ജാമ്യമായി ആദ്യത്തെ ആൺകുട്ടിയെ വെക്കാറുണ്ടായിരുന്നു. അതുകൊണ്ട് തന്നെ പെൺകുട്ടികളെ കിട്ടുന്നത് അവർ നിയമവിരുദ്ധമായും പ്രയോജനരഹിതമായും മനസ്സിലാക്കിയിരുന്നു. (തഫ്സീർകബീർ)

***സുപ്രസിദ്ധ മുസ്‌ലിം പണ്ഡിതൻ അല്ലാമാ നിയാസ് ഫതഹ് പുരി എഴുതുന്നു:***
*സൂറ ഹൂദിന്റെ തഫ്സീറിൽ ഹദ്റത് ലൂത്ത്(അ)നെ ക്കുറിച്ച് അദ്ദേഹത്തിന്റെ (ഹ.മുസ്‌ലിഹ് മൗഊദിന്റെ) ചിന്താഗതികൾ മനസ്സിലാക്കിയപ്പോൾ ഹൃദയം തുന്ദിലിതമായി. അദ്ദേഹം* هٰٓؤُلَآءِ بَنَاتِىْ *എന്നതിന്റെ വ്യാഖ്യാനത്തിൽ സാധാരണ മുഫസ്സിരീംകളിൽ നിന്ന് വ്യത്യസ്തമായ വിശദീകരണം നൽകിയതിൽ അദ്ദേഹത്തെ അഭിനന്ദിക്കാൻ എനിക്ക് കഴിവില്ല.*

# ഖുദ്ദാം അത്ഫാൽ മേഖല ഇജ്തിമകൾ

**കാക്കനാട്:** ബൈത്തോ ത്വാഹിറിൽ വച്ചു നടന്ന എറണാകുളം ജില്ലാ ഇജ്തിമ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ അഖിലേന്ത്യ നാഇബ് സദർ സി. ശമീം സാഹിബ് ഉൽഘാടനം ചെയ്തു. മേഖല ഖാഇദ് മുഹമ്മദ് സഫ്‌വാൻ സാഹിബ് അദ്ധ്യക്ഷനായിരുന്നു. കാക്കനാട് ജമാഅത്ത് പ്രസിഡന്റ് പി. മുഹമ്മദ് കരീം സാഹിബും മൗലവി ടി.എം. അബ്ദുൽ മുജീബ് സാഹിബും ആശംസാ പ്രസംഗം നടത്തി. തുടർന്ന് മൽസര പരിപാടികൾ ആരംഭിച്ചു. ബി ത്വാഹിർ അഹ്മദ് സാഹിബ് എറണാകുളം ഇക്കാലഘട്ടത്തിലെ സ്വഭാവ ദൂഷ്യമായ പുകവലിയുടെ ദൂഷ്യ വശങ്ങളെ കുറിച്ച് തയ്യാറാക്കിയ മനോഹര പ്രസന്റേഷൻ സദസ്സിന്റെ ശ്രദ്ധ പിടിച്ചുപറ്റി. സമാപന സമ്മേളനത്തിൽ മേഖല അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് പ്രഭാഷണം നടത്തുകയും മൽസര വിജയികൾക്ക് സമ്മാനം വിതരണം ചെയ്യുകയും ചെയ്തു.



**കോഴിക്കോട് :** ജില്ലാ ഇജ്തിമാ മേഖലാ അമീർ കെ.എം അഹ്മദ്കോയ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ബൈത്തുൽ ഖുദ്ദൂസിൽ വെച്ച് ഭാരത് നാഇബ് സദർ സി. ശമിം സാഹിബ് ഉദ്ഘാടനം ചെയ്തു. ഖാദിംകൾ അത്ഫാലുകളുടെ ആത്മീയമായും, ഭൗതികവുമായ പുരോഗതിക്ക് വേണ്ടി ശ്രമിക്കുകയും, അവർക്ക് മാതൃകയാവണമെന്നും ഉപദേശിക്കുകയും, അൻസാറുകളായാലും ഖാദിമീങ്ങളുടെ





പ്രവർത്തനങ്ങൾ വിസ്മരിക്കരുതെന്നും അവരുമായി സഹകരിക്കണമെന്നും അദ്ദേഹം ഖാദിംകളെ ഓർമപ്പെടുത്തി. സഊദ് അഹ്മദ് സാഹിബ് തിലാവത്തും, ഐ.കെ.മൻസൂർ അഹ്മദ് സാഹിബ് നസവും കേൾപ്പിച്ചു. ജില്ലാ ഖാഇദ് ബി.എം ഷൗക്കത്ത് അലി സാഹിബ് ആമുഖ പ്രഭാഷണം നടത്തുകയും, ജില്ലാ മുഅ്ത്തമിദ് പി.ഷൗക്കത്ത് സാഹിബ് റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. മാത്തോട്ടം പ്രസിഡണ്ട് പി.എം.ബശീർ സാഹിബ്, നോർത്ത് ഇലാഖ നാഇബ് ഖാഇദ് നൗഷാദ് സാഹിബ് എന്നിവർ ആശംസകൾ അർപ്പിച്ചു. കണ്ണൂർ മേഖല അമീർ യു.മൻസൂർ അഹ്മദ് സാഹിബ് ദുആ ചെയ്തു. സൗത്ത് ഇലാഖ ഖാഇദ് ഇ.എച്ച്. നജീബ് സാഹിബ്, മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് മുൻ ആക്ടിംഗ് സദർ മൗ.അബൂബക്കർ സാഹിബ് എന്നിവരും വേദിയിൽ സന്നിഹിതരായിരുന്നു.

തുടർന്ന് നടന്ന തഅ്ലീം ക്ലാസ്സിൽ ശ്രീ. പ്രദീപൻ മാലോത്ത് ദുഷ്പ്രവണതകളോട് സമരം ചെയ്തുകൊണ്ട് എങ്ങിനെ സമൂഹത്തിൽ ജീവിക്കണമെന്ന് ഖാദിംകളെ ഉദ്ബോധിപ്പിച്ചു. വൈജ്ഞാനികമത്സരവിജയികൾക്ക് മൗ. സലീം സാഹിബ്, എം.റഫി അഹ്മദ് സാഹിബ്, മൗ.സഫർ അഹ്മദ് സഹിബ്, അഹ്മദ് സഊദ് സാഹിബ്, നായിബ് സദർ സാഹിബ് എന്നിവർ സമ്മാനം നൽകി.

**പാലക്കാട് :** ജില്ലാ ഇജ്തിമാ ഇലാഖാ ഖാഇദ് ഹാരിസ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ മേഖല അമീർ പ്രൊ.അബ്ദുൽ കരീം സാഹിബ് ഉദ്ഘാടനം ചെയ്തു. മേഖലാ നാസിം അൻസാറുല്ലാഹ് താജുദ്ദീൻ സാഹിബ്, പാലക്കാട് ജമാഅത്ത് പ്രസിഡണ്ട് എന്നി വർ ആശംസകളർപ്പിച്ചു. ഭാരത് നാഇബ് സദർ സി. ശമിം സാഹിബ് മുഖ്യപ്രഭാഷണം നടത്തി.






**തിരുവനന്തപുരം :** ജില്ലാ ഇജ്തിമാ ജില്ലാ ഖാഇദ് സനൂജ് മുസ്‌ലിഹ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ ഇലാഖാ ഖാഇദ് ഇ.എച്ച്. നജീബ് സാഹിബ് ഉദ്ഘാടനം ചെയ്തു. മേഖലാ സർക്കിൾ ഇൻ ചാർജ്ജ് മൗ. നാസർ സാഹിബ്, മൗ. ഹനീഫ് സാഹിബ്, തിരുവനന്തപുരം പ്രസിഡണ്ട് സാഹിബ് എന്നിവർ ആശംസകളർപ്പിച്ചു.



**ഗോദാവരി:** മേഖലാ ഇജ്തിമാ മേഖലാ അമീർ പി.എം.റഷീദ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ മുഅ്ത്തമിദ് ഭാരത് ഗുലാം അസിമുദ്ദീൻ സാഹിബ് ഉദ്ഘാടനം ചെയ്തു.

## തഹ്‌രിക് ജദീദ്

**ഖാദിയാൻ**: അൽഫസൽ ദിനപത്രത്തിൽ 19 നവംബർ 1938 ൽ പ്രസിദ്ധീകരിക്കപ്പെട്ട വിജ്ഞാപനമനുസരിച്ച് മുഖ്‌ലി സീങ്ങളായ അഹ്മദികൾ പതിവായി എല്ലാ കൊല്ലവും റമദാൻ മാസത്തിൽ തങ്ങളുടെ വാഗ്ദാനം 100% അടച്ചുതീർക്കാറുള്ളതാണ്.

ദൈവാനുഗ്രഹത്താൽ നാമെല്ലം അനുഗ്രഹീതമായ മാസത്തിൽ പ്രവേശിച്ചിരിക്കുകയാണ്. എല്ലാ തഹ്‌രീഖ് ജദീദ് യോദ്ധാക്കളോടും തങ്ങളുടെ അതിമഹത്തായ ജമാഅത്തീ പാരമ്പര്യത്തെ നിലനിർത്തിക്കൊണ്ട് റമദാൻ 20 വരെ അതായത് ആഗസ്റ്റ് 9 വരേക്കും തങ്ങളുടെ വാഗ്ദാനങ്ങൾ നിറവേറ്റി ഹുസൂർ തിരുമന സ്സിന്റെ പ്രത്യേക ദുആക്ക് അർഹരായിത്തീരാൻ അഭ്യർത്ഥിക്കുന്നു. അല്ലാഹുത്തആലാ നമുക്കെല്ലാവർക്കും ഇതിനുള്ള ഭാഗ്യം തന്നനുഗ്രഹിക്കുമാറാകട്ടെ.

ആഗസ്റ്റ് 14നു മുൻപായി 100% ചന്ദ അടച്ചു തീർത്തവരുടെ പേരുവിവരങ്ങൾ അയച്ചുതരുവാൻ എല്ലാ അമീർ/സദർ/സർക്കിൾ ഇൻചാർജ്ജ് സാഹിബുമാരോടും അപേക്ഷിക്കുന്നു, അതനുസരിച്ച് പേരു വിവരങ്ങൾ ഒന്നിച്ച് ഹുസൂർ തിരുമനസ്സിന്റെ സന്നിധിയിൽ അയക്കുന്നതാണ്. വരുന്ന ജുമുആകളിൽ ഇത് വായിച്ചുകേൾപ്പിക്കാൻ അപേക്ഷ.

വിനീതൻ
വക്കീലുൽ മാൽ,
തഹ്‌രീഖ് ജദീദ്, ഖാദിയാൻ

## ഉന്നത വിജയം



**പെരിന്തൽമണ്ണ:** ബശീറുദ്ദീൻ ശംസ് സാഹിബ് ഈ കഴിഞ്ഞ CBSE 10 ാം ക്ലാസ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടി ഉന്നതവിജയം കരസ്ഥമാക്കിയിരിക്കുന്നു. അൽഹംദുലില്ലാഹ്. പെരിന്തൽമണ്ണ ജമാഅത്ത് പ്രസിഡന്റ് കെ. ശംസുദ്ദീൻ സാഹിബിന്റെയും ആയിഷ സാഹിബയുടേയും പുത്രനാണ്.

## എം.ടി.എ ഇന്റർനാഷണൽ സന്മാർഗം സംപ്രേഷണം തുടങ്ങി

**ലണ്ടൻ:** തബ്ലീഗ് വിഷയങ്ങളെ അധികരിച്ചു കൊണ്ടുള്ള സന്മാർഗം ചർച്ചാപരിപാടി എം.ടി.എ യിൽ സംപ്രേഷണം ചെയ്തു തുടങ്ങി. തിങ്കളാഴ്ച ഇന്ത്യൻ സമയം ഉച്ചക്ക് 1:50നും രാത്രി 8:25നുമാണ് പരിപാടി കാണിക്കുന്നത്. അരമണിക്കൂർ നീണ്ട പരിപാടിയിൽ ഈസാ നബിയുടെ മരണം, ഖത്തമുനുബുവ്വത്ത്, ഹദ്റത് അഹ്മദ്(അ)ന്റെ സത്യസാക്ഷ്യം, ഖിലാഫത്ത് തുടങ്ങിയ വിഷയങ്ങളാണ് പ്രാഥമിക ചർച്ചകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തുടർന്ന് ഹ.അഹ്മദ്(അ)നെതിരിൽ ഉന്നയിക്കപ്പെടുന്ന ആക്ഷേപങ്ങൾക്ക് മറുപടിയാണ് സംപ്രേക്ഷണം ചെയ്യുകയെന്ന് സംഘാടകർ പറഞ്ഞു.

## ഖിലാഫത്ത് ദിനം

**കൂടാളി:** മട്ടന്നൂർ,കൂടാളി ജമാഅത്തുകളുടെ സംയുക്താഭിമുഖ്യത്തിൽ ഖിലാഫത്ത് ദിന യോഗം സംഘടിപ്പിച്ചു. കണ്ണൂർ മേഖലാ അമീർ യു. മൻസൂർ അഹ്മദ് സാഹിബ് ആധ്യക്ഷം വഹിച്ചു. ദഅ്വത്തെ ഇലല്ലാഹ് മുബല്ലിഗ് മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ്, മൗലവി നിഷാദ് അഹ്മദ് സാഹിബ്, മൗലവി കെ. സിദ്ദീഖ് സാഹിബ് എന്നിവർ പ്രസംഗിച്ചു. കൂടാളി അമീർ സി.ഹസൻ സാഹിബ് നന്ദി പറഞ്ഞു.

## ഖുർആൻ വാരം

**കടലായി :** ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ഖുർആൻ വാരം കൊണ്ടാടി. മുഖ്യപ്രഭാഷകരായി മൗ. സിദ്ധീഖ് സാഹിബ്, മൗ.ഇസ്മാഈൽ സാഹിബ്, മൗ. നാസർ സാഹിബ്, മൗ. ടി.എം.മുഹമ്മദ് സാഹിബ്, മൗ.സലാം സാഹിബ്, ടി.ഷംസുദ്ദീൻ സാഹിബ്, ഷറഫുദ്ദീൻ സാഹിബ്, ഷഫി സാഹിബ്, അഹ്മദ് റശീദ് സാഹിബ് എന്നിവർ പങ്കെടുത്തു.



കണ്ണൂർ - കോഴിക്കോട് ജില്ലാ ഫുട്ബോൾ ടൂർണമെന്റ്



കബറിസ്ഥാൻ ശുചീകരണം മുംബൈ ഖുദ്ദാമുൽ അഹ്മദിയ്യാ



മലപ്പുറം ജില്ലാ അംഗങ്ങൾ വിനോദയാത്രയിൽ



മജലിസ് ഖുദ്ദാമുൽ അഹ്മദിയ്യ തിരുവനന്തപുരം ഇജ്തിമ



മലപ്പുറം - കോഴിക്കോട് ജില്ലാ ഫുട്ബോൾ ടൂർണമെന്റ്



വഖാറെ അമൽ സാവന്തവാടി ഖുദ്ദാമുൽ അഹ്മദിയ്യാ

## അൻസാറുല്ല സൗജന്യ മെഡിക്കൽ ക്യാമ്പും മേഖല ഇജ്തിമയും

**എറണാകുളം:** മജ്ലിസ് അൻസാറുല്ല മേഖല ഇജ്തിമയോടനുബന്ധിച്ച് നടത്തിയ സൗജന്യ മെഡിക്കൽ ക്യാമ്പ് മജ്ലിസ് അൻസാറുല്ല അഖിലേന്ത്യ നാഇബ് സദ്ർ പി.പി. നാസറുദ്ദീൻ സാഹിബ് ഉൽഘാടനം ചെയ്തു. മേഖല അമീർ സാഹിബ്, മേഖല നാസിം അൻസാറുല്ല, ഇൻചാർജ് മുബല്ലിഗ് എന്നിവരുടെ സാന്നിദ്ധ്യവും ഉണ്ടായിരുന്നു. തുടർന്നു നടന്ന മേഖല ഇജ്തിമ നാഇബ് സദ്ർ പി.പി. നാസറുദ്ദീൻ സാഹിബ് ഉൽ ഘാടനം ചെയ്തു. മേഖല അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് അദ്ധ്യക്ഷത വഹിച്ചു. മലിക് അമീൻ കാക്കനാട് ഖുർആൻ പാരായണം നിർവഹിച്ചു. മേഖല നാസിം പി.കെ. ശാഹുൽ ഹമീദ് സാഹിബ്, ഇൻചാർജ് മുബല്ലിഗ് മൗലവി എം. നാസിർ അഹ്മദ് സാഹിബ് എന്നിവർ പ്രഭാഷണം നടത്തി. ശേഷം വൈജ്ഞാനിക മൽസരങ്ങൾ




നടന്നു. കാക്കനാട് പ്രസിഡന്റ് പി. മുഹമ്മദ് കരീം സാഹിബ് അദ്ധ്യക്ഷനായ സമാപന സമ്മേള നത്തിൽ മൽസരവിജയികൾക്ക് സമ്മാനം വിതരണം ചെയ്തു.

# ഹുസൂർ കനഡയിൽ

**പീസ് വില്ലേജ്:** അമേരിക്കൻ സന്ദർശനത്തിനു ശേഷം കനഡയിലെ പീസ് വില്ലേജിൽ എത്തിച്ചേർന്ന ഹുസൂർ തിരുമനസ്സിന് ഊഷ്മളമായ സ്വീകരണമാണ് തദ്ദേശവാസികൾ നൽകിയത്. അമേരിക്കയിൽ നിന്നും റോഡ് മാർഗമാണ് ഹുസൂർ ഇവിടെ എത്തിയത്.

മൂന്ന് ദിവസത്തെ ജൽസാസാലാനയിലും ഹുസൂർ പങ്കെടുത്തു. കൂടാതെ ജാമിഅ അഹ്മദിയ്യാ അവാർഡ് ദാനചടങ്ങിലും സംബന്ധിച്ചു. കനഡയിൽ പുതുതായി നിർമ്മിച്ച ത്വാഹിർ ഹാളിന്റെ ഉദ്ഘാടനവും ഹുസൂർ നിർവഹിക്കുകയുണ്ടായി.





Amazing scenes of love in Peace Village

## മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ, 19-ാം സംസ്ഥാന ഇജ്തിമാഅ്

2012 ആഗസ്റ്റ് 31, സെപ്റ്റംബർ 1 & 2, പഴയങ്ങാടി




"നാം കായികവും ഭൗതീകവും ധാർമ്മികവുമായ കഴിവുകളെ അഭിവൃദ്ധിപ്പെടുത്തുകയാണെങ്കിൽ ലോകത്തിലെ സകല പുരോഗമന സമൂഹങ്ങളെയും നമുക്ക് പരാജയപ്പെടുത്താൻ കഴിയുന്നതാണ്"

ഹദ്റത്ത് മിർസാ നാസിർ അഹ്മദ് (റഹ്)
(ഖലീഫത്തുൽ മസീഹ് സാലിസ്)

### കാര്യപരിപാടികൾ

- പതാക ഉയർത്തൽ
- ഉദ്ഘാടനം
- വാർഷിക റിപ്പോർട്ട് അവതരണം
- വിജ്ഞാന സദസ്സ് : 'ദൈവകണത്തിൽ നിന്ന് ദൈവത്തിലേക്ക്'
- പീസ് സിംപോസിയം
- ചർച്ച : 'മാറുന്ന ലോകം, മാറുന്ന യുവത്വം'


### മത്സര ഇനങ്ങൾ

- സ്പോർട്സ്
- ഖുർആൻ പാരായണം
- പദ്യം (അറബി, ഉർദു & മലയാളം)
- പ്രസംഗം
- ക്വിസ് (ജനറൽ & ഖുത്വുബ)
- സംഘഗാനം
- പ്രബന്ധ രചന
- ചുമർ പത്രിക
- കരകൗശല പ്രദർശനം
- ഡോക്യുമെന്ററി പ്രദർശനം
- അടിക്കുറിപ്പ്
- തലവാചകം
- സന്ദേശകൈമാറ്റം
- വൺ മിനിറ്റ് സ്പീച്ച്
- മെമ്മറി ടെസ്റ്റ്

**ഉദ്ഘാടനം**
**ഹാഫിസ് മഖ്ദൂം ശരീഫ് സാഹിബ്**
സദ്ർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ, ഭാരത്

സ്ഥലം :
**ഫസ്ലെ ഉമർ സ്ക്കൂൾ, പഴയങ്ങാടി**
തിയ്യതി :
**2012 ആഗസ്റ്റ് 31, സെപ്റ്റംബർ 1 & 2**

**ഇ.എച്ച്. നജീബ്** (സദ്ർ, ഇജ്തിമ കമ്മിറ്റി) Ph: 09895765803 Email:sadrijtema@mkank.org



# വഖ്ഫെ ജദീദ് ചില ചരിത്ര യാഥാർത്ഥ്യങ്ങൾ

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)

**വഖ്ഫെ ജദീദിന്റെ രൂപീകരണ പശ്ചാത്തലം**

ഇന്ത്യാപാക്ക് വിഭജനശേഷം വളരെ വേഗത്തിൽ ഭയാനകമായ അവസ്ഥയിലേക്കെത്തിക്കൊണ്ടിരുന്ന ശിക്ഷണ പരമായ ദൗർബല്യവും ധാർമിക അപചയവുമാണ് വഖ്ഫെ ജദീദിന്റെ രൂപീകരണത്തിനു നിദാനമായ ഒരു സംഗതി. ഹദ്റത്ത് അഖ്ദസ് അൽ മുസ്‌ലിഹ് മൗഊദ് (റ) തന്റെ ദൈവിക ഉൾക്കാഴ്ചയാൽ ഈ ആപത്തിനെ വളരെ ആഴത്തിൽ മനസ്സിലാക്കി. അഥവാ അതിനെ യഥാസമയം തടയുന്നില്ലായെങ്കിൽ അത് വളരെ ഭയാന കമായ രൂപം ആർജിക്കുകയും വരുതിക്ക് പുറത്താകുകയും ചെയ്യുമായിരുന്നു. അങ്ങിനെയായാൽ ഇസ്‌ലാമി നെ അന്യ നാടുകളിലും അന്യമതസ്ഥരിലും പ്രചരിപ്പിക്കുന്നതിൽ വിജയിക്കുന്നതിനു മുമ്പേ സ്വയം നാം വീണ്ടും പുതുതായി സൽമാർഗത്തിന്റെ ആവശ്യക്കാരായി മാറിയേനെ. ആ അസ്ഥയിൽ നാം ആരെയാണോ സത്യമതത്തി ലേക്ക് ക്ഷണിക്കുന്നത് അവർ നമ്മുടെ സന്ദേശത്തെ തള്ളിക്കളഞ്ഞു കൊണ്ട് വളരെ പരിഹാസത്തോടു കൂടി നമ്മോടു പറയുമായിരുന്നു Physician heal thyself അല്ലയോ വൈദ്യരേ! സ്വയം ചികിൽസിക്കുക.

## ഹ.മസീഹ് മൗഊദ്(അ) ന്റെ ആഗ്രഹം

രണ്ടാമത്തെ സ്ഥാപനോദ്ദേശ്യം അത്യന്താപേക്ഷിതമായ ഈ അനിവാര്യത യ്ക്ക് വളരെ മുമ്പുള്ള കാര്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഒരു അഭിലാഷവുമായിട്ട് അത് ബന്ധപ്പെട്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) വഖ്ഫെ ജദീദ് പോലെയുള്ള ഒരു സംവിധാനം ഇന്ത്യ പാക്ക് ഉപഭൂഗണ്ഡ ത്തിൽ നടപ്പാക്കാൻ ആഗ്രഹിച്ചിരുന്നു എന്നത് ആ മഹാത്മാവിന്റെ ചുവടെ കൊടുക്കുന്ന വാക്കുകളിൽ നിന്ന് നിങ്ങ ൾക്ക് വ്യക്തമായും മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഹുസൂർ(അ) പറയുന്നു: ഇസ്‌ലാം ദീനിന്റെ പ്രചരണത്തി നായി ഒരു മഹത്തായ സംവിധാനം നടപ്പിലാക്കണം എന്നതാണ് ഈ വിനീത ന്റെ അഭിലാഷം. അതായത്, ഇന്ത്യാ മഹാരാജ്യത്തിന്റെ എല്ലായിടത്തും നമ്മുടെ ഉപദേശകരും സംവാദം നടത്തുന്നവരും നിയമിതരാകണം. അവർ ഇസ്‌ലാമി ന്റെ തെളിവ് മുഴുവൻ ഭൂലോകത്തും പൂർത്തിയാകുന്നതിനായി ദൈവദാ സരെ സത്യത്തിലേക്ക് ക്ഷണിക്കുകയും ചെയ്യട്ടെ. എന്നാൽ ദുർബലതയു ടേയും ന്യൂനപക്ഷത്തിന്റേയും അവസ്ഥയിൽ ഇപ്പോൾ ഈ ആഗ്രഹം പരിപൂർ ണ്ണമായ നിലയിൽ പ്രവർത്തികമാകുന്നതല്ല.

*(ഫതഹെ ഇസ്‌ലാം)*


ഈ നിലയിൽ നോക്കുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ഒരു അഭിലാഷത്തെ പൂർത്തീകരിക്കുന്നതിനായിട്ടാണ് വഖ്ഫെ ജദീദ് സ്ഥാപിച്ചിട്ടു ള്ളതെന്ന് നമുക്ക് പറയാൻ കഴിയും.പ്രവാചകന്മാരുടെ ആഗ്രഹങ്ങൾ ഒരു സാധാരണ മനുഷ്യന്റെ ആഗ്രഹങ്ങളെ പോലെ അല്ല എന്നും മറിച്ച് അവരുടെ ഹൃദയാഭിലാഷങ്ങളും ആഗ്രഹങ്ങളും അല്ലാഹുവിന്റെ തൃപ്തിക്കനുഗുണവും അതിസൂക്ഷ്മ തത്വങ്ങളിലധിഷ്ഠിതവുമാണെന്ന അറിവ് ആർക്കാണ് ഇല്ലാ ത്തത്? ഒരു ഭാഗത്ത് 80 വർഷങ്ങൾക്കു മുമ്പ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ മനസ്സിൽ ഈ ആഗ്രഹം ഉദിക്കുകയും മറുഭാഗത്ത് നമ്മുടെ കൺമുമ്പിൽ വഖ്ഫെ ജദീദ് സംവിധാനത്തെ ശക്തമായി അവശ്യപ്പെടുന്ന അവസ്ഥ സംജാ തമാകുകയും ചെയ്യുക എന്നത് അതിന്റെ രൂപീകരണ പശ്ചാത്തലം രൂപപ്പെ ടുത്തുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നു മേൽ അല്ലാഹുവിന്റെ കാരുണ്യ ങ്ങൾ നിരന്തരം വർഷിക്കപ്പെടു മാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ എല്ലാ അഭിലാഷങ്ങളും അദ്ദേഹത്തിന്റെ കാലത്ത് പൂർത്തിയാകുകയോ അല്ലെങ്കിൽ അതിന്റെ അസ്തിവാരമിടുകയോ ഉണ്ടായി. വഖ്ഫെ ജദീദിന്റെ അസ്തിവാരവും അല്ലാഹുവിന്റെ ഇച്ഛാനുസൃതം അദ്ദേഹത്തിന്റെ പരിശുദ്ധ കൈകളാൽ ഇടണം എന്നത് വിധിക്കപ്പെട്ടിരുന്നു. അങ്ങിനെ 1958ൽ ബലി പെരുന്നാൾ ഖുത്വുബയിൽ അദ്ദേഹം പ്രസ്തുത അഞ്ചുമന്റെ സ്ഥാപനത്തെ സംബന്ധിച്ച് വിളംബരപ്പെടുത്തി.


---

അമുസ്‌ലിംകളെ തബ്‌ലീഗ് ചെയ്തു കൊണ്ടിരുന്ന കാലത്തെ ഒരു സംഭവം എനിക്കോർമ വരികയാണ്. ഒരു സ്ഥലത്തുള്ള ധാരാളം അമുസ്‌ലിംകൾ ഇസ്‌ലാം മതം സ്വീകരിക്കാൻ തുടങ്ങിയിരുന്നു. ബഹുദൈവാരാധന ഉപേക്ഷി ച്ചു കൊണ്ട് കലിമ ചൊല്ലാൻ തുടങ്ങിയിരുന്നു. ഉലമാക്കൾ ഇതറിഞ്ഞപ്പോൾ വളരെ കോപത്തോടു കൂടി അമുസ്‌ലിംകളിൽ തബ്‌ലീഗ് ചെയ്യുകയും അവ രെ കൊണ്ട് കലിമ ചൊല്ലിക്കുകയും ചെയ്യുന്ന അഹ്മദികൾ ആരാണെന്ന് പറയാൻ തുടങ്ങുകയും ചെയ്തു. അങ്ങിനെ ഫൂൽ പൊറ എന്ന് പേരുള്ള ജമാഅത്തെ ഇസ്‌ലാമിയുടെ ഒരു മൗലവി ആ ഗ്രാമത്തിൽ എത്തി. അല്ലാഹു വിന്റെ അനുഗ്രഹത്താൽ അവിടെയുള്ള ഭൂരിഭാഗം ജനങ്ങളും അഹ്മദിയ്യത്ത് സ്വീകരിച്ചിരുന്നു. നമസ്കരിക്കുകയും നബി(സ)യ്ക്ക് മേൽ സലാം ചൊല്ലു കയും, മനോഹരമായ ശബ്ദത്തിൽ കലിമ ചൊല്ലാനും തുടങ്ങിയിരുന്നു. മൗലവി സാഹിബ് അവിടെ എത്തുകയും സ്റ്റേജ് കെട്ടി അഹ്മദികൾക്കെതി രിൽ അസഭ്യം പറയാൻ തുടങ്ങി. അയാളുടെ അസഭ്യം അതിരു കടക്കുകയും ഇതെന്താണ് സംഭവിക്കുന്നതെന്ന് അൽഭുതത്തോടെ അവിടുത്തുകാർ വീക്ഷി ക്കാനും തുടങ്ങി. മൗലവി സാഹിബ് ഇസ്‌ലാമിന്റെ കാര്യങ്ങൾ പറയുകയും തങ്ങളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുമെന്നുമാണ് അവിടുത്തുകാർ കരുതിയി രുന്നത്. എന്നാൽ ഇയാളിതാ അസഭ്യം പുലമ്പുന്നു. അങ്ങനെ ആ ഗ്രാമത്തി ലെ അമുസ്‌ലിമായ അധികാരി എഴുന്നേറ്റ് നിന്ന് പറഞ്ഞു, മൗലവി സാഹിബ്, ഞാൻ പറയുന്ന ഒരു കാര്യം ആദ്യം കേട്ടു കൊള്ളുക. അതിനു ശേഷം മതി മറ്റു കാര്യങ്ങൾ. ഞാൻ പറയാൻ ആഗ്രഹിക്കുന്നത്, ഞങ്ങളെ മുസ്‌ലിംകളാ ക്കുന്നതിനായി ഇവർ ഇവിടെ വന്നപ്പോൾ ഞങ്ങൾക്ക് നല്ല നല്ല കാര്യങ്ങളാണ് പറഞ്ഞു തന്നത്, സ്നേഹത്തോടു കൂടി അല്ലാഹുവിനെ സ്മരിക്കുമായി രുന്നു, അവരുടെ കണ്ണുകൾ നിറയുമായിരുന്നു, ദൈവസ്നേഹത്തിന്റെ കാര്യ ങ്ങൾ പറയുമായിരുന്നു, നബിയുടെ സ്നേഹത്തിന്റെ കാര്യങ്ങൾ കേൾപ്പിക്കു മായിരുന്നു. ദൈവത്തിന് യാതൊരു പങ്കാളികളുമില്ലെന്നും മുഹമ്മദ് (സ) അവന്റെ ദാസനും ദൂതനുമാണെന്നും എല്ലാ നബിമാരേക്കാളും ശ്രേഷ്ഠനാ ണെന്നും പറയുമായിരുന്നു. കൂടാതെ ഇസ്‌ലാമിന്റെ ധാർമികഗുണങ്ങളെ സംബന്ധിച്ചും പറയുമായിരുന്നു. എല്ലാവരും പരസ്പരം സഹോദരന്മാരാ ണെന്നും യാതൊരു ശത്രുതയില്ലെന്നും യാതൊരു വിദ്വേഷവുമില്ലെന്നും പറ യുമായിരുന്നു.അക്കാര്യങ്ങൾ ഞങ്ങളുടെ ഹൃദയങ്ങളെ കീഴടക്കാൻ തുട ങ്ങി. ഞാനിതുവരെ മുസ്‌ലിമായിട്ടില്ലെങ്കിലും എന്റെ ഗ്രാമം എന്റെ കൺമു ന്നിൽ മുസ്‌ലിംകളായിക്കൊണ്ടിരിക്കുന്നു. ഞാനൊരിക്കലും ആരെയും തട ഞ്ഞിട്ടില്ല. കാരണം എനിക്ക് ആക്ഷേപമുള്ള ഒരു കാര്യവും തന്നെ ഞാൻ ക ണ്ടിരുന്നില്ല. അതിനാൽ ഞാനതിൽ ഇടപെട്ടില്ല. എന്നാൽ ഇന്ന് നിങ്ങൾ ഒരു ഇസ്‌ലാമിന്റെ വീക്ഷണവുമായി വന്നിരിക്കുന്നു. അതനുസരിച്ച് നിങ്ങൾ ഹീനമായ അസഭ്യങ്ങൾ പുലമ്പുന്നു. അദ്ദേഹം പറഞ്ഞു, സത്യത്തിന്റെ തെളിവ് ഇതാണെങ്കിൽ എന്റെ മകനിതാ എന്റെ അടുക്കൽ നിൽക്കുന്നു. അവനായി ഞാൻ മറുഭാഗത്ത് ഒരു സ്റ്റേജ് കെട്ടാം. എന്നിട്ട് തെറി പറയുന്ന തിൽ അവനുമായി നിങ്ങൾ മൽസരിക്കുക. എന്നാൽ ഒരു നിബന്ധനയുണ്ടാ യിരിക്കും. അഥവാ എന്റെ മകൻ ജയിച്ചാൽ നിങ്ങൾ അമുസ്‌ലിമാകണം. ഇനി നിങ്ങളാണ് ജയിക്കുന്നതെങ്കിൽ എന്റെ മകൻ മുസ്‌ലിമാകും. കാരണം ചീത്ത പറയുകയല്ലാതെ മറ്റ് യാതൊരു തെളിവും നിങ്ങൾ ഉന്നയിക്കുന്നില്ല. മൗലവി സാഹിബ് സമ്മതിക്കാതിരുന്നത് അദ്ദേഹത്തിന്റെ ഭാഗ്യമായിരുന്നു. അല്ലായിരുന്നുവെങ്കിൽ അയാളുപയോഗിക്കുന്ന ഭാഷയ്ക്കു മുന്നിൽ മകൻ തോറ്റു പോയേനെ!

*(ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്),ഖുത്വുബ ജുമുഅ 02.11.84)*

ആരോഗ്യം





# വെള്ളം

ചൗധരി ഖാലിദ് സയഫുല്ലാഹ് ഖാൻ ആസ്ത്രേലിയ

## WATER





Dr Ferrydoon Batmanghelidj എന്ന അമേരിക്കൻ ഡോക്ടർക്ക് ഇറാൻ വിപ്ലവ കാലത്ത് വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട് രണ്ടര വർഷം ഇറാൻ തടവറയിൽ കഴിയേണ്ടി വന്നു. അവിടെ മുവ്വായിരത്തോളം തടവുകാർ ഉണ്ടായിരുന്നു. എന്നാൽ അവരുടെ ചികിൽസയ്ക്കായി ഉചിതമായ ഒരു സംവിധാനവും ഉണ്ടായിരുന്നില്ല. അക്കാരണത്താൽ വെള്ളവും ഉപ്പും ഉപയോഗിച്ചുകൊണ്ട് രോഗികളെ ചികിൽസിക്കാൻ അദ്ദേഹം നിർബന്ധിതനായി. വെള്ളവും മരുന്നായി ഉപയോഗിക്കാം എന്നതിൽ അദ്ദേഹം തന്നെ അൽഭുതപ്പെടുകയുണ്ടായി.




Dr Ferrydoon Batmanghelidj

തന്റെ പരീക്ഷണങ്ങളും അതിന്റെ ഫലങ്ങളും അദ്ദേഹം കൃത്യമായി രേഖപ്പെടുത്തിവെക്കാൻ തുടങ്ങി. (ഈ അനുഭവങ്ങളും പരീക്ഷണങ്ങളും പിന്നീട് Your Body's many cries for water എന്ന പേരിൽ ഗ്രന്ഥമായി പ്രസിദ്ധീകരിക്കുകയുണ്ടായി). അങ്ങനെ വേദനയും വിഷമവും ഉള്ള സന്ദർഭത്തിൽ രോഗികൾക്ക് ധാരാളം വെള്ളം കുടിപ്പിക്കുകയും ഉപ്പ് നാവിൽ വെക്കുകയും ചെയ്യുകയെന്ന 2000 വർഷം മുമ്പുള്ള ഇറാൻ വൈദ്യന്മാരുടെ അനുഭവങ്ങളെ സാക്ഷ്യപ്പെടുത്തുകയായിരുന്നു. അക്കാരണത്താൽ തന്നെ അദ്ദേഹത്തിന്റെ ശിക്ഷ ഇളവുചെയ്ത് അദ്ദേഹത്തെ മോചിപ്പിച്ചു.



**അദ്ദേഹം തന്റെ ഗ്രന്ഥത്തിൽ പറയുന്നു, ശരീരത്തിലെ ചില കെമിക്കൽസാണ് ശാരീരികപ്രവർത്തനങ്ങളെ ശരിയാക്കി നിർത്തുന്നത്. ധാരാളം വെള്ളം ലഭിച്ചാൽ മാത്രമേ അവയ്ക്ക് ശരിയായ നിലയിൽ പ്രവർത്തനസജ്ജമാകാൻ കഴിയൂ. ശരീരത്തിൽ വെള്ളം വിതരണം ചെയ്യുന്നതിനും അതിന്റെ പ്രവർത്തനങ്ങൾ ശരിപ്പെടുത്തുന്നതിനുമുള്ള സന്ദേശങ്ങൾ മസ്തിഷ്കത്തിൽ നിന്നും കൊണ്ടുവരുന്നത് Histamine എന്ന കെമിക്കലാണ്.**



Histamine




**ഈ പ്രവർത്തനമാണ് ശരീരത്തിന്റെ പ്രതിരോധ സംവിധാനത്തെ നിയന്ത്രിക്കുന്നത്. ശരീരത്തിൽ ഉചിതമായ നിലയിൽ വെള്ളം ഉണ്ടെങ്കിൽ മാത്രമേ ഇത് ശരിയായ നിലയിൽ പ്രവർത്തിക്കുകയുള്ളു.**

**ശരീരത്തിൽ വെള്ളത്തിന്റെ അളവ് കുറയുമ്പോൾ ഈ കെമിക്കലിന്റെ അളവ് ക്രമാതീതമായി വർദ്ധിക്കുകയും വായു സഞ്ചാരത്തിനുള്ള മാർഗങ്ങൾ അടയുകയും ചെയ്യുന്നു.**

തൽഫലമായി ശ്വാസകോശത്തിൽ കഫം രൂപപ്പെടുകയും അത് ശ്വാസതടസ്സത്തിന് ഹേതുവായി തീരുകയും ചെയ്യുന്നു. ഈ കഫത്തെ നേർപ്പിക്കാൻ ഉപ്പിന്റെ ആവശ്യമുണ്ട്. അത് കൊണ്ട് ആസ്ത്മ രോഗികൾ രോഗലക്ഷണങ്ങൾ കാണുമ്പോൾ തന്നെ ധാരാളം വെള്ളം കുടിക്കുകയും നാവിൽ ഉപ്പ് വെക്കുകയും ചെയ്യേണ്ടതാണ്.

വെള്ളം histamine ന്റെ അളവിനെ ക്രമപ്പെടുത്തുകയും, ഉപ്പ് ശ്വാസകോശത്തിലുള്ള കഫത്തെ നേർപ്പിക്കുകയും ചെയ്യുന്നുതാണ്.




Body Water Level

## Jamia Ahmadiyya Canada Convocation







## Tahir Hall Canada Inauguration














Chairman Management & Editorial Board : C. Zameem

Printer & Publisher : T.K.Mushtaq Ahmad
Manager : B.M.Shoukath Ali
Layout : Quraish

Chief Editor : H.Shamsuddin
Editor : T.K.Mubashir Ahmad
Members : T.M.Abdul Mujeeb, K.Najmuddin

Not for Sale, Circulation among members only

Views expressed in the publication are not nessessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad, for Majlis Khuddamul Ahmadiyya Kerala at Orange, Calicut